PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Thursday, *the 29th March 1951*

VOL. III] OFFICIAL REPORT [No. 16

The Assembly met at 11 O'clock on Thursday, the 29th March, 1951 in the Legislative Chamber, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(N.B.—The numbers in brackets indicate numbers in the list of admitted Questions for the day.)

Oral Answers

TANADAR IN THE FOREST DEPARTMENT

*1148. [1] **Sri. T. P. Sitaraman:** Will the Hon'ble Minister for Forest be pleased to state.—

(*a*) what is the minimum qualifications for tanadar in the Forest Department in erstwhile Cochin and Travancore; and

(*b*) is it a fact that some tanadars and watchers in Cochin Forest Department were not duly confirmed for want of particular height?

Chief Minister **(Sri. C. Kesavan):**

(*a*) No qualifications are prescribed for tanadars in the erstwhile Cochin Forest Department. There is no post by the name of tanadar in the erstwhile Travancore Government.

(*b*) Twelve watchers and one tanadar, who were confirmed and whose services were dispensed with subsequently for want of minimum girth and height, have been dispensed with.

Sri. T. P. Sitaraman: Were they subsequently reinstated?

Sri. C. Kesavan: It was at first considered that the rules regarding height and girth for guards and officers of the Forest Department were also to be observed in the case of tanadars, but later on it was on the advice of the Public Service Commission that it was decided that no such rules should be observed, and therefore they were reinstated.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഈ ടാണാദാർസിന്റെ നിയമനം നടത്തുന്നതു് ആരാണു്?

ശ്രീ. സി. കേശവൻ: ഗവമെന്റാണു്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: പബ്ലിക്ക് സർവ്വീസ് കമ്മീഷനാണോ അതോ ഗവമെന്റാണോ ടാണാദാർസിന്റെ നിയമനം നടത്തുന്നതു്?

ശ്രീ. സി. കേശവൻ: പബ്ളിക്ക് സർവ്വീസ് കമ്മീഷൻ.

ശ്രീ. എ. കെ. പാച്ചുപിള്ള: ടാണാദാരുടെ ജോലിയെന്താണു്?

ശ്രീ. സി. കേശവൻ: ഫാറസ്റ്റിലുള്ള ചില ചില്ലറ ജോലികളാണു്. ഗാർഡുമാരുടെ കീഴിലുള്ള ചില ജോലികളാണു് അവക്കുള്ളതു്. തിരുവിതാംകൂർ സർവ്വീസിൽ ടാണാദാരന്മാർ ഇല്ല. കൊച്ചിൻ സർവ്വീസിൽ ആണു് ഇതുള്ളതു്. സർവ്വീസ് ഇന്റിഗ്രേഷൻ കഴിയുമ്പോഠം രണ്ടു സ്ഥലത്തും ഒരേവിധത്തിൽ ആവുന്നതാണു്.

APPOINTMENT OF TEACHERS

***1149. [2] Sri. D. Gnanasigamoni :** Will the Hon'ble Minister for Education be pleased to state.—

(*a*) the number of managers of Secondary Schools who have applied to Government for appointment of teachers under the new scheme; and

(*b*) whether such appointments are made?

Minister for Food, Education and Labour **(Sri. T. K. Narayana Pillai) :**

(*a*) None, so far. Managers are not expected to apply to Government for the appointment of teachers.

(*b*) In view of the answer to part (*a*), this question does not arise.

കമ്മ്യൂണിസ്റ്റ് തടവുകാർ

*൧൧൫൦. †(൩) ശ്രീ. കണ്ണാറ ഗോപാലപണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ നവംബർ ൧൬-നുശേഷം കമ്മ്യൂണിസ്റ്റ് തടവുകാരിൽ ആരെയെങ്കിലും ജയിലിൽനിന്നും മോചിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെയെല്ലാം; എന്തു വ്യവസ്ഥയിന്മേൽ ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) : ഈ ചോദ്യം സംബന്ധിച്ച വിവരങ്ങൾ ചോദിച്ചിട്ട് പോലീസ് കമ്മീഷണർ സ്ഥലത്തില്ലാതിരുന്നതുകൊണ്ട് കിട്ടിയിട്ടില്ല. കമ്മീഷണർ ഇൻഡ്യൻ പ്രസിഡണ്ടിനോടുകൂടെ പോയിരിക്കുകയാണ്. അതുകൊണ്ടാണ് മുഴുവൻ വിവരങ്ങളും കിട്ടാഞ്ഞതു്. കിട്ടിയിടത്തോളം വിവരംവച്ച് മറുപടി പറയുന്നതു് ശരിയായിരിക്കുകയില്ല. അതുകൊണ്ടു മുഴുവൻ വിവരവും കിട്ടിയശേഷം മറുപടി പറയുകയായിരിക്കും ഉത്തമം എന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള : ജയിലിനെക്കുറിച്ചുള്ളതാണ് ചോദ്യം. ജയിലിൽനിന്നു് ആരെയെല്ലാം മോചിപ്പിച്ചു എന്ന വിവരം അറിയുന്നതിനു പോലീസ് കമ്മീഷണർ വേണ്ടല്ലോ ?

Sri. C. Kesavan : Instructions were given to the Inspector-General of Police to report to Government giving the information. His report has not yet been received. That is the real state of affairs. The member can put any interpretation on it.

കമ്മ്യൂണിസ്റ്റ് പ്രവർത്തകർ

*൧൧൫൧. †(൪) ശ്രീ. കണ്ണാറ ഗോപാലപണിക്കർ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

൧൯൫൦ നവംബർ ൧൬-നുശേഷം കമ്മ്യൂണിസ്റ്റ് പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ; ആരെയെല്ലാം ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) : ഇതും അതുപോലെ വിവരങ്ങൾ കിട്ടുവാനുള്ളതാണ്. അസംബ്ലി തീരുന്നതിനുമുമ്പ് കിട്ടുകയാണെങ്കിൽ അതിവിടെ സമർപ്പിക്കുന്നതാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിൽ ഇടപെട്ടിട്ടുള്ള എത്രപേരുടെ പേരിൽ കേസെടുത്തിട്ടുണ്ട് ?

ശ്രീ. സി. കേശവൻ : വിവരങ്ങൾ കിട്ടിയിട്ടില്ല എന്നു ഞാൻ പറഞ്ഞുവല്ലോ. അതു് കിട്ടിയിരുന്നുവെങ്കിൽ എത്രപേർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ

†Answers to question Nos. (3) and (4) were subsequently laid on the Table on 3rd April 1951.

പ്രവർത്തിച്ചിരുന്നുവെന്നും, അല്ലെങ്കിൽ എത്രപേർ കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിൽ വേണ്ട ഉപദേശം കൊടുത്തിരുന്നുവെന്നും കാണാമായിരുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിന്റെ പേരിൽ അറസ്റ്റ് ചെയ്തു തടങ്കലിൽ വച്ചിരുന്നവരെ മദ്രാസ്, കൽക്കട്ടാ മുതലായ ഹൈക്കോടതികൾ വിട്ടയച്ചിട്ടുള്ളതായി ഗവർമ്മെന്റിനറിയാമോ?

ശ്രീ. സി. കേശവൻ: അറിയാം.

കമ്മ്യൂണിസ്റ്റ് പ്രവർത്തകർ

*൧൧൫൨. (൫) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

കമ്മ്യൂണിസ്റ്റ് പ്രവർത്തകരിൽ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ കൂട്ടത്തിൽ കേസ്സെടുത്തു വിചാരണനടത്താതെ വെറും തടങ്കൽപുള്ളികളായി ഇരിക്കുന്നവർ ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഉണ്ട്. അവരുടെ പേർ അനുബന്ധമായി ചേർത്തിട്ടുണ്ട്. അത് മേശപ്പുറത്തുവച്ചിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഇത്രയും ആളുകളുടെ പേരിൽ കേസ്സെടുക്കാതെ തടങ്കലിൽവച്ചുകൊണ്ടിരിക്കുവാൻ നിയമമുണ്ടോ?

ശ്രീ. സി. കേശവൻ: രാജ്യത്തിലെ സമാധാനപാലനത്തിനുവേണ്ടിയാണ് അവരെ തടങ്കലിൽ വച്ചിരിക്കുന്നത്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: കേന്ദ്രഗവർമ്മെന്റിൽനിന്ന് വല്ല നിർദ്ദേശവും കിട്ടിയിട്ടുള്ളതനുസരിച്ചാണോ അവരെ തടങ്കൽ പുള്ളികളായി വച്ചുകൊണ്ടിരിക്കുന്നത്?

ശ്രീ. സി. കേശവൻ: അല്ല.

LIST PLACED ON THE TABLE IN ANSWER TO QUESTION 1152 (5)

Names of the communists now in detention

1. R. Sugathan
2. T. V. Thomas
3. V. A. Simon
4. P. G. Padmanabhan
5. V. L. Thomas
6. C. P. Elango
7. C. K. Velayudhan
8. V. K. Sreedharan (Kattachakonam)
9. C. G. Sadasivan
10. K. T. Jacob
11. K. R. Gouri
12. Sadanandan (Kattachakonam)
13. Balakrishnan Nayar
14. C. S. Ramakrishnan
15. K. Dass
16. N. Sivan Pillai
17. C. K. Kumaran
18. K. K. Kunjan
19. P. Fakeerkhan
20. P. Bhaskaran Nayar
21. Issae Stewart

ഗവർമ്മെണ്ടുവക തെങ്ങിൻതോപ്പ്.

*൧൧൫൩ †(൨) ശ്രീമതി ദേവകി ഗോപിദാസ്; താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലപ്പുഴ ഗവർമ്മെണ്ടുവകയായി ഒരു തെങ്ങിൻതോപ്പുണ്ടോ;

(ബി) അതിപ്പോൾ ആരുടെ കൈവശമാണ്;

---

†The question was put by Sri M. I. Paul with the permission of the chair.

(സി) അതിൽനിന്നു മരാണ്ടിൽ എന്താദായം കിട്ടുന്നു; അതിൻെറ മരാണ്ടത്തെ സംരക്ഷണ ചിലവ് എന്താണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ട്.

(ബി) അവശസമുദായോന്നമന വകുപ്പിൻെറ കീഴിൽ.

(സി) എന്തു് ആദായം കിട്ടുമെന്നുള്ളതിനെക്കുറിച്ചു സൂക്ഷ്മവിവരങ്ങൾ കിട്ടിയിട്ടില്ല. സംരക്ഷണത്തിനു ഒന്നും ചിലവാകുന്നില്ല.

ശ്രീ. എം. ഐ. പാറം: നല്ലതങ്ക എന്ന സിനിമാപിക്ച്ചറിൽ ഈ തെങ്ങിൻതോപ്പിൻെറ നശിച്ച ഒരു ഭാഗം പ്രദർശിപ്പിച്ചിട്ടുണ്ട്. ആ സിനിമായിൽ കൂടിയെങ്കിലും അതിനെപ്പററി അറിയുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

Mr. Speaker: That quesion is disallowed.

ശ്രീ. എ. കെ. പാച്ചുപിള്ള: അതു് ആക്കെങ്കിലും പാട്ടത്തിനു കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അതിൽനിന്നു ഗവമ്മെണ്ടിനു വല്ല ആദായവും കിട്ടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആദായത്തിൻെറ പൂണ്ണ വിവരങ്ങളെ കുറിച്ചു ഇപ്പോൾ അറിയുവാൻ പാടില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അവിടെ വീടുകൾ കെട്ടിക്കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവിടെ വീടുകൾ കെട്ടുന്നതിനു ശ്രമം നടക്കുന്നുണ്ടു്.

ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപരിപാടികൾ

*൧൧൫൪ (൧൧) ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: താഴെകാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ —

(എ) ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപരിപാടികൾ എപ്പോഴെങ്കിലും ആവശ്യത്തിലധികമായിപ്പോകുന്നുണ്ടോ എന്നു് പരിശോധിക്കാറുണ്ടോ;

(ബി) അവർ സഞ്ചാരപരിപാടികൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തണമെന്നു നിഷ്കഷയുണ്ടോ;

(സി) ഫിഷറീസ് സൂപ്രണ്ടു് ൧൧—൨—൧൱൫൧ കൊണ്ടവസാനിച്ച ഒരു വർഷത്തിൽ എത്രദിവസം തൃശ്ശൂർ ഡിസ്ത്രിക്ടിലും എത്രദിവസംവീതം മററു മൂന്നു ഡിസ്ത്രിക്ടുകളിലും സഞ്ചരിച്ചിട്ടുണ്ടു്;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥൻ മേൽപ്പറഞ്ഞ ഒരു വർഷത്തിൽ എത്ര ദിവസം ആഫീസിൽ ഹാജരായിട്ടുണ്ടു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ:)

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) വടക്കൻ ഡിസ്ത്രിക്ടിൽ ൧൦൧ ദിവസവും മററു മൂന്നു ഡിസ്ത്രിക്ടുകളിലുംകൂടി ൭൯ ദിവസവും സഞ്ചരിച്ചിട്ടുണ്ടു്.

(ഡി) ൧൩൧ ദിവസം ആപ്പീസിൽ ഹാജരായിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു മാസത്തിൽ ഇത്രദിവസം സഞ്ചരിക്കണമെന്നുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങനെയുള്ളതായി അറിയുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: സഞ്ചാരം ആവശ്യത്തിലധികമായിപ്പോയിട്ടുണ്ടോ എന്നു പരിശോധിക്കുന്നതെങ്ങിനെയാണ്?

ശ്രീ. സി. കേശവൻ: ടൂർപ്രോഗ്രാം ഗവമ്മെൻറിലേയ്ക്കു അയക്കും. അതു ഗവർമ്മെൻറ് അപ്രൂവ് ചെയ്യണമെന്നുണ്ട്. ടൂർകഴിഞ്ഞാൽ അതിൻെറ റിപ്പോർട്ട് ഗവർമ്മെൻറിലേയ്ക്കു വരും. അപ്പോൾ പരിശോധിക്കും.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപരിപാടികൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യമില്ലെന്നാണോ ഗവർമ്മെൻറിൻെറ വിചാരം?

ശ്രീ. സി. കേശവൻ: ആവശ്യം ഇല്ലെന്നു പറഞ്ഞില്ല. അതു് നിർബ്ബന്ധമല്ല എന്നാണു് പറഞ്ഞതു്.

മത്സ്യവ്യവസായികൾക്കു് സൌജന്യം

*൧൧൫൫ (൧൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെകാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) നമ്മുടെ സ്റ്റേറ്റിലുള്ള മത്സ്യവ്യവസായികൾക്കു നൂൽവിലയിൽ ൨൫ ശതമാനം കുറവുചെയ്തു കൊടുക്കുന്നതിനു ഗവർമ്മെൻറ് ആലോചിക്കുന്നുണ്ടോ;

(ബി) നമ്മുടെ സ്റ്റേറ്റിലുള്ള മത്സ്യവ്യവസായികൾക്കു ഇത്തരം സൗജന്യം ആവശ്യമാണോ എന്നു ഗവർമ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും, വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) നൂൽ വിലയിൽ കുറവുചെയ്തുകൊടുക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചനയില്ല.

(ബി) നൂൽവിലയിൽ സൗജന്യം ചെയ്തുകൊടുക്കുന്നതു മത്സ്യവ്യവസായികൾക്കു ഉപകാരപ്രദമായിരിക്കും. ഇപ്പോൾ ആവശ്യമുള്ള നൂൽതന്നെ കിട്ടുവാൻ പ്രയാസമായിരിക്കുന്നതിനാൽ വില കുറയ്ക്കുന്നകാര്യം ഇപ്പോൾ ആലോചിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്. മദ്രാസിൽ മത്സ്യവ്യവസായികൾക്കു നൂൽ വിലകുറച്ചു കൊടുക്കുന്നതായി ഗവമ്മെൻറിനു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ചൂണ്ട ഉപയോഗിച്ചു മത്സ്യം പിടിക്കുന്നവരെ മത്സ്യവ്യവസായികളുടെ കൂട്ടത്തിൽ പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അവരേയും മത്സ്യവ്യവസായികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി അവർക്കും നൂൽ സൗജന്യവിലയ്ക്കു കൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ സംഘടിപ്പിച്ചിട്ടുള്ള ഒരു വ്യവസായം ഉള്ളതായി അറിഞ്ഞുകൂടാ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: നെയ്യാററിൻകരയിൽ ചില സ്ഥലങ്ങളിൽ വളരെ അധികം ആളുകൾ സംഘടിച്ചുനിന്നു് ആ വ്യവസായം നടത്തിവരുന്നതായി ഗവമ്മെൻറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതിൽനിന്ന അങ്ങനെയുള്ള വ്യവസായികൾ ഉണ്ടെന്നുള്ളകാര്യം ഗവമ്മെൻറു ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

LETTER FROM THE SECRETARY TO THE COCHIN COCONUT GROWERS' ASSOCIATION.

***1156. (13) Sri. M. I. Paul:** Will the Hon'ble Minister for Agriculture be pleased to state:

(*a*) whether the Government have received from the Secretary to the Cochin Coconut Growers' Association a letter dated the 10th March 1951;

(*b*) if so, what are the suggestions made by him in that letter and what action the Government have taken on those suggestions?

Minister for Food, Education and Labour **(Sri. T. K. Narayana Pillai):**

(*a*) and (*b*) Yes; a letter was received only on 27—3—1951. Hence, further information is not available at present.

തുണി

*൧൧൫൭. (൧൪) ശ്രീ. എസ്സ്. ശിവരാമനാശാരി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട സിവിൾസപ്ലൈസുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

കൊല്ലത്തും മററു ചില സ്ഥലങ്ങളിലും ജനങ്ങൾക്കു് ധരിക്കുന്നതിനുള്ള ഒററ വസ്ത്രംപോലും മൂന്നും നാലും മാസക്കാലമായി കിട്ടുന്നില്ല എന്നുള്ള പരാതി ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): മൽ, കോറ മുതലായ തുണികൾ കിട്ടുവാൻ ഇപ്പോൾ വിഷമമുണ്ടെന്നു് ഗവമ്മെൻറിനറിയാം.

ശ്രീ. എസ്സ്. ശിവരാമനാശാരി: എപ്പോൾ ഈ ക്ഷാമം തീന്നു് തുണി കിട്ടും?

ശ്രീ. ടി. കെ. നാരായണപിള്ള: ഏപ്രിൽമാസത്തോടുകൂടി ഈ ക്ഷാമത്തിന്നു് പരിഹാരമുണ്ടാകുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു വസ്ത്രവും ഇല്ലെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ശരിയല്ല.

ശ്രീ. പി. കെ. ഡീവർ: ഉള്ള തുണികൾ എങ്കിലും ശരിയ്ക്കു് ആളുകൾക്കു് വിതരണം ചെയ്യുന്നതിനു് ഗവമ്മെൻറു് എന്തെങ്കിലും ചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെക്കുറിച്ചു് ഗവമ്മെൻറു് വളരെ ഗൗരവമായി ആലോചിച്ചു വരികയാണു്.

ശ്രീ. സി. സി. പ്രസാദ്: സർ, ഞാൻ ഒരു പായിൻറു് ആഫ് ആർഡർ ഉന്നയിക്കുന്നു. ഞാൻ ഒരു ഷാർട്ടു് നോട്ടീസു് കുസ്റ്റ്യൻ അയച്ചിരുന്നു. ആ കുസ്റ്റ്യൻ ഇന്നലെ അൺസ്റ്റാർഡു് കുസ്റ്റ്യൻ ആയി ഗവമ്മെൻറു് അംഗീകരിച്ചിരുന്നു. എന്നാൽ ഇന്നലെ അതിൻെറ മറുപടി മേശപ്പുറത്തു് അന്വേഷിച്ചതിൽ കണ്ടില്ല. അതിൻെറ ഉത്തരം ഇതേവരെ കിട്ടിയിട്ടില്ല. ഇന്നലെ

അതിൻെറ ഉത്തരം കിട്ടുന്നതാണെന്നു് പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് ആ ഉത്തരം മേശപ്പുറത്തു് വയ്ക്കാതിരുന്നതു് ശരിയാണോ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യത്തിൻെറ ഉത്തരം തയാറാകുമ്പോൾ ഇവിടെ കൊണ്ടുവരുന്നതായിരിക്കും.

ശ്രീ. സി. സി. പ്രസാദ്: ഉത്തരം തയാറായി വരുന്നതിനു് എത്ര ദിവസം കാത്തിരിക്കണം?

മിസ്റ്റർ സ്പീക്കർ: ഉത്തരം തയാറാകുന്നതുവരെ കാത്തിരിക്കണം.

ശ്രീ. സി. സി. പ്രസാദ്: ഈ സെഷനിൽതന്നെ അതിനു ഉത്തരം തയാറായി കിട്ടുമോ?

മിസ്റ്റർ സ്പീക്കർ: ഈ സെഷൻ തീരുന്നതിനുമുമ്പു് അതിൻെറ ഉത്തരം തയാറായി വരികയാണെങ്കിൽ കിട്ടുന്നതായിരിക്കും.

ശ്രീ. കളത്തിൽ വേലായുധൻനായർ: ചോദ്യം അനുവദിച്ചു കഴിഞ്ഞു് ഇന്നദിവസം ഉത്തരം പറയുമെന്നു പറഞ്ഞാൽ ആ ദിവസംതന്നെ അതു് മേശപ്പുറത്തു വയ്ക്കേണ്ട ചുമതല മന്ത്രിമാർക്കു ഇല്ലയോ? എല്ലാ ദിവസവും മേശപ്പുറത്തു ഉത്തരം ഉണ്ടോയെന്നു അന്വേഷിക്കാൻ കഴിയുമോ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യം ഈ സന്ദർഭത്തിൽ ഉദിക്കുന്നില്ല. ഇവിടെ പ്രസ്താവിച്ചതു് അൺസ്റ്റാർഡ് ക്വസ്റ്റ്യനെപററിയാണു്.

ശ്രീ. സി. വി. ഇയ്യു: സർ, കഴിഞ്ഞദിവസം ഇതുപോലെയുള്ള ഒരു സംഗതി സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയുണ്ടായി. ഒരു അൺസ്റ്റാർഡ് ക്വസ്റ്റ്യൻ ഇന്നദിവസം ആൻസർചെയ്യണമെന്നു പറഞ്ഞിരുന്നുവെങ്കിലും അന്നേ ദിവസം അതിൻെറ ഉത്തരം മേശപ്പുറത്തു വച്ചിരുന്നില്ല.

മിസ്റ്റർ സ്പീക്കർ: അൺസ്റ്റാർഡ ക്വസ്റ്റ്യൻസും സ്റ്റാർഡ് ക്വസ്റ്റ്യൻസും അജണ്ടായിൽ കൊള്ളിച്ചിട്ടുള്ള ദിവസം ഉത്തരം തയ്യാറായിട്ടില്ലെങ്കിൽ ഉത്തരം സഭയിൽ തരുന്നതിനൊ മേശപ്പുറത്തു വയ്ക്കുന്നതിനൊ സാധിക്കുന്നതല്ല. ഉത്തരം തയാറാകുന്ന മുറയ്ക്കു മേശപ്പുറത്തു വയ്ക്കുന്നതാണു്. എന്നാൽ ഷാർട്ടു നോട്ടീസു് ക്വസ്റ്റ്യൻ ഏതുദിവസം ലിസ്റ്റിൽ കൊള്ളിച്ചിരിക്കുന്നുവൊ അന്നേദിവസം തന്നെ അതിലേക്കു ഉത്തരം തരുന്നതാണു്.

ശ്രീ. എം. ഐ. പാഠം: ഇന്നത്തെ അജണ്ടായിൽ എത്രാനും ചോദ്യങ്ങൾ മാത്രമെ ഉത്തരത്തിനായി വച്ചിട്ടുള്ളു. അതു് മെമ്പർമാർ ചോദ്യങ്ങൾ അയക്കാഞ്ഞിട്ടാണോ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യം ഇപ്പോൾ സംഗതമല്ല.

ശ്രീ. സി. സി. പ്രസാദ്: സർ, ഞാൻ ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതു് എനിക്കു വളരെ ഹൃദയവേദനയുള്ള ഒരു കാര്യമായതുകൊണ്ടാണു്. പിന്നോക്ക സമുദായക്കാർക്കുവേണ്ടി ഏകദേശം പതിനായിരം രൂപയോളം...............

Mr. Speaker: No more discussion about that. Has the Minister concerned to say anything on this?.

Sri. C. Kesavan: Yesterday there was a question on this subject. As the answer has not been furnished till now, I shall make arrangements for placing the answer on the table today.

Mr. Speaker: Answer to that question will be placed on the table today. ഉത്തരം കഴിഞ്ഞദിവസംതന്നെ വയ്ക്കാനുള്ളതായിരുന്നു. എന്നാൽ വച്ചതായി

കാണുന്നില്ല. ഉത്തരം ഇന്നുതന്നെ മേശപ്പുറത്തു വയ്ക്കുവാൻ ഏർപ്പാടു ചെയ്യുന്നുണ്ട്. അങ്ങനെ വച്ചില്ലെങ്കിൽ വിവരം സഭയെ അറിയിക്കാവുന്നതാണ്.

UNSTARRED QUESTION AND ANSWER

Answer to the following unstarred question No. 2 of the 28th March is laid on the table on the 29th March

ENQUIRY COMMITEE

124 [2] **Sri. C. C. Prasad:** Will the Hon'ble Minister for Backward Communities be pleased to state,—

(*a*) whether an enquiry committee was constituted by the Government to enquire and report the progress work of the grant-in-aid institutions that are working for the uplift of the Backward Communities (Scheduled Castes) of the State;

(*b*) what are the terms of reference of the committee,

(*c*) when was it constituted;

(*d*) is there any time limit for the submission of the report;

(*e*) has the report been submitted;

(*f*) how much amount was spent so far;

(*g*) when will the committee cease to function;

(*h*) what is the rate of allowance and mileage sanctioned to the committee;

(*i*) who are the members of the committee;

(*j*) were the scheduled caste M.L.As. consulted before constituting the committee?

Chief Minister **(Sri. C. Kesavan)**—(*a*) Yes.

(*b*) The terms of reference to the committee are given in the appendix:

(*c*) 21—7—1950.

(*d*) Yes.

(*e*) No.

(*f*) Rs. 6651—6—0 up to 21—3—1951.

(*g*) The period of the committee has already expired on 31—1—1951. But its report has not yet been received by the Government.

(*h*) The T.A. and D.A. admissible to the members of the Assembly.

(*i*) The members of the committee are.—

Sri E. Bhaskaran, M.L.A.
„ N. S. Kochukunju, M.L.A.
„ K. Kuttappan, M.L.A.
„ T. T. Kesavan Sastri, M.L.A.
„ R. Achuthan, M.L.A.

(*j*) The committee was constituted on the recommendation of the Advisory Committee for the uplift of Backward Communities.

Appendix

The terms of reference to the committee shall be the following:—

(1) What all spheres of activities of private institutions in the cause of Harijan uplift should, in the opinion of the committee, receive financial and other assistance from the Government;

(2) Do the institutions and organisations, which at present receive grants, deserve, help from the department;

(3) If they deserve, what should be the nature and extent of help to be rendered to them, and the time-limit;

(4) Should new institutions and organisations be awarded financial assistance;

(5) Should communal organisations be given help and if so, in what manner; and

(6) What should be the nature and extent of the control of the Department for the Advancement of Backward Communities over the institutions and organisations receiving help ?

BREACH OF PRIVILEGE REGARDING ARTICLE IN THE MALAYALI

മിസ്റ്റർ സ്പീക്കർ: ഇന്നലെ question of privileges നെപ്പററി സഭയിൽ പ്രസ്താവിക്കുകയുണ്ടായല്ലൊ. അതു സംബന്ധിച്ചു് ഇന്നു് ഒരു നോട്ടീസു് വന്നിട്ടുണ്ടു്.

It reads:

This is to give you notice under rule 58 of the Travancore-Cochin Legislative Assembly Rules that I intend raising a matter of privilege in regard to a passage in "The Malayali" dated 28—3—1951 under the caption 'എക്സിക്യൂട്ടിവിൽ നിന്നു് തുരുതുരെ രാജികൾ' extracted and given hereunder accusing the Speaker of partiality and otherwise reflecting on the character, conduct and action of the Speaker in the discharge of his duty as Speaker of this Assembly.

"പ്രധാനമന്ത്രി നാളത്തെ യാത്രമാററി വയ്ക്കുകയോ, കക്ഷിരഹിതൻ വല്ല മുട്ടന്യായങ്ങളും തപ്പിപിടിക്കുകയോ, ചെയ്യില്ലെങ്കിൽ നാളത്തെ സഭാനടപടികൾ സ്തംഭിച്ചുപോകാനിടയുണ്ടു്"

That is the passage extracted.

Sri C. V. Iyyu. May I know whether my position as Member has been usurped by anybody?

Mr. Speaker: No fear.

Sri C. V. Iyyu: I am afraid I belong to no party. Hence the question.

Mr. Speaker: The member need not have any anxiety on that account.

The rules relevant to the points raised are.—

"57. Subject to the provisions of these rules, a member may, with the consent of the Speaker, raise a question involving a breach of privilege either of a member, or of the House or of a Committee thereof.

58. A member wishing to raise a question of privilege shall give notice in writing to the Secretary before the commencement of the sitting on the day the question is proposed to be raised.

59. The right to raise a question of privilege shall be governed by the following conditions.—

(*i*) not more than one question shall be raised at the same sitting ;

(*ii*) the question shall be restricted to a specific matter of recent occurrence.

60. The Speaker, if he gives consent under Rule 57 and holds that the matter proposed to be discussed is in order, shall, after the questions and before the list of business is entered upon, call the member concerned, who shall rise in his place and, while asking for leave to raise the question of privilege, make a short statement relevant thereto :

Provided that where the speaker has refused his consent under Rule 57 or is of opinion that the matter proposed to be discussed is not in order, he may, if he thinks it necessary, read the notice of question of privilege and state that he refuses consent or holds that the notice of question of privilege, is not in order;

Provided further that the Speaker may, if he is satisfied about the urgency of the matter, allow a question of privilege to be raised at any time during the course of a sitting after the disposal of questions.

61. If leave under Rule 60 is granted, the question shall be referred to a Committee of Privileges on a motion made by the Leader of the House or any other member to whom he may delegate his function under this sub-rule."

So the discretion seems to be left to the Leader of the House.

Again Rule 72 reads

"Notwithstanding anything contained in these rules, the Speaker may refer any question of privilege to the Committee of Privileges for examination, investigation or report."

In regard to this matter it appears the only question before the House is whether the passage in question can be interpreted as casting a reflection on the Speaker, or so as to make it appear that the Speaker in his dealings, in his attitude and in his disposal of the business of the House is showing or has shown any partiality.

ഇതു വായിച്ചുനോക്കിയതിൽ "സി. കേശവൻ നാളത്തെയാത്ര മാററിവയ്ക്കുകയോ, കക്ഷിരഹിതൻ വല്ലമുട്ട ന്യായവും തപ്പിപ്പിടിക്കുകയോ," എന്നു പറയുന്നതിൽനിന്നും സ്പീക്കർ പക്ഷപാതം കാണിച്ചുവെന്ന് വെളിവാകുന്നില്ല. കക്ഷിരഹിതൻ വല്ല മുട്ടന്യായവും തപ്പിപ്പിടിച്ചാൽ എന്നു പറയുമ്പോൾ അങ്ങനെ സാധാരണ തപ്പിപിടിക്കുന്ന ഒരു പതിവ് ഉണ്ടെന്ന് അർത്ഥമില്ല. നേരെമറിച്ച് തപ്പിപിടിച്ചാൽ എന്ന പദപ്രയോഗം കൊണ്ട് അതു പതിവില്ലെന്നും അതു സ്പീക്കർ സ്വായത്തമാക്കീട്ടുള്ള ഒരു പ്രയോഗമല്ലെന്നും അർത്ഥമാക്കീട്ടുള്ളതായി വ്യാഖ്യാനിക്കേണ്ടതാണ്. 'കക്ഷിരഹിതൻ' എന്നു പറയുന്നത് സ്പീക്കറെ ഉദ്ദേശിച്ച് ആണെന്നുതന്നെ വിചാരിച്ചാൽ തന്നെയും പ്രസ്താവനയിൽ ആക്ഷേപസൂചകമായി ഒന്നും കാണുന്നില്ല.

Sri. P. Balakrishnan Tampi; Why should the Hon'ble Member Mr. Iyyu be perturbed over this? There are other people as well.

Mr. Speaker. The Member has no particular reason to feel vexed or aggrieved.

Sri C. V. Iyyu. Why should the Hon'ble Member presume that the passage referred to refers to the Speaker?

Mr. Speaker: If the reference in question applies to the member he may appropriate it.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: സർ, ഇതു സംബന്ധിച്ച് എനിക്ക് വേറൊരു കാര്യം പറയാനുണ്ട്. സ്പീക്കർ ലീഡർ സ്ഥാനത്തിന് ഒരു സ്ഥാനാർത്ഥിയായിരുന്നുവെന്നുള്ളതിനെ സംബന്ധിച്ച് ഇവിടെ വാദപ്രതിവാദം ഉണ്ടായപ്പോൾ സ്പീക്കർതന്നെ പറഞ്ഞു, സ്പീക്കർ ഒരു കക്ഷിയായിരിക്കുന്നതിൽ വിരോധമില്ലെന്നാണ് സ്പീക്കേഴ്സ് കോൺഫറൻസിൽ തീരുമാനിച്ചതെന്ന്. ആ നിലക്ക് 'കക്ഷിരഹിതൻ' എന്ന പ്രയോഗം സ്പീക്കറെ സംബന്ധിക്കുമോ, എന്നാണ് എന്റെ സംശയം.

മിസ്റ്റർ സ്പീക്കർ: ഞാൻ മുമ്പുപറഞ്ഞതുപോലെ കക്ഷിരഹിതൻ എന്നു പറഞ്ഞിരിക്കുന്നതു് സ്പീക്കറെ ഉദ്ദേശിച്ചായിരിക്കുമെന്ന് വിചാരിക്കാവുന്നതുകൊണ്ട് ആ നിലയിൽ റൂളിങ്ങ് കൊടുത്തിട്ടുള്ളതാണ്. ഞാൻ സ്പീക്കേഴ്സ് കോൺഫറൻസിൽവെച്ച് സ്പീക്കർ ഏതെങ്കിലും ഒരു കക്ഷിയിൽ പെടുന്നതിന് വിരോധമില്ലെന്ന് തീരുമാനിച്ചതായി പറഞ്ഞില്ല. ഞാൻ പറഞ്ഞതു്, കാൺട്രോവെഴ്സ്യൽ പാളിററിക്സിൽ സ്പീക്കർ ഇടപെടുന്നതു് ശരിയല്ലെന്ന് കാൺഫറൻസ് തീരുമാനിച്ചുവെന്നാണ്.

ശ്രീ. സി. വി. ഇയ്യു: സർ, കക്ഷിരഹിതൻ എന്നുപറഞ്ഞാൽ ഒരു പാർട്ടിയിലും അംഗമല്ലാത്ത ആൾ എന്നല്ലയോ അർത്ഥം?

മിസ്റ്റർ സ്പീക്കർ: ആ പദത്തെപ്പററി കൂടുതലായി വ്യാഖ്യാനിക്കേണ്ട ആവശ്യമില്ല.

Sri. D. Gnanasigamoni: The passage says that the Speaker is trying to find out 'മുട്ടന്യായം'. Evidently it is not 'ന്യായം' that he tries to find out. So it is an allegation of partiality on the Speaker.

മിസ്റ്റർ സ്പീക്കർ: 'മുട്ടന്യായം കണ്ടുപിടിക്കുക' എന്നുള്ളതു് സ്പീക്കറുടെ പതിവായ ഒരു പ്രത്യേകസ്വഭാവമാണെന്നു് അർത്ഥം വരത്തക്കരീതിയിൽ പ്രത്യക്ഷമായൊ പരോക്ഷമായൊ ഒന്നുംതന്നെ ഈ പ്രസ്താവനയിൽ ഉണ്ടെന്നു് വിചാരിക്കാൻ ന്യായമില്ല. മാത്രമല്ല മുട്ടന്യായങ്ങൾ കണ്ടുപിടിക്കുക എന്നുള്ളതു് സ്പീക്കർക്കു് സാധാരണവുമല്ല. ഉത്തരവാദിത്വം ഉള്ള പത്രങ്ങൾ ഈ സഭയുടെയും സ്പീക്കറുടെയും അന്തസ്സിനു് വിപരീതമായി വല്ല പ്രസ്താവനയും പുറപ്പെടുവിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് പ്രവർത്തിച്ചതെന്നു തോന്നുന്നുമില്ല. മാത്രവുമല്ല, ഇതൊരു വാദപ്രതിവാദ വിഷയമാക്കി പ്രിവിലേജ് കമ്മററിക്കു് അയക്കത്തക്കവണ്ണം ഉള്ള പ്രാധാന്യവും ഇതിലില്ല. അതുകൊണ്ടു് ഈ മോഷൻ വാദപ്രതിവാദം ചെയ്യുന്നതു് ശരിയായിരിക്കുമെന്നു് തോന്നുന്നില്ല. എന്നാൽ ഈ നിയമസഭയിൽ നടക്കുന്ന പരിപാടികളെക്കുറിച്ചു് ശരിയായ വിധത്തിൽ പ്രസിദ്ധപ്പെടുത്താതെ തെററായ അർത്ഥത്തിൽ ചില പത്രങ്ങൾ പ്രസിദ്ധം ചെയ്യുന്നതുകൊണ്ടു് പൊതുജനങ്ങളെ തെററിദ്ധരിപ്പിക്കാൻ ഇടവരുത്തുന്നുണ്ടു്. ഈവിധ പ്രവൃത്തികൾ തുടർന്നുകൊണ്ടു പോകാതിരിക്കാൻ പത്രങ്ങൾ ശ്രദ്ധിക്കേണ്ടതാണു്. അതിനായി പ്രത്യേകം ഒരു പത്രത്തിനെ എടുത്തു പറയുകയോ അല്ലെങ്കിൽ ഉപദേശിക്കയൊ ചെയ്യണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല.

Sri. K. S. Joseph: Sir, sometime ago I raised a question of privilege regarding a statement made in the "Deshbandhu." I wish to know what has happened to that question.

Mr. Speaker: The matter has been referred to the Committee of Privileges.

Sri. K. S. Joseph: May I know what has taken place?

Mr. Speaker: That is not a matter for discussion now.

Sri. K. S. Joseph: Has not this House a right to know what has happened about it?

Mr. Speaker: This House has every right to know that, but at the proper time.

Sri. K. S. Joseph: I raise this now because at the time when the matter was raised in this House, it was stated that the decision of the Committee would be made known to the House immediately.

Mr. Speaker: The question has been referred to the Committee. If the member wants any information about the matter he may obtain the same from the office or from me in my chamber.

ശ്രീ. എം. ഐ. പാൾ: സർ, ബഹുമാനപ്പെട്ട മെമ്പർ മി. ഇയ്യുവിനെ ഊളമ്പാറക്കയക്കണമെന്നു ഒരു പത്രത്തിൽ കണ്ട വാർത്തയെപ്പററി ഗവർമ്മെൻറിൽ നിന്നും വല്ല നടപടികളും ആ പത്ര ഉടമസ്ഥനോടു് എടുക്കാൻ നിശ്ചയിച്ചിട്ടുണ്ടോ?

Mr. Speaker: My answer to the previous question as to the occasion for asking for the information and the method of obtaining it applies to this question also.

VOTING OF DEMANDS FOR GRANTS

Demand XXXII—Extraordinary charges—*(cont.)*

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചു് ഗവർമ്മെണ്ടിന്റെ നയം, കൺട്രോൾ നിയന്ത്രണമുള്ള സാമാ

[Sri. T. K. Narayana Pillai]

നങ്ങളുടെ, പ്രത്യേകിച്ചു ഇരുമ്പ്, വസ്ത്രം മുതലായവയുടെ വിതരണത്തിലും സംഭരണത്തിലും ഉണ്ടായിട്ടുള്ള ക്രമക്കേടുകൾ ഇവയെ ഉന്നയിച്ചുകൊണ്ടു് ചില ഖണ്ഡനോപക്ഷേപങ്ങൾ ബഹു. ഏതാനും അംഗങ്ങൾ ഈ സഭയുടെ ശ്രദ്ധക്കു് വിഷയീഭവിപ്പിക്കയുണ്ടായി. ഗവമ്മെൻറിൻെറ നയം ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്ന വിഷയത്തിൽ എത്രമാത്രം കേന്ദ്രീകരിച്ചിട്ടുണ്ടെന്നു് ഇതിനകംതന്നേ വ്യക്തമാക്കിയിട്ടുണ്ടു്. ആഹാരസാധനങ്ങളെ സംബന്ധിച്ചിടത്തോളം നമുക്കു് ഏററവും ചുരുങ്ങിയ കാലത്തിനുള്ളിൽ സ്വയം പര്യാപ്തത കൈവരുത്താൻ സാധിക്കുമോയെന്നും അങ്ങനെ സാധിക്കണമെങ്കിൽ അതിലേക്കുവേണ്ടി എന്തു നടപടികളാണു് സ്വീകരിക്കേണ്ടതു് എന്നുമുള്ളതിനെപ്പററി നല്ലതുപോലെ ചിന്തിച്ചതിൻെറ ഫലമായിട്ടു് പ്രധാനമായി മൂന്നു സംഗതികളാണു് ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുള്ളതു്. നെടുംകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനു് ആവശ്യമായിട്ടുള്ള പരിപാടി ഗവമ്മെണ്ടു് എടുത്തുകഴിഞ്ഞിട്ടുണ്ടെന്നു് ഇവിടെ പ്രസ്താവിക്കയുണ്ടായി. എന്നാൽ ദേവികുളം, പീരുമേടു് മുതലായ സ്ഥലങ്ങളിൽ ഈ വക കൃഷികൾക്കു് വിട്ടുകൊടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ കൃഷിസംബന്ധമായി പറയത്തക്ക പ്രയോജനമൊന്നും ഉണ്ടായിട്ടില്ലെന്നു് പ്രസ്താവിച്ചതിൽ വലിയ പരമാത്ഥമുണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല. കാരണം ആ സ്ഥലങ്ങളിൽനിന്നും മൂന്നു ലക്ഷം മുതൽ ൪ ലക്ഷംപറ നെല്ലുവരെ വിളയിക്കാൻ സാധിച്ചിട്ടുണ്ടു്. അങ്ങനെ വിളയിച്ച നെല്ലിൽനിന്നും ഗവമ്മെണ്ടു് ൭൫, ൦൦൦ പറ നെല്ലു എടുത്തിട്ടും ഉണ്ടു്. അതുപോലെതന്നെ നെടുംകൃഷിക്കായി പത്തനാപുരം താലൂക്കിൽ വിട്ടുകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽനിന്നും ഗവമ്മെൻറു് ഗണ്യമായ തോതിൽ നെല്ലു എടുത്തിട്ടുണ്ടു്. ഈ കാരണങ്ങൾ വച്ചുനോക്കിയാൽ നെടുംകൃഷി സമ്പ്രദായം വിജയപ്രദമായി പ്രവത്തനം നടക്കുന്നുവെന്നു് കാണാൻ കഴിയും. പൊതുവെ കൃഷിക്കു വിട്ടുകൊടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളെപ്പററി ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. അവയെപ്പററി ഗവമ്മെൻറു് വേണ്ട അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണു്. വിട്ടുകൊടുക്കപ്പെട്ടിട്ടുള്ള ഭൂമികൾ ആരുടെയെല്ലാം കൈവശത്തിലിരിക്കുന്നുവോ അവരെയെല്ലാം ഒരു സഹകരണസംഘം മുഖേന സംഘടിപ്പിച്ചു് കൃഷി ചെയ്യണമെന്നാണു ഗവമ്മെൻറു് ഉദ്ദേശിക്കുന്നതു്. അതിലേക്കു് ഒരു സെക്രട്ടറിയെ നിയമിച്ചു് ആ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ഈ വക സഹകരണസംഘം കൃഷി പ്രവത്തനം നടത്തണമെന്നുമാണു് ഗവമ്മെൻറു് വിചാരിക്കുന്നതു്, ഈ വിധത്തിൽ ആഹാരകാര്യത്തെ സംബന്ധിച്ചിടത്തോളം സംഘടിതമായി ഐക്യമനോഭാവത്തോടുകൂടി കൃഷി ചെയ്യുന്നതായാൽ ഭൂമിവിതരണം സംബന്ധിച്ചു ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന പരാതികൾ ഇല്ലാതാകുന്നതിനു് വളരെ ഉപകരിക്കുമെന്നു് വിചാരിക്കുന്നു. രണ്ടാമതായി എനിക്കു പറയാനുള്ളതു് കട്ടുംകൃഷിയെപ്പററിയാണു്. ഈ കൃഷിയുടെ പ്രോത്സാഹനത്തിനും വികസനത്തിനും ആയി കൊച്ചിയുടേയും തിരുവിതാംകൂറിൻേറയും പല ഭാഗങ്ങളിലും ലിഫ്ററ് ഇറിഗേഷൻ സ്കീം ത്വരിതമായി പ്രവത്തനം നടത്തിവരികയാണു്. ചില പ്രത്യേക സ്ഥലങ്ങളിൽ വളം വിതരണത്തിനുവേണ്ടി നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടു്. അതുപോലെതന്നെ പുതിയതരം വിത്തുകൾ സഹായവിലക്കു് നൽകുന്നതിനും ചില പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. ഏകദേശം ഒന്നരലക്ഷം ഏക്കർ സ്ഥലത്തു് കട്ടുംകൃഷിചെയ്യണമെന്നു് നിശ്ചയിച്ചതിൻെറ ഫലമായി ഈവക സഹായസൌകര്യങ്ങൾക്കും പുറമെ ചില ഉദ്യോഗസ്ഥന്മാരെ ഈ കൃഷിയുടെ നടത്തിപ്പിനുവേണ്ടിയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയും നിയമിച്ചിട്ടുണ്ടു്. കൃഷിയിൽ താല്പര്യം പ്രക

ടിപ്പിക്കയും നല്ലതുപോലെ നിലം വിളയിക്കയും ചെയ്യുന്ന കർഷകന് പ്രത്യേക പാരിതോഷികം കൊടുക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതായിരുന്നതനുസരിച്ചു ആ വക സമ്മാനങ്ങളും കൊടുത്തിട്ടുണ്ട്. ഇങ്ങനെ കൃഷിയെ സംബന്ധിച്ചിടത്തോളം പൊതുജനങ്ങൾക്കുവേണ്ടി ഗവൺമെന്റ് ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ടെന്ന് അഭിമാനിക്കാൻ ധാരാളം തെളിവുകളുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ നടപ്പിൽ വരുത്തിയതിന്റെ ഫലമായി പല സ്ഥലങ്ങളിലും വിളവു ഇരട്ടിയായും, മൂന്നിരട്ടിയായും വർദ്ധിച്ചിട്ടുണ്ട്.

അടുത്തതായി പറയാനുള്ളത് ജി. എം. എഫ്. സംബന്ധിച്ചാണ്. ഇവ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ മുഴുവനും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. പല സ്ഥലങ്ങളിലും ഈ സ്കീം പ്രവർത്തിച്ചതിന്റെ ഫലമായി അതായത് വളം പുതിയ തരം വിത്തുകൾ ഇവ നൽകിയതിന്റെ ഫലമായി ഗണ്യമായ തോതിൽ ആഹാരസാധനങ്ങൾ വിളയിക്കാൻ സാധിച്ചിട്ടുണ്ടെന്ന് നിശ്ചയമായി പറയാൻ കഴിയും. പുന്നപ്ര, ആലപ്പുഴ, അമ്പലപ്പുഴ, വയലാർ, മുട്ടാർ ഈ സ്ഥലങ്ങളിൽ വളരെ വിപുലമായ തോതിൽ കൃഷി വർദ്ധിപ്പിച്ചിട്ടുള്ളതിനും പുറമെ കൃഷിചെയ്തിട്ടുള്ള സ്ഥലങ്ങളിൽനിന്നു പ്രതീക്ഷിച്ചതിൽ കൂടുതൽ വിളവെടുക്കാൻ സാധിച്ചിട്ടുമുണ്ട്. ഉദാഹരണമായി പുളിംകുന്നിൽ ഇതിനു മുൻപു ൫൫൦ മേനിയാണ് വിളവു എടുത്തിരുന്നതെങ്കിൽ ഈ ഗ്രോമോർ ഫുഡ് സ്കീം അനുസരിച്ച് ൧൦൦ മേനിവരെ വിളവെടുക്കാൻ സാധിച്ചിട്ടുണ്ട്. അത്തരത്തിൽ കടുംകൃഷിയെ സംബന്ധിച്ച് ഗവൺമെന്റിന് സാരമായ നേട്ടം ഉണ്ടായിട്ടുണ്ടെന്ന് പറയാൻ സാധിക്കും. പിന്നീട് ഗവൺമെന്റ് പ്രധാനമായി പ്രവർത്തിച്ചുവരുന്നത് കരിവുള്ള സ്ഥലങ്ങളിലെല്ലാം കരിവ് നിവാരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് നടപ്പിൽ വരുത്തുന്നതിനും പെസ്റ്റിൽനിന്നുള്ള ഉപദ്രവം ഇല്ലാതാക്കി വിളവിനെ രക്ഷിക്കുന്നതിന് ആവശ്യമുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുന്നതിലും ആണ്. കരിവ് ഒഴിവാക്കാൻ ഗവൺമെന്റ് പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. മൈനർ ഇറിഗേഷൻ വർക്ക്സ് എന്നുള്ള ഇനത്തിൽ ൫ൻ ൫൦–൫ ൫.ൽ ൩,൭൩ ൫ മൈനർ ഇറിഗേഷൻ വർക്ക് ഗവൺമെന്റ് സാംക്ഷൻ ചെയ്തിട്ടുണ്ട്. ഇതിൽ ൨,൭ ൧ ൪ വർക്ക് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ൫, ൦ൻ ൪ വർക്കിന്റെ പണി പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ ഭക്ഷ്യോല്പാദനവിഷയത്തിൽ തീർച്ചയായും ഗവൺമെന്റ് കാര്യമായി ചിലതെല്ലാം പ്രവർത്തിച്ചിട്ടുണ്ടെന്ന് നിഷ്പക്ഷബുദ്ധികൾ സമ്മതിക്കുമെന്നാണ് എന്റെ പരിപൂർണ്ണമായ വിശ്വാസം. പിന്നീട് ഇവിടെ പറഞ്ഞത് ഫുഡ് പ്രൊഡക്ഷൻ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചാണ്. ഫുഡ് പ്രൊഡക്ഷൻ ബോർഡിന്റെ അംഗങ്ങൾ ഇവിടത്തെ ഡിപ്പാർട്ടുമെന്റ് മേലധികാരികളാണ്. ഒരു ചെയർമാനുപുറമെ ഗവൺമെന്റ് ചീഫ് സെക്രട്ടറി, അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റ് മേലധ്യക്ഷൻ, കോവാപ്പറേറ്റീവ് രജിസ്ട്രാർ, ചീഫ് എഞ്ചിനീയർ മുതലായ പ്രധാനപ്പെട്ട എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും മേലധ്യക്ഷന്മാരെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഫുഡ്പ്രൊഡക്ഷൻ ബോർഡ് സംഘടിപ്പിച്ചിട്ടുള്ളത്. അങ്ങിനെ ഫുഡ് പ്രൊഡക്ഷൻ ബോർഡ് സംഘടിപ്പിച്ചിട്ടുള്ളത് ഫുഡ്പ്രൊഡക്ഷന് ആവശ്യമായ തീരുമാനങ്ങൾ എളുപ്പത്തിൽ എടുക്കുന്നതിനും അങ്ങനെ എടുത്തിട്ടുള്ള തീരുമാനങ്ങൾ എളുപ്പത്തിൽ നടപ്പിൽ വരുത്തുന്നതിനുമാണ്. ഫുഡ്പ്രൊഡക്ഷൻ ബോർഡിന്റെ രൂപീകരണത്തിന് മുമ്പാണെങ്കിൽ ഇതിനെ സംബന്ധിച്ചുള്ള എന്തെങ്കിലും ഫൈററം വകുപ്പിന് എന്തെങ്കിലും തീരുമാനം എടുക്കണമെങ്കിൽ അതിനെ

[Sri. T. K. Narayana Pillai]
സംബന്ധിച്ചുള്ള കടലാസ്സുകൾ മിക്കവാറും ഈ ഡിപ്പാർട്ടുമെൻറുകളിലെല്ലാം പോകേണ്ടതു് അത്യാവശ്യമാണ്. ചില കാര്യങ്ങളിൽ ചീഫ് എഞ്ചിനീയരുടെ അനുമതിവേണം. ചില കാര്യങ്ങളിൽ കോവാപ്പറേറ്റീവ് രജിസ്ട്രാരുടെ സമ്മതംവേണം. അതായതു് കോവാപ്പറേറ്റീവ് സൊസൈററി ആണ് പ്രവർത്തനം ഏറെറടുക്കുന്നതെങ്കിലും രജിസ്ട്രാരുടെ സമ്മതം ആവശ്യമാണ്. അങ്ങനെ പല ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാരുടെ അടുക്കൽ ഈ കടലാസ്സുകൾ പോയി പിന്നീട് സെക്രട്ടറിയേററിൽ വരുമ്പോൾ കാലതാമസം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു ബോർഡ് സംഘടിപ്പിക്കുന്നതിനു് ഇടയായിട്ടുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഫുഡ്പ്രൊഡക്ഷൻ ബോർഡ് സംഘടിപ്പിച്ചതിനുശേഷം പേപ്പറുകൾ ഒന്നും ഡിപ്പാർട്ടുമെൻറുകളിലേക്ക് അയക്കാറില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഫുഡ്പ്രൊഡക്ഷൻ ബോർഡിനുതന്നെ ഇതിനെ സംബന്ധിച്ചു് അവസാന തീരുമാനം എടുക്കുന്നതിനു് അധികാരമുണ്ട്. അതു് നടപ്പിൽ വരുത്തുന്നതിനു് അഗ്രിക്കൾച്ചറൽ, പി. ഡബ്ലിയു. ഡി. മുതലായ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർ ചുമതലപ്പെട്ടവരാണ്. ഈ വർക്കുകൾ സാംക്ഷൻ ചെയ്യുന്നതിനു് ഫുഡ്പ്രൊഡക്ഷൻ ബോർഡിനുതന്നെ അധികാരമുള്ളതുകൊണ്ടു് അവ ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാർക്ക് പോകേണ്ട ആവശ്യമില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: ബോർഡിനു് സാംക്ഷൻ ചെയ്യുന്നതിനു് അധികാരമുണ്ട്. ശരിതന്നെ, എന്നാൽ ഡിപ്പാർട്ടുമെൻറുകളിലേക്ക് അയച്ചു് റിപ്പോർട്ടുകൾ വരുത്തേണ്ട ആവശ്യമില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: റിപ്പോർട്ടുകൾ വരുത്തിയതിനുശേഷമാണ് ബോർഡുതന്നെ മീററു ചെയ്യുന്നതു്. ഇങ്ങനെ കാലതാമസത്തിനു് ഇടയാകാത്തവിധത്തിൽ അടിയന്തിരകാര്യങ്ങൾ അടിയന്തിരമായി നടപ്പിൽ വരുത്തുന്നതു് ആവശ്യമായതുകൊണ്ടാണ് ഇങ്ങനെ ഒരു ബോർഡ് സംഘടിപ്പിക്കുവാൻ ഇടയായിട്ടുള്ളതു്. എല്ലാ സ്ഥലങ്ങളിലും ഫുഡ് കമ്മീഷണർ ഉണ്ടെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന സംഗതിയാണ്. ഫുഡ്പ്രൊഡക്ഷനെ സംബന്ധിച്ചു് എല്ലാ ഡിപ്പാർട്ടുമെൻറുകളിലേയും പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും ഗ്രോമോർഫുഡ് സംബന്ധിച്ചുള്ള പ്രവർത്തനം കോവാർഡിനേററ് ചെയ്യുന്നതിനും ബോർഡിനെപ്പോലെയുള്ള ഒരു സെൻട്രൽ ഏജൻസി ആവശ്യമുള്ളതുകൊണ്ടാണ്, അതു് സഹായകം ആയിരിക്കുമെന്നുള്ളതുകൊണ്ടാണ്, ഗവമ്മെൻറ് ഇങ്ങനെ ഒരു ബോർഡ് സംഘടിപ്പിച്ചിരിക്കുന്നതു്. ബോർഡിൻെറ പ്രവർത്തനത്തിൽ കുറവുകളും കുററങ്ങളും ഉണ്ടെങ്കിൽ അതു് പരിഹരിക്കാവുന്നതും ഗവമ്മെൻറ് അതിനു് എപ്പോഴും സന്നദ്ധമായിരിക്കുന്നതുമാണ്. എന്നാൽ ഇങ്ങനെയുള്ള ഒരു ബോർഡ് കൂടുതൽ കാര്യക്ഷമമായ വിധത്തിൽ പ്രവർത്തനം നടത്തുമെന്നാണ് ഗവമ്മെൻറിൻെറ വിശ്വാസം.

ശ്രീ. സി. സി. പ്രസാദ്: യാതൊരു ജോലിയുമില്ലാതിരിക്കുന്ന റവന്യൂ ബോർഡിനു് ഇതിനെ സംബന്ധിച്ചുള്ള അധികാരങ്ങൾ കൊടുക്കുന്നതു നന്നായിരിക്കയില്ലേ?

Mr. Speaker: That question is disollowed.

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമുള്ള സാധനങ്ങൾ സംഭരിക്കുന്നതിലും അവ വിതരണം ചെയ്യുന്നതിലും പല ക്രമക്കേടുകളും ഉണ്ടെന്നു് ഇവിടെ

ടെ പറഞ്ഞ ചില ആക്ഷേപങ്ങൾക്ക് അടിസ്ഥാനമുണ്ടെന്ന് ഞാനും സമ്മതിക്കുന്നു. ഇരുമ്പ് മുതലായ സാധനങ്ങൾക്ക് പെർമിററു കൊടുക്കുന്നതിലും മററും വലിയ ആക്ഷേപങ്ങൾ ഉണ്ടെന്ന് ശ്രീമാൻ പാച്ചുപിള്ള അവർകൾ പറയുകയുണ്ടായി. ഇരുമ്പു മുതലായ സാധനങ്ങൾ ശേഖരിച്ചിട്ടുള്ളതിനെയും അവ വിതരണംചെയ്യു സമ്പ്രദായത്തേയും പററിയും ഉള്ള സ്ഥിതിവിവരക്കണക്കുകൾ ഞാൻ വായിക്കാം.

൧൯൫൦-ൽ നമുക്ക് അലോട്ടുചെയ്തിട്ടുള്ള ഇരുമ്പ് രണ്ടായിരം ടൺ ആണ്. പക്ഷെ കിട്ടിയതു് ൬൭൦ ടൺ മാത്രമാണ്. അതിൽ ൬൨൫ ടൺ വിതരണം ചെയ്തുകഴിഞ്ഞു. ൪൫ ടൺ ആണ് ഇനി ബാക്കി ശേഷിച്ചിട്ടുള്ളതു്. തിരുവനന്തപുരത്ത് ഇരുമ്പ് ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം ടൗണിൽ ൧൩൯൯ അപേക്ഷകൾ കിട്ടി. അതിൽ ൧൩൨൨ അപേക്ഷകൾ അനുവദിച്ചു. ൭൭ അപേക്ഷകളെ സംബന്ധിച്ച് ഉത്തരവു പാസാക്കിയിട്ടില്ല. കൊല്ലത്ത് ഇരുമ്പ് ആവശ്യപ്പെട്ടുകൊണ്ട് ൪൪൫ അപേക്ഷകൾ കിട്ടി. അതിൽ ൪൨൧ അപേക്ഷകൾക്ക് ഉത്തരവിട്ടു. ൨൪ അപേക്ഷകളിൽ ഉത്തരവു പാസാക്കിയിട്ടില്ല. കോട്ടയത്ത് ഇരുമ്പിനായി ൩൮൧ അപേക്ഷകൾ ലഭിച്ചു. അതിൽ ൩൬൭ അപേക്ഷകൾക്ക് ഉത്തരവിട്ടു. ൧൪ അപേക്ഷകൾക്ക് ഉത്തരവിട്ടില്ല. തൃശ്ശിവപേരൂരിൽ ൧൧൮൯ അപേക്ഷകൾ ലഭിച്ചു. ൧൧൬൬ അപേക്ഷകൾക്ക് ഉത്തരവിട്ടു. ൨൩ അപേക്ഷകൾക്ക് ഉത്തരവു പാസാക്കിയിട്ടില്ല.

ഇനി പൈപ്പിനെ സംബന്ധിച്ചാണെങ്കിൽ അവയെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ വായിക്കാം. ൧൯൫൦-ൽ നാൺ അഗ്രിക്കൾച്ചറൽ കോട്ടാ വകയിൽ അലോട്ടുചെയ്തിരുന്നതു് രണ്ടുലക്ഷത്തി ഇരുപത്തിരായിരം ഫീററ് ആണ്. നമുക്ക് കിട്ടിയതു് ഒരുലക്ഷത്തി എൺപത്തിനാലായിരത്തി മുന്നൂററി ഇരുപത്തിനാലു ഫീററാണ്. അനുവദിച്ചു കൊടുത്തതു് ഒരുലക്ഷത്തി നാല്പത്തിനാലായിരത്തി അഞ്ഞൂററി ഇരുപത്തിആറു ഫീററ് ആണ്. ബാക്കി അവശേഷിക്കുന്നതു് മുപ്പത്തി ഒൻപതിനായിരത്തി എഴുനൂററി തൊണ്ണൂററി എട്ട് ഫീററാണ്. അതിലേക്കുള്ള അപേക്ഷകളെ സംബന്ധിച്ചും ഉടനെ ഉത്തരവു പാസാക്കുന്നതാണ്. അതിനാൽ ഇരുമ്പു മുതലായ സാധനങ്ങളുടെ വിഷയത്തിൽ പല ക്രമക്കേടുകളും ഉണ്ടെന്ന് ഗവമ്മെൻറിന് ബോദ്ധ്യമായിട്ടില്ല.

Sri. D. Gnanasigamoni: You said that 2,000 tons were allotted to the state and only 677 and odd tons were received. What about the rest? Are we likely to get the remainder?

ശ്രീ. ടി. കെ. നാരായണപിള്ള: അതും അയച്ചുതരേണ്ടതാണെന്ന് ഇൻഡ്യാഗവമ്മെൻറിനോടു ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാ ഗവമ്മെൻറിൽനിന്നും നമുക്കു കിട്ടാത്തതു്, അവർക്ക് കിട്ടാത്തതുകൊണ്ടാണോ അല്ല അവർക്കു കിട്ടിയിട്ട് നമുക്കു തരാത്തതുകൊണ്ടാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇൻഡ്യാഗവമ്മെൻറിന് സ്റ്റാക്കു കിട്ടാത്തതുകൊണ്ടാണെന്നാണ് നമ്മെ അറിയിച്ചിട്ടുള്ളതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ക്വാട്ട അലോട്ടുചെയ്യുന്നതു് ഒരു മാസത്തേക്കോ ഒരു വർഷത്തേക്കോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണ ഒരു വർഷം പൂർത്തിയാകുമ്പോഴാണ്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ൧൯൫൦-ൽ അലോട്ടുചെയ്തത് ആ വഷം പൂത്തിയാകുന്നതുവരെ കിട്ടിയില്ലെങ്കിൽ ൧൯൫൧-ൽ അതിനാവശ്യമുള്ള നടപടി എടുക്കുകയോ അവരെ അറിയിക്കുകയോ മറ്റോ ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. ബാക്കിയും തരണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇരുമ്പ് ഏതെങ്കിലും അവശസമുദായക്കാർ കൃഷി ആവശ്യത്തിലേക്ക് അതായത് അവശസമുദായത്തിലുള്ള കൃഷിവേലക്കാർ കൃഷി ആവശ്യത്തിലേക്ക് പകുതി വിലക്ക് തരണമെന്ന് അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അപേക്ഷിച്ചിട്ടുണ്ട്. ചില അപേക്ഷകൾ ആവശ്യമനുസരിച്ച് അനുവദിച്ചിട്ടുമുണ്ട്.

തുണി സംഭരിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ചില ക്രമക്കേടുകളുണ്ടെന്ന് ആക്ഷേപമുണ്ടായിരുന്നു. ശ്രീമാൻ നടരാജപിള്ള അവർകൾ വസ്ത്രക്ഷാമം ഉണ്ടായതുതന്നെ ഗവമ്മെൻറിൻെറ, അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറിൻെറ അനാസ്ഥകൊണ്ടാണ്, അജാഗ്രതകൊണ്ടാണ് എന്നു സ്ഥാപിക്കുവാൻ ശ്രമിച്ചു. അജാഗ്രതയും അനാസ്ഥയും ഉണ്ടായിരിക്കാം എങ്കിലും വസ്ത്രക്ഷാമത്തിനുള്ള പ്രധാന കാരണം അതല്ലെന്ന് മി. നടരാജപിള്ളക്കും അറിയാവുന്നതാണ്. ഇവിടെ നാം ആവശ്യപ്പെട്ട രീതിയിലും തോതിലും വസ്ത്രങ്ങളും തുണിത്തരങ്ങളും കിട്ടുന്നതിന് നിവൃത്തിയില്ലാതായതുകൊണ്ടാണ് വസ്ത്രക്ഷാമത്തിന് ഇടയായിട്ടുള്ളത്. ശ്രീ. നടരാജപിള്ള അവർകൾക്കുതന്നെ അറിയാം എത്രകോടി ബെയിൽസ് തുണ് ൧൯൪൮-ലും ൪൯-ലും കയററുമതി ചെയ്യാൻ അനുവദിച്ചിട്ടുള്ളതെന്ന്. വെളിയിലുള്ള ചില കാൺട്രാക്ററുകളെ ബഹുമാനിക്കുന്നതാണെന്ന് ഇൻഡ്യാ ഗവമ്മെൻറ് പ്രഖ്യാപിച്ചിട്ടുണ്ടെന്നുള്ള സംഗതി ശ്രീ. നടരാജപിള്ളക്കും അറിയാവുന്നതാണ്.

Sri. P. S. Nataraja Pillai: May I know from the hon'ble Minister the actual number of bales that fell short of the quantity that was allotted for 1948-49? That is, I want to know the difference between the number of bales allotted for 1948-49 and 1949-50?

ശ്രീ. ടി. കെ. നാരായണപിള്ള: കണക്ക് ഇപ്പോൾ എൻെറ കൈവശമില്ല. കണക്കുകൾ നോക്കിയതിനുശേഷമാണ് ഞാൻ ഇതു പറയുന്നത്. ഇങ്ങനെ വസ്ത്രക്ഷാമം രാജ്യവ്യാപകമായ തോതിലാണ് ഇന്ന് നിലവിലിരിക്കുന്നത്. പക്ഷെ അത് തിരു-കൊച്ചിയെമാത്രം ബാധിക്കുന്ന ഒന്നല്ല. എല്ലാ പ്രാവിൻസുകളേയും എല്ലാ ഫെടകങ്ങളേയും ഒരുപോലെ അഭിമുഖീകരിച്ചുവരികയാണ്. അതിനാൽ ഇൻഡ്യാഗവമ്മെൻറിന് ഈ കാര്യത്തിൽ ഉത്തരവാദിത്വം ഉണ്ടെന്ന് ഞാനും സമ്മതിക്കുന്നു. ഇൻഡ്യാഗവമ്മെൻറിൻെറ കയററുമതിനയത്തിൽ ചില വ്യതിയാനങ്ങൾ വരുത്താതിരിക്കുന്നിടത്തോളം കാലം ഈ ക്ഷാമം തുടരുന്നതിനാണ് ഇടയുള്ളത്. എന്നാൽ സമീപകാലത്ത് ഇൻഡ്യാ ഗവർമ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നോട്ടിഫിക്കേഷനനുസരിച്ച് ഇൻഡ്യയിലുണ്ടാകുന്ന തുണിത്തരങ്ങളുടെ ൯൦ ശതമാനവും ഭാരതത്തിൽതന്നെ വിനിയോഗിക്കാൻ നിശ്ചയിച്ചിരിക്കുന്നതാണെന്ന് മനസ്സിലാകുന്നുണ്ട്. അതായത് ഈ വരുന്ന ഏപ്രിൽ മാസം മുതൽ അത്തരത്തിലുള്ള സ്ഥിതിഗതികളായിരിക്കും ഇവിടെ നിലവിലിരിക്കുന്നത് എന്നാണ് നോട്ടിഫിക്കേഷനിൽ പറയുന്നത്. നോട്ടിഫിക്കേഷൻ ഇതാണ്.

"No cotton textile mill in the Indian Union can, during the months of April, May and June, 1951, pack more than 10 per cent of its total packing for purposes of export out of India. A notification in the Gazette of India Extraordinary has been issued to this effect and the mills in the Indian Union have been instructed by the Textile Commissioner on these lines. The effect of this would be that 90 per cent of the total packings of mills during the coming three moths will be available to meet the needs of Indian consumers."

ഇതു് മാർച്ച് ൨൧-ാംതീയതിയിലെ നോട്ടിഫിക്കേഷനാണു്. ഏപ്രിൽ മാസം മുതൽ നമുക്കു് കൂടുതൽ സുലഭമായി തുണിത്തരങ്ങൾ കിട്ടാമെന്നാണു് പ്രതീക്ഷിക്കുന്നതു്. അതു കിട്ടിയാൽ ഉടൻതന്നെ വിതരണം ക്രമീകരിക്കുന്നതിനും നിശ്ചയിച്ചിട്ടുണ്ടു്. പക്ഷെ കപാട്ടാ സിദ്ധിച്ചില്ലെങ്കിൽ അപകടകരമാണെന്നു് ഞാനും സമ്മതിക്കുന്നു. ശ്രീ. നടരാജപിള്ള അവർകൾ ഇന്നലെ പുറപ്പെടുവിച്ച നിർദ്ദേശങ്ങളനുസരിച്ചു് ഇതിനു മുൻപുതന്നെ ഗവർമ്മെൻറു് ആലോചിച്ചുവരികയാണു്. മിക്കവാറും രണ്ടാഴ്ചക്കകം തുണിയുടെ വിതരണത്തിൽ മൗലികമായ വ്യത്യാസം നടപ്പിൽ വരുത്തണമെന്നു് ഗവർമ്മെൻറു് നിശ്ചയിച്ചു് കഴിഞ്ഞിട്ടുണ്ടു്. അതു് നടപ്പിൽ വരുത്തുകതന്നെ ചെയ്യും. അങ്ങനെയുള്ള വ്യത്യാസങ്ങൾ വരുത്തുന്നതോടുകൂടി എല്ലാ പൗരന്മാർക്കും ഒരു പോലെ അവരുടെ ആവശ്യം അനുസരിച്ചു് അല്ലെങ്കിൽ സപ്ലൈ പൊസിഷൻ അനുസരിച്ചു് തുണിത്തരങ്ങൾ കിട്ടുന്നതിനു് സാധിക്കുമെന്നാണു് ഗവർമ്മെൻറു് പ്രതീക്ഷിക്കുന്നതു്. ഹോൾസെയിലേഴ്സിനു ലഭിക്കുന്ന തുണിത്തരങ്ങളിലും അവർ റീട്ടെയിൽ വ്യാപാരികൾക്കു് നൽകുന്ന തുണിത്തരങ്ങളിലും കൺട്രോൾ ഏർപ്പെടുത്തണമെന്നും മററും ശ്രീ. നടരാജപിള്ള അവർകൾ പറഞ്ഞ അഭിപ്രായം ആദരണീയമാണു്. ഈ അടിസ്ഥാനത്തിൽതന്നെയാണു് ഗവർമ്മെൻറു് ചില ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ നിശ്ചയിച്ചിട്ടുള്ളതു്. സമീപകാലത്തുതന്നെ അതായതു് മിക്കവാറും ഏപ്രിൽമാസംതന്നെ ആവക ഉത്തരവുകൾ നടപ്പിൽവരുത്തുന്നതിനും ഷുഗ്ഗിനെ സംബന്ധിച്ചുള്ള റേഷൻ കാർഡുകൾ അനുസരിച്ചു് തുണിത്തരങ്ങൾ വിതരണം ചെയ്യുന്നതിനും ഗവർമ്മെൻറു് തീർച്ചയാക്കിക്കഴിഞ്ഞിട്ടുണ്ടു്. പിന്നീടു് നൂലിനെ സംബന്ധിച്ചാണു് എനിക്കു പറയുവാനുള്ളതു്. അതിനെ സംബന്ധിച്ചു് ഇതിനു മുമ്പു തന്നെ പറഞ്ഞിട്ടുണ്ടു്. അതിനെ സംബന്ധിച്ചും ചില പുതിയ പദ്ധതികൾ നടപ്പിൽ വരുത്തണമെന്നാണു് ഗവർമ്മെൻറു് ഉദ്ദേശിച്ചിട്ടുള്ളതു്. അതിൻെറ സപ്ലൈ പൊസിഷനും സമീപകാലത്തു് നന്നാകുമെന്നാണു് ഗവർമ്മെൻറുദ്ദേശിക്കുന്നതു്. ഈവക വിഷയങ്ങളിൽ അതായതു് ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്ന വിഷയത്തിലും തുണിത്തരങ്ങളുടെ സംഭരണം വിതരണം എന്നീ കാര്യങ്ങളിലും കാര്യക്ഷമമായി രാജ്യത്തിലെ എല്ലാ വിഭാഗം ആളുകൾക്കും ഈ സാധനങ്ങൾ ആവശ്യാനുസരണം ലഭിക്കത്തക്കനിലയിലുള്ള ഒരു പദ്ധതി സ്വീകരിച്ചു് അതു് നടപ്പിൽ വരുത്തണമെന്നാണു് ഗവർമ്മെൻറു് ഉദ്ദേശിക്കുന്നതു്. ഇതാണു് എനിക്കു് മൊത്തത്തിൽ പറയുവാനുള്ളതു്.

Sri. Paul Thaliath : Sir, I may be permitted to withdraw the cut motion moved by me.

The cut motion was by leave withdrawn.

The cut motions moved by Sri. K. K. Kannan and A. K. Patchu Pillai were put and lost.

The question that Government be granted a sum of Rs. 1,58,30,800 under Demand No. XXXII—Extraordinary charges was put and carried.

The grant was made

DEMAND No. XXV—INDUSTRIES (Rs. 38,66,000)

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** Sir, move for a grant of Rs. 38,66,000 under Demand XXV—Industries.

Minister for Finance, Law and Revenue **(Sri. A. J. John):** I second it.

ശ്രീ. എം. ഐ. പോൾ: ഞാൻ ഒരടിയന്തിരപ്രമേയത്തിനു നോട്ടീസ് അയച്ചിരുന്നു. അതു് ഏതുനിലയിലിരിക്കുന്നുവെന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: അതു് കൺസിഡർ ചെയ്തുകഴിഞ്ഞു.

ശ്രീ. എം. ഐ. പോൾ: അതു് അലൗ ചെയ്തോ ഇല്ലയോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: അതിനെപ്പറ്റി എന്തെങ്കിലും ഇപ്പോൾ പറഞ്ഞ് ഒരു വാദപ്രതിവാദം നടത്തണമെന്നുദ്ദേശിക്കുന്നില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: സർ, ചാത്തന്നൂരെ വഞ്ചി ക്ലേമൈൻസിനേയും പൊതുവിൽ വ്യവസായങ്ങളേയുംപറ്റി രണ്ടുവാക്കു് പറയണമെന്നാണു ഉദ്ദേശിക്കുന്നതു്. വഞ്ചിക്ലേമൈൻസ് ൧൧൨൪ മുതൽ ഗവർമ്മെൻറ് ഏറ്റെടുത്തു് ജോലി നടക്കാതെ കിടക്കുകയാണെന്നു ഈ സഭക്കു് ഇതിനകം തന്നെ അറിവുള്ളതാണല്ലോ. രണ്ടുലക്ഷത്തിൽ ചില്വാനം രൂപാ ഇതിനായി മുടക്കിയിട്ടുണ്ടു്. വളരെയേക്കർ സ്ഥലവും കെട്ടിടങ്ങളും ഇപ്പോൾ വൃഥാ കിടക്കുകയാണു്. അവിടെയാണെങ്കിൽ അസംസ്കൃതസാധനങ്ങൾ ധാരാളമുണ്ടു്. തൊഴിലാളികളും ധാരാളമായുണ്ടു്. യാത്രസൌകര്യങ്ങളും ഒട്ടും കുറവല്ല. എല്ലാത്തരത്തിലും ഈ വ്യവസായത്തിനു് പറ്റിയ ഒരു സ്ഥലമാണതു്. അതിനെ വീണ്ടും നടത്തിക്കൊണ്ടുപോകുന്നതിനു ഗവർമ്മെൻറ് ആലോചിച്ചതിൽ കുണ്ടറയുള്ള സിറാമിക്സ് വിദഗ്ദ്ധൻ അവിടെ അതു് നടത്തിക്കൊണ്ടു പോകുന്നതിനു് അസൗകര്യമുണ്ടെന്നു പറയുകയും അതനുസരിച്ചു് നടത്താതിരിക്കുകയുമാണു് ചെയ്യുന്നതു്. എനിക്കു കിട്ടിയ അറിവു് വച്ചുകൊണ്ടു് പറയുകയാണെങ്കിൽ കുണ്ടറയിലെ സിറാമിക്സ് വിദഗ്ദ്ധനു് ചാത്തന്നൂരു്. വഞ്ചിക്ലേമൈൻസു് നടത്തുന്നതിനു താല്പര്യമില്ലെന്നു മാത്രമല്ല എന്തോ വിപരീതാഭിപ്രായം ഉണ്ടോന്നാണു കാണുന്നതു്. അതുകൊണ്ടു് അദ്ദേഹത്തിൻറെ ഉപദേശത്തെ ആദരിക്കാതെ വേറെ എന്തെങ്കിലും നിഷ്പക്ഷനും സമർത്ഥനുമായ ഒരു സിറാമിക്സ് വിദഗ്ദ്ധൻറെ നിർദ്ദേശത്തിൽ ആ വ്യവസായം എടുത്തു നടത്തുകയാണെങ്കിൽ നമുക്കും നമ്മുടെ രാജ്യത്തിനും വളരെ ഉപയോഗപ്രദമായിരിക്കും എന്നാണു് എനിക്കു പറയാനുള്ളതു്. ഗവർമ്മെൻറിനു് വലിയ ഒരാദായം അതിൽ നിന്നു് ഉണ്ടാകുകയും ചെയ്യും. റിഫൈൻഡ് ക്ലേയുടെ ആവശ്യം എത്രമാത്രമാണെന്നു പറയേണ്ടതില്ല. അതിനാൽ ഗവർമ്മെൻറ് ഇതിലേക്കു് ഉടൻതന്നെ വേണ്ടതു ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ വകുപ്പിൻറെ ചാർജ്ജ് വഹിച്ചിരുന്ന ബഹുമാനപ്പെട്ട മന്ത്രി അവർകളെ ഒരു ഡെപ്യൂട്ടേഷനായി കണ്ടു് ഇതിനെപ്പറ്റി പറഞ്ഞിട്ടുള്ളതാണു്. അദ്ദേഹം അനുഭാവപൂർവ്വം വേണ്ടതു ആലോചിച്ചു ചെയ്യാമെന്നും പറഞ്ഞിരുന്നു. ഇനിയെങ്കിലും അതിലേക്കു വേണ്ടതു് ചെയ്യണമെന്നു അപേക്ഷിക്കുന്നു.

സർ, വ്യവസായങ്ങളെപ്പററി പറയുകയാണെങ്കിൽ വൻകിട വ്യവസായങ്ങളും കടിൽ വ്യവസായങ്ങളും ഈ രാജ്യത്ത് അഭിവൃദ്ധിപ്പെടുത്തേണ്ടതു് വളരെ ആവശ്യമാണ്. ഇവിടെ കൃഷികൊണ്ടുമാത്രം ജീവിക്കാൻ സാദ്ധ്യമല്ല. കൃഷി ചെയ്ത എത്ര സാധനമുൽപ്പാദിപ്പിച്ചാലും നമ്മുടെ ആവശ്യം നിവ്വഹിക്കാൻ സാധിക്കുകയില്ല. വ്യവസായംകൊണ്ടു മാത്രമേ നമുക്ക് വികസിക്കാൻ സാധിക്കുകയുള്ളു. അതിനു ജപ്പാനേയോ മററു പാശ്ചാത്യരാജ്യങ്ങളേയോ മാതൃകയായി സ്വീകരിച്ചു പ്രവർത്തിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അറിയിക്കുവാനുള്ളതു് അനന്തമായ അസംസ്കൃതസാധനങ്ങളും മററു സൗകര്യങ്ങളും നമുക്കുണ്ട്. വനവിഭവങ്ങൾ ധാരാളമുണ്ട്. പടിഞ്ഞാറു സമുദ്രം. നമ്മെപ്പോലെ വലിയ ഒരു കടലോര രാജ്യം ഭാരതത്തിൽ ഇല്ലെന്നുതന്നെ പറയാം. കടലിലുള്ള വിഭവങ്ങൾ അനന്തമാണ്. അതുപോലെതന്നെ നമ്മുടെ മിനറൽസിന്റെയും റബ്ബർ മുതലായ മററുസാധനങ്ങളുടേയും സ്ഥിതിനോക്കിയാൽ ഒരു വ്യവസായരാജ്യമായി ഉയന്നുവരാൻ നമുക്കു കഴിയുമെന്നുള്ളതിൽ പക്ഷാന്തരമില്ല. ഇവിടെ ഒരു കടിൽ വ്യവസായക്കമ്മററി ഈ ഗവമെന്റിൽ നിന്നും ഏർപ്പെടുത്തുകയും അവർ ഒരു ടെൻററററിവ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ ഫൈനൽ റിപ്പോർട്ടു കിട്ടിയതിനുശേഷം ഈ വിഷയത്തിൽ എന്തെങ്കിലും ആലോചിച്ചു ചെയ്യേണ്ടതാണ്. അതുപോലെതന്നെ ഇൻഡ്യാ ഗവമെന്റിൽനിന്നും ഒരു പ്ലാനിങ്ങ് കമ്മീഷനെ ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ പരിതസ്ഥിതിക്കനുസരിച്ച് ഏതെല്ലാംതരത്തിൽ രാജ്യത്തെ അഭിവൃദ്ധിപ്പെടുത്താൻകഴിയുമോ അതെല്ലാം ആ പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ചെയ്യുന്നതിനു്ശ്രമിക്കേണ്ടതാണ്. കടിൽ വ്യവസായങ്ങൾകൊണ്ട് നമ്മുടെ സാമ്പത്തിക ക്ലേശങ്ങളെ അകററുന്നതിനും ജനസമുദായത്തിനു മുഴവൻ ക്ഷേമം കൈവരുത്തുന്നതിനും കഴിയും. വലിയ വ്യവസായങ്ങൾ പലതും നാം ഈ രാജ്യത്തു തുടങ്ങിട്ടുണ്ട്. ഗവമെന്റിന്റെ മേൽ നോട്ടത്തിലും ചിലതെല്ലാം തുടങ്ങിയിട്ടുണ്ട്. പലതും വിജയകരമായി നടക്കുന്നുമുണ്ട്. എങ്കിലും വേണ്ടിടത്തോളം ശ്രദ്ധ പലതിലും ചെലുത്തിയിട്ടില്ല. കൂടുതൽ ശ്രദ്ധ അക്കാര്യങ്ങളിൽ പതിപ്പിക്കേണ്ടിയിരിക്കുന്നു. കടലിലെ വിഭവങ്ങൾ വളരെയാണെന്നു നമുക്കറിയാം. മത്സ്യം വളരെ ആവശ്യമുള്ള ഒരു സാധനമാണ്. വെസ്റ്റ് കോസ്റ്റ് ഫിഷറിസിൽ ഗവമെന്റ് ഷെയർ എടുത്തു് മത്സ്യം വദ്ധിപ്പിക്കുന്നതിനും ഷാർക്കലിവർ ഓയിൽ ഉണ്ടാക്കുന്നതിനും ഉദ്ദേശിച്ചിരുന്നു. എന്നാൽ ഈ അടുത്ത കാലത്തു് ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞതു് ഗവർമ്മെന്റിന്റെ ആഭിമുഖ്യത്തിൽ തന്നെ ഒരു കമ്പനി ഷാർക്കലിവർ ഓയിൽ ഉൽപ്പാദിപ്പിക്കുന്നതിനു തുടങ്ങിയിരിക്കുന്നുവെന്നാണ്. വെസ്റ്റ് കോസ്റ്റ് ഫിഷറിസിൽ വളരെ പണം മുടക്കിട്ട് ഗവർമ്മെന്റ് എന്തുകൊണ്ടാണ് അതിനെ കാര്യക്ഷമമായി നടത്താൻ നോക്കാത്തതു്. അതിലേക്ക് ഗവർമ്മെന്റ് എന്തു ചെയ്തു എന്നറിയുന്നില്ല. വൻകിട വ്യവസായങ്ങൾ തുടങ്ങേണ്ടതാവശ്യംതന്നെ. എന്നാൽ അതിനു പണം മുടക്കിയാൽ അതു പ്രയോജനകരമാക്കിത്തീക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ ആഹാരപ്രശ്നത്തെ വളരെ സഹായിക്കുന്ന ഒന്നാണു മത്സ്യം. വളരെ മത്സ്യങ്ങൾ നമുക്ക് കൂടുതലായി ഉണ്ടാക്കാൻ കഴിയും. കടലിൽനിന്നു കിട്ടുന്ന മത്സ്യം കൂടാതെ കായലിലും മത്സ്യം വളത്തി കൂടുതലുണ്ടാക്കാൻ കഴിയും.

നെയ്ത്തു തൊഴിൽ രാജ്യത്തെ രണ്ടാമത്തെ കടിൽ വ്യവസായമാണ്. അതിലേക്കു വേണ്ടതു ഗവർമ്മെന്റ് അടിയന്തിരമായി ചെയ്യുന്നുണ്ടെന്നറിയുന്നതിൽ സന്തോഷിക്കുന്നു.

[Sri. P. Kunjikrishnan

നിസ്സാരമായ ഒരു കാര്യമാണെന്നു തോന്നുമെങ്കിലും കോഴിവളർത്തൽ ഒരു നല്ല വ്യവസായമാണ്. മുട്ട എല്ലാവർക്കും ആവശ്യമുള്ളതും രാജ്യത്തിനു പുറത്ത് നല്ല മാർക്കറ്റുള്ളതുമാണ്. അതിൽ ഗവർമ്മെന്റു മുൻകയ്യെടുത്തു പ്രവർത്തിക്കുകയാണെങ്കിൽ നമ്മുടെ ആഹാരപ്രശ്നം പരിഹരിക്കുന്നതിനുമാത്രമല്ല വളരെ പണം ഈ രാജ്യത്തു വരുത്താനും കഴിയും. കൊത്തുപണി, കടലാസിൽ ഉണ്ടാക്കുന്ന പലതരം കൗതുകപ്പണി മുതലായി ഇങ്ങനെ പലതരത്തിലുള്ള ചെറുപണികൾ ഇവിടെ ചെയ്യുവാൻ കഴിയും. അതുപോലെതന്നെ പനയിൽനിന്നു കിട്ടുന്ന സാധനങ്ങൾ ഉപയോഗിച്ച് പല കുടിൽ വ്യവസായങ്ങളും ഇവിടെ നടത്താൻ കഴിയും. ഇതിലേക്ക് ജപ്പാനിൽ നിന്നു ഒരു വിദഗ്ദ്ധനെ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നൊരു ചോദ്യം ഞാൻ കണ്ടു. വേണ്ടിവന്നാൽ അങ്ങനെ ഒരു വിദഗ്ദ്ധനെ വരുത്തുകതന്നെവേണം. ജപ്പാനിൽ നിന്നല്ലെങ്കിൽ ഡൻമാർക്കിൽ നിന്നു ഒരു വിദഗ്ദ്ധനെ വരുത്തിയാലും മതി. ഏതുവിധത്തിലായാലും കുടിൽ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുകതന്നെ വേണം. അതുകൊണ്ടുമാത്രമേ ഈ രാജ്യത്തു ജനങ്ങൾക്ക് ജീവിക്കുവാൻ സാധിക്കുകയുള്ളു. അതിലേക്ക് ഗവർമ്മെന്റ് വളരെ ഊർജ്ജിതമായും കാര്യമായും പ്രവർത്തിക്കേണ്ടതാണ്. അങ്ങനെ പ്രവർത്തിച്ചാൽ മാത്രമേ ഈ ഗവർമ്മെന്റിന് രാജ്യത്തിനു അഭിവൃദ്ധിയുണ്ടാക്കാൻ സാധിക്കുകയുള്ളു. അതിലേക്കു വേണ്ടതു പ്രവർത്തിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു തൽക്കാലം ഞാൻ വിരമിച്ചുകൊള്ളുന്നു.

Sri. P S. Nataraja Pillai: Sir, the net result of the working of the Ceramic Factory is not very encouraging. Though in 1949-50 for 7½ months the Government were able to realise nearly 80 thousand rupees, for the next year, in spite of an additional investment of seven lakhs of rupees the receipt came down to 48 thousand rupees. Why such a fall is a matter which has not been explained to this House.

There is a general feeling in the public that it is due to the labour problems in that factory and that labour trouble is due to the want of tactful management. Since the labour is not being properly handled there was labour trouble and the production fell consequently and the receipts also fell. Sir, the one peculiar feature which I want to point out is that for the installation of a tunnel kiln in the Ceramic Factory there was a provision of 15 lakhs of rupees in the last year's Budget and in the revised estimate it comes to 7 lakhs of rupees. That is the kind of estimate for work in the factory the departmental head is preparing. If he is an expert in that plant and if he knows the working of that kind of installation the estimate would have approximated with the actual expenditure. I speak subject to correction. Even now as far as this House is concerned we are not sure whether the kiln has been constructed or not. If it has not been constructed this year's Budget should have contained provision for that. As a matter of fact, in this year's Budget there is no provision for the construction of the kiln. Under no head is it provided except under the head "Maintenance and repairs of Factory, Machinery" and so on. Therefore Sir, it is evident that an estimate for 15 lakhs of rupees was prepared and submitted and when it was constructed it came to 7 lakhs of rupees. In spite of the additional equipment planted in that factory, production fell and consequently the receipts also fell from 80 thousand to 48 thousand rupees and that is the efficiency as it stands. I am told Sir, that the kiln now constructed is not very necessary too.

In this connection I would like to point out one other aspect also. Government have invested nearly, 2·13 lakhs of rupees in the Vanchi Clay Mines and this

year for working expenses 60,000 rupees has been provided for. It was admitted by the Treasury Benches in an answer to some interpellation that the Government were forced to take the Vanchi Clay Mines because the money advanced was not repaid and the only method of realising that amount advanced was by acquiring the company. In these matters I would like to be definitely enlightened whether this Government is consulting the Finance Committee before these commitments are made. Moneys are being advanced under various concerns, under various industries. Advances are made; it becomes impossible to get adequate returns; then the concern is acquired by Government as Government concern; and then further investments are made. Ultimately the whole thing ends in collossal failure and loss to this Government. After all in view of the past experience of this Ceramic Factory it is time to constitute a committee or to appoint an expert to examine thoroughly the working of the equipment and get a report and place it before this House. The Government may consider the future working on the basis of the discussion that may arise out of it. It is high time to do that. There is no meaning in making further investments of Government money in such concerns. The report should be published so that it may be available to the public and to this House so that the progress of these concerns may be made known to the public.

With these observations I resume my seat.

Mr. Speaker: We will go to 43—Industries and Supplies.

Sri. P. S. Nataraja Pillai: Sir, I move: "to reduce the allotment of Rs. 78,400 for Direction by rupee one."

The Industries Department is expected to control and advise Government on the industrial enterprises. Government have a general control over the industrial enterprises as a whole. Sir, on the advice of the Industries Department there are a number of industries owned and financed by this Government of which I had occasion to refer to the Ceramic Industry. Then comes the Rubber factory and the Plywood factory and the Minerals factory. Sir, the Budget provision here is also not uniform. You find the working expenses of the Plywood factory, the Ceramic factory and the Rubber factory in the Budget while that of the Mining industry is not included in this Budget. They claim only a lump sum for that. Why they did it, I am not in a position to understand. Sir, when they can give the working details of the Ceramic factory, the Plywood factory and the Rubber factory, why not they provide the same details for the Mining industry also.

One other aspect which I wish to place before this House is about the proposal to grant a loan of Rs. 33 lakhs to the industrial concerns. Out of this amount a sum of 9 lakhs is earmarked for the Rayons, and for the rest 24 lakhs; no details are given in the Budget. Sir, I think the procedure to grant by vote 24 lakhs of rupees, to the executive a lump sum to be given as they like, is very wrong. That ought not to be; because that will lead to so much of undesirable consequences. Sir, we had occasion to see these troubles in the case of the loan that was granted to the Alagappa Textiles. An amount of 9 lakhs of rupees is provided for the Rayons industry under the head 'loans'. The hon. Minister in his Budget speech did not make any specific reference to this matter. There is only a small paragraph in the speech which says that the Rayons factory, Cement factory, and Fertilizers are progressing. The investments that we have made during the years 1949-50 and 50-51 have not been specifically stated. The proposals to further finance these concerns are also not given. The policy of granting loans to private capital enterprises is not very wholesome. I can understand the Government giving encouragement to industries. But at the same time Government should consider

[Sri. P. S. Nataraja Pillai]

whether the country as a whole is benefited by such financing. As I am aware the Government is not exercising any control over the management of these private companies, the benefit derived is meagre. They have their nominated directors in these concerns. We hear so much of mismanagement in these factories and these directors are parties to it. As a matter of fact, in the working of the FACT there is the general complaint that the over-head-charges are very high and that the purchases and expenses are made at the discretion of the managing agents. If efficient management is carried on and good control is exercised by Government such irregularities can be avoided. When we are advancing money to industrial concerns, Government ought to have a legitimate control over the concerns. Unfortunately, that does not exist to-day. There is also the other scandal that in the present condition of demoralisation that exists in this country, these advances are not always made on an equitable or just or honest basis. Personalities come in the way or other influences are brought to bear and the results are undesirable and I don't want to go further than that. Even in the question of acquiring the mineral factories Government have done considerable injustice in a certain way. There were two factories working, one at Chavara and the other at Manavalakurichi. They closed down the Manavalakurichi factory. Only the factory at Chavara is now working. The prevailing talk in the country is that contracts are being issued for the supply of mineral sands in the Chavara factory and those contracts are given to patronize some people of rank in the ruling party and since the working of the factory at Manavalakurichi could not be subjected to that kind of benefit, that factory has been shut up. Thousands of people in that area are thrown out of employment. The State actively encourages some industry to help some individuals and at the same time actively discourages some industry at some other place. Sir, that kind of attitude on the part of the Government is too unjust and unjustifiable.

I once more emphasize Sir, that when industrial loans are to be granted to private companies, Government ought to do so only after taking a positive vote of this House by bringing a motion before this House for that specific purpose. The executive authorities should not be given the right to give loans as private bankers do. This House is entitled to know how the money is being spent. Therefore without a specific vote of this House no amount should be advanced to any concern. Even in the control of industries as a whole some definite policy must be adhered to before further investments are made.

Now the time has come to examine the working of all the state-owned and partially owned industrial concerns by an expert so that we may know to what extent we have progressed and what will be the prospects of these industries in the near future. I would once more request Government to get the report of an expert on the working of these concerns and place it before this House before any further advance of money is made.

Sri. N. D. Jose: I move "to reduce the total allotment of Rs. 38,66,000, under demand XXV by Re. 1".

Sir, time and again, it has been referred to both in the press and the platform that the food problem in the state is of primary concern. It has also been pointed out repeatedly that our population is growing at a tremendous rate and that there is not sufficient food for all the people. It has also been said and agreed to by many that, as far as this problem is concerned, there is not much available land left in the state to be cultivated. Therefore, Sir, it stands to reason that we should look elsewhere for our requirements. Fortunately, this is a maritime state, and it stands to reason that we should make use of marine fisheries for increasing the food

requirements of the people in this state. In speaking about this I want to accuse Government of callous indifference regarding this Department. I would go to the extent of saying that the Government have been criminally negligent about marine fisheries. Last year, H. H. the Rajpramukh made mention of fisheries in his speech and pointed out several improvements that were proposed to be made in the State. A sum of about Rs. 50,000 was also allocated in last year's budget for providing fishermen with salt for curing purposes, yarn for nets and timber for catamaran building. I want to point out that none of these schemes was properly dealt with last year. There was a proposal for cold storage plant. In Travancore there are nearly 100 fishing centres but there are only 20 fish curing yards for these 100 centers. It was also stated that the Government of India have promised to render sufficient help in this connection offering nearly fifty per cent for developing schemes. I do not know whether this offer has been made use of by this Government.

Sir, it is a long time since the fishing vessel *Chandrika* was floated. I am informed that the fishing season is from December to April. I do not know whether anything substantial has been done as far as developing of deep-sea fishing is concerned. There was a proposal from the fishermen that if Government is not able to make full use of this vessel, it may be given to the fishermen on rent or on loan basis so that they may be able to use this vessel for increasing the supply of fish. The vessel is now neither helping Government nor the fishermen.

Again, Sir, there was a proposal to construct a fish-curing yard at Cape Comorin. The Government of India offered help in this connection. We wish to know what has happened to this.

It is not necessary for me to dwell at length about the necessity for developing fisheries in the state. A Fisheries Committee was appointed. I understand, Sir, that certain recommenda ions were made by the Fisheries Committee for developing fisheries. I do not know whether any of those proposals have been implemented by the Government. Moreover, in this year's Budget and also in H. H. the Rajpramukh's speech particularly, no mention has been made about the developing of fisheries. I should also point out that sufficient attention has not been given to the development of this important department in the Budget. In this connection, I would like to point out that our fishing is carried on along age-old methods. It may be argued shat it is not practicable to modernise completely the fishing methods. But it may be possible to develop it along sufficiently seientific lines. Another recommendation of the Committee was to set up for this purpose a marine survey so that the fishing grounds may be located. Nothing has been done so far about this. As I pointed out earlier this is one of the most important conditions to the food-supply and offering to the poorer classes a balanced diet, tapioca plus fish, which is their diet, especially that of the labouring classes. Therefore, I request the Government to see to the development of marine fisheries.

Another point I would like to refer to is about the policy of the Government to take 50 per cent of the shares or to give industrial loans and thus promote industries. Government have been pursuing a policy whereby private capitalists and vested interests have been promoted. It may be admitted, Sir, that this Government has a certain impetus to develop the industry. Looking at the problem from another angle, I must point out that this has also given rise to the development of capitalism and retarding of certain other progressive tendencies in the economic field in this country. I want to point out, that either the Government must start the industry by themselves, that is, nationalise the industries like the

[Sri. N. D. Jose]

Transport Department,—which has not after all been such a failure as it is often represented to be—or the Government should take a major pro portion of the shares in such concerns and let the public take the other shares, that is, on a limited basis. One person or a few handfuls of persons should not be allowed to control industries in the State.

Another point I want to bring before this Government is the stoppage of work in certain factories in South Travancore. The Manavalakurichi monasite factory was offering employment to thousands of employees. That was also a source of development of ports around that country. Now, it is a long time since such a factory processing such an important items as monasite has been closed down, and the centre of industry has been shifted to North Travancore. Also, similarly, the Thuckalai Sugar Factory has been closed down. There is a proposal to shift the distillery from Nagercoil. I want to point out that such acts give rise (Bell) to a large amount of unemployment in South Travancore.

One more point I would like to mention, Sir, and that is about cottage industries. A preliminary report has been submitted. Sir, I want to point out that the main principle accepted by the Cottage Industries Committee is that of co-operation. It is to develop cottage industries on a cooperative basis. There was an opinion in that Committee that cottage industries in the State should be developed on co-operative lines. This is a matter which should merit the earnest consideration of this Government—whether cottage industries should be developed along capitalist lines, or whether they should be developed along co-opertive lines.

Sir, finally, I would like to say this. It is very difficult for us to pin the faults in any of these instances, either in fisheries; or in industries, or in any other particular field, on anybody, because every time we come to the Assembly session, we find a set of new Ministers occupying the benches. So, unless you believe that the Government continues on a stable basis, you cannot depend upon any particular Minister (Second bell)— In conclusion, I would say that since we have been having a number of political fishermen, there is a good deal of absence of development in fiisheries and other spheres in this country.

Sri. P. Balakrishnan Tampi: Sir, I wish to invite the attention of the House to a matter which had already been referred to by Mr. Nataraja Pillai. Sir, I am also of the view that these commercial conerns, in the interests of the state, could not be well served if they are just normally supervised by a modern state Government. We have sunk millions of rupees in commercial concerns. By no stretch of imagination could we say that any Gevernment is competent to supervise effectively or guide or advise an industry. Therefore, one important arrangement should have goine with any democratic form of Government should have been by an economic board,—a financial corporation with statutory powers. I mean that Government should constitute a financial advisory board or corporation, whatever it might be called, which should function independently of the fortunes of a political party or the fortunes of a Government. In a matter like fertilisers or ceramic industry, it is highly essential that one body, an expert body, consisting of men of experience, of technical knowledge and above all, of high integrity, should be watching the industry, and they should be enabled to work on the directorate, and if it is done, things will then be done more effectively. Our rupee, our investments, could be more zealously guarded than by the normal secretariat routine. For a moment, I do not wish to insinuate or suggest that Secretariat routine is harmful in the normal administrative matters, because the wit of man has not devised any other system for administrative efficiency; but industries, commercial concerns, are altogether of another category. The training that a Secretary

has or the secretariat may have, is not going to be of great assistance in the day-to-day administration of industries or commercial concerns. I think there was some proposal in the Centre also, and I believe in the United Kongdom also there is some concern which advises the Government. The butcher and the baker might come in and adorn the Treasury Benches; that is democracy. They may be men of highest character; they may command the largest number of votes, but that does not mean that they will be authorities in metallurgy, or engineering or ceramics. That is why they have wisely gone in for the provision of a statutory body which would advise them, which would direct them, Of course, certain Governments mightbe averse to do that, but about this Government I am confident,—you do not wish to extend any patronage or make it appear that they are dominating the whole show—that this Goverment would welcome the suggestion made by Mr. Nataraja Pillai, and which I also commend to the Government.

I am in general agreement with what Mr. Nataraja Pillai said, but I differ as to the degree of emphasis. Mr. Nataraja Pillai was suggesting that the executive should not have the control over making loans. Then, who else should have the control? Is it the Legislature or would it be left to His Lordship Kunjuraman and his colleagues in the Judiciary to make loans? Loans are always made by the Executive. and is it right that the Finance Committee should be the ultimate arbiters in that matter? Are members of the Finance Committee competent fiinancial advisers ? I, Sir, have served on the Finance Committee for about a dozen years. I do not claim to be a financier. The members of the Finance Committee are competent enough to advise "the Government in normal administrative matters, where finances have to be spent, divided or appropriated for normal administrative business. But not one of them would claim that a member of the Finance Committee is a financier. We want financial advisers, financial experts, to advise them, and I am sure that Government, even as it is now, should have taken the proper financial advice, proper legal advice, before advancing loans to these concerns.

Mr. Nataraja Pillai was complaining that loans are given to capitalists. To whom else could loans be given ? Is it to the poor man in the street that any Government or any private body will be inclined to give loans ? Government, in making loans, want to keep going the existing industries, and to encourage people to start new industries. On the whole, the industrial record of Travancore-Cochin State is something of which we can really be proud. During the last ten yea s, Alwaye has been turned into some sort of a new Birmingham or Manchester, and thanks to the wise policy pursued by this Government—this Government has been following the policy of the erstwhile Travancore State, and making Alwaye a real centre of industry. I am sure in the not distant future, in the next decade, next to Bombay on the west coast, Alwaye is going to be an important industrial centre. About industries, I think I am sure we have been successful; and especially after the disclosures in the Central Legislature regarding the Sindhri factory, the complaints and the grumblings I have had in my mind regarding the one at Alwaye have vanished. We have been comparatively very successful. We have started production a .d whatever mistakes we may have made in the past, it was a new ground. It was a matter of trial and error. We must have made mistakes, but after all we have succeeded in producing the one material which more than any other is wanted for the regeneration of India. In the same way, ceramics also are improving. Do not think of this lean year. The record of output and the progress made during the war years were fine. When wares were not available, during the war, our products were in great demand throughout India, and even today, I think we have not been able to make enough to cater to the growing demands of the

[Sri. P. Balakrishnan Tampi]

people. But you cannot, in an industrial sphere, take a particular month or year and say that that has been bad or that it has not been as good as it should be. We have to take a long range view of things and pass criticisms on them. As the Speaker has rightly advised this House not to hurl vituperative epithets against officers, nor to indulge in fulsome eulogies, I do not wish to say anything about the management of the ceramic factory except that it is being managed by a man who has been particularly trained both in our country and abroad for handling the work which he has done efficiently.

About labour troubles, Sir, to which Mr. Nataraja Pillai referred, I wish men of the status and eminence and integrity of Mr. Nataraja Pillai had exercised their moral control, moral influence over labours. I am yet to hear in the whole of India one labour leader saying that labour also should behave well, that it is the national duty of every labourer to work to the utmost, and give the utmost satisfaction before he presses his claim. Now, if it had been any person, other than Mr. Nataraja Pillai, I would have certainly said that it is only a piece of passing advice at the fag-end peroration of the socialist leader. In the case of Mr. Nataraja Pillai, I would certainly think that it is very sincerely and positively said, and he was right also, that but for the labour troubles in the factory, production would have been better. Where is leadership now available? Instead of saying that "സുവർണ്ണകാലം", "ഭാസുരകാലം" and all these things which I get from those bodies about the new social order, "പുതിയ വ്യവസ്ഥിതി", etc., where is the leadership, courageous leadership that will turn back and say, "You produce, behave well, you add to the production and then we will press your claims". Instead of that, we have got unfortunately in our country labour leaders who are following the labourers and not leading them. I think the new socialist ideology will be developed in this country under the leadarship of such an esteemed gentleman, of great renown and of great respectability like Mr. Thanu Pillai who will have the courage to face them. It is no credit to hurl epithets against the Government. It is real courage to turn back to labour and say, "You behave well and then I will advocate your cause". I do not wish to be lecturing. With these words, I oppose all the cut motions moved.

<u>സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്:</u> സർ, തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിന്റെ ഭാവി ഇവിടത്തെ വ്യവസായത്തിന്റെ അഭിവൃദ്ധിയെ ആശ്രയിച്ചാണിരിക്കുന്നതു് എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടെ വർദ്ധിച്ചുവരുന്ന ജനസംഖ്യക്ക് തക്കവണ്ണം ഇവിടെ കൃഷി ചെയ്യാവുന്ന ഭൂമി വർദ്ധിപ്പിക്കാമെന്നുവെച്ചാൽ അതു സാദ്ധ്യമല്ലെന്നും അതുപോലെ ഇവിടെ വിദ്യാഭ്യാസമുള്ള ആളുകൾ—

The House rose for lunch at 1 p.m. and reassembled at 2 p.m. with Mr. Deputy Speaker in the Chair

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: സർ, രാജ്യത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി ഇവിടത്തെ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തണമെന്നാണ് ഞാൻ പറഞ്ഞുവന്നതു്. അതായിരിക്കണം നമ്മുടെ ഗവർമ്മെന്റിന്റെ ലക്ഷ്യം. എന്നാൽ ഇന്നു എന്താണ് നടക്കുന്നതു്? എല്ലാ വ്യവസായങ്ങളേയും സ്തംഭിപ്പിക്കത്തക്കവണ്ണമുള്ള ഒരു നിലയാണ് ഇന്നു തിരുവിതാംകൂർ കൊച്ചി ഗവർമ്മെന്റ് കൈക്കൊണ്ടിരിക്കുന്നതു്. സർ, ഇവിടെ ഒരു വ്യവസായ ഡിപ്പാർട്ടുമെന്റുണ്ട്. ഇവിടത്തെ വ്യവസായാഭിവൃദ്ധിയ്ക്കു ആ ഡിപ്പാ

ർട്ടുമെൻറ് എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്നു നമ്മുടെ വ്യവസായമന്ത്രിയോടുതന്നെ ഞാൻ ചോദിക്കുന്നു. ഇവിടെ ഒരു സ്കൂൾ ആഫ് ആർട്ടസ്, ഒന്നുരണ്ട് കമേഴ്സ്യൽ സ്കൂളുകൾ, ഇങ്ങനെ ഏതാനും സ്കൂളുകൾ നടത്തുക എന്നുള്ളതിൽ കവിഞ്ഞു് വ്യവസായാഭിവൃദ്ധിക്കുവേണ്ടി ഈ ഡിപ്പാർട്ടുമെൻറിൽ യാതൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. പിന്നെ ഇവിടെ ആരാണ് ഇതിനെപ്പററി അന്വേഷിക്കാനും ഉത്തരവാദിത്വം വഹിക്കുവാനും ഉള്ളതു്? ഇതിലേയ്ക്കു ഉത്തരവാദപ്പെട്ടവരായി ഇവിടെ ആരുംതന്നെ ഇല്ല. നമ്മുടെ സെക്രട്ടറിയേററിൽ ഒരു ഡെവലപ്പുമെണ്ട് സെക്രട്ടറിയുണ്ട്. അദ്ദേഹത്തിനു മററു പല ജോലിതിരക്കുകളും ഉണ്ട്. തിരുവിതാംകൂർ ഗവൺമെൻറ് നേരത്തെതന്നെ ഏറെറടുത്തു നടത്തുന്നതും പണം മുടക്കിയിട്ടുള്ളതുമായ എല്ലാ വ്യവസായങ്ങളേയും വേണ്ടപോലെ അന്വേഷിക്കുന്നതിനും വേണ്ടപോലെ സൂക്ഷിക്കുന്നതിനും ഇവിടത്തെ ഉദ്യോഗസ്ഥന്മാർക്കും അധികാരികൾക്കും സമയമില്ല. മുമ്പ് ഇവിടെ ഒരു ഇൻഡസ്ട്രിയൽ ലയിസൺ ആഫീസർ ഉണ്ടായിരുന്നു. അദ്ദേഹം വളർന്നുവരുന്ന വ്യവസായങ്ങളെപ്പററി വേണ്ടപോലെ പഠിക്കുകയും അവയെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും അതിലേയ്ക്കു ആവശ്യമായ മററു പ്രവർത്തികൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്നു അങ്ങനെയൊരു ഉദ്യോഗസ്ഥനില്ല.

സർ, ഈ ആണ്ടത്തെ ബഡ്ജററുതന്നെ നമുക്കൊന്നു പരിശോധിക്കാം. ഗവൺമെൻറ് ഏറെറടുത്തു നടത്തുന്ന റബ്ബർ ഫാക്ടറിയിൽനിന്നും നാലര ലക്ഷം രൂപാ ആദായം പ്രതീക്ഷിക്കുന്നുണ്ട്. എന്നാൽ ആ ഫാക്ടറിയിലേയ്ക്കു ആഫീസറന്മാരുടേയും, എസ്റ്റാബ്ളിഷ്മെൻറിൻേറയും ശമ്പളം ഇനത്തിൽ ൪൦,൦൦൦ രൂപയാണ് കൊള്ളിച്ചിരിക്കുന്നതു്. ആ റബ്ബർ ഫാക്ടറിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി വല്ല എക്സ്പർട്ടുകളും ഉണ്ടോ? മററു പ്രത്യേക ഉദ്യോഗസ്ഥന്മാർ വല്ലവരും ഉണ്ടോ എന്നുള്ള കാര്യം സംശയമാണ്. അതുപോലെ ആഫീസറന്മാരുടേയും, എസ്റ്റാബ്ളിഷ്മെൻറിൻേറയും ശമ്പളത്തിനായി പ്ലൈവുഡ് ഫാക്ടറിയിൽ ൨൧,൩൦൦ രൂപയാണ് ചിലവാക്കാൻ ഉദ്ദേശിക്കുന്നതു് എന്നു് ബഡ്ജററുകൊണ്ടു കാണാം. അവിടെയും വിദഗ്ദ്ധോപദേശം നല്കുവാൻ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ എന്നറിവില്ല. മുമ്പൊരിക്കൽ ഒരു ചോദ്യത്തിനുത്തരമായി ഒരു ടിംബർ എക്സ്പർട്ടും വേറെ ഒരാളും കൂടിയാണ് ഈ ഫാക്ടറിയുടെ ഭരണം നടത്തുന്നതെന്നു് ഗവൺമെൻറുഭാഗത്തുനിന്നും പറയുകയുണ്ടായി. അവർതന്നെയാണോ ഇപ്പോഴും ഭരണം നടത്തുന്നതെന്നു നിശ്ചയമില്ല. ഞാൻ ആരെയും കുററപ്പെടുത്തി പറയുകയല്ല. ഇവിടത്തെ വ്യവസായാഭിവൃദ്ധിയെപ്പററിവേണ്ടത്ര ഉത്സാഹവും വേണ്ടത്ര ഗൌരവവും നാം പ്രദർശിപ്പിക്കുന്നില്ലായെന്നു് പറയുകയാണു, ചെയ്യുന്നതു്.

പഴയ തിരുവിതാംകൂർ ഗവൺമെൻറ് ആദ്യം ഏറെറടുത്തു നടത്തിയ വ്യവസായം പുനലൂർ പേപ്പർമില്ലാണ്. അതിൻെറ ഇപ്പോഴത്തെ നില എങ്ങിനെ ഇരിക്കുന്നുവെന്നു് നിശ്ചയമില്ല. അടുത്തതു കുണ്ടറയിലെ പോഴ്സെലയിൻ ഫാക്ടറിയാണ്. വലിയ പ്രത്യാശകളോടും പ്രതീക്ഷകളോടും വാഗ്ദാനങ്ങളോടും കൂടിയാണ് ആ വ്യവസായം ആരംഭിച്ചതു്. ലോകത്തിലേയ്ക്കു ഏററവും നല്ല കളിമണ്ണ് അവിടെനിന്നും കിട്ടുമെന്നും അവിടെ വാഷ് ചെയ്ത കളിമണ്ണു മാത്രം കയററി അയച്ചാൽ വലിയൊരു ലാഭം അതുകൊണ്ടുമാത്രം ഉണ്ടാകുമെന്നും അന്നത്തെ ഫിനാൻഷ്യൽ സെക്രട്ടറിയും ദിവാൻജിയും പറയുകയുണ്ടായി. രണ്ടുമൂന്നു ലക്ഷം രൂപ ചെലവാക്കി കളിമണ്ണ് വാഷ് ചെയ്യുന്നതിലേയ്ക്കാവശ്യമുള്ള ഷെഡുകളും പണിതു. പക്ഷേ ആ കെട്ടിടങ്ങൾ ഇപ്പോഴും ഉപയോഗശൂന്യമായി

[Sahib Bahadur K. A. Muhamed]

കിടക്കുകയാണ് ചെയ്യുന്നത്. യുദ്ധകാലത്തു വലിയ ഒരു ലാഭം ഉണ്ടാക്കാൻ കഴിയുമായിരുന്ന ആ വ്യവസായം നമുക്ക പ്രതീക്ഷപോലെ യാതൊരു ലാഭവുമില്ലാതെ വരികയാണുണ്ടായത്. അതിനുത്തരവാദി അന്നത്തെ ക്ലേ എക്സ്പർട്ട് ആയിരുന്ന മി. യോഗർസിങ്ങ് ആണ്. അദ്ദേഹവും ഗവൺമെൻറുമായി കുറെ കാലത്തേയ്ക്കു എന്തോ കൺട്രാക്ട് ഉണ്ടായിരുന്നുവെന്നും ആ കാലാവധി കഴിഞ്ഞാൽ പിന്നെ ഉണ്ടാകുന്ന ലാഭം മുഴുവനും ഗവൺമെൻറിനു ലഭിക്കുന്നതാണെന്നും അന്നു പറഞ്ഞിരുന്നു. പക്ഷേ കാലാവധി കഴിഞ്ഞിട്ടും പറയത്തക്ക ലാഭമൊന്നും അവിടെനിന്നും ഉണ്ടായിട്ടില്ലായെന്ന് കാണാവുന്നതാണ്. ഇവടത്തെ വ്യവസായ ഡിപ്പാർട്ടുമെൻറ് ശരിയായ നിലയിൽ പ്രവർത്തിക്കുന്നപക്ഷം മററു രാജ്യങ്ങളിലെപ്പോലെ വളരെ ലാഭകരമായ നിലയിൽ കളിമൺ പാത്രങ്ങൾ ഈ ഫാക്ടറിയിൽ നിർമ്മിക്കുവാൻ കഴിയുമെന്നാണ് എൻെറ വിശ്വാസം. എന്നാൽ ഇപ്പോഴാകട്ടെ ൧൯൭ പേരെ അവിടെനിന്നും ഉടനെ പിരിച്ചുവിടേണ്ടിവരുമെന്നു ഇന്നലെ ലേബർ സംബന്ധിച്ചുള്ള വാദപ്രതിവാദവേളയിൽ നമ്മുടെ വ്യവസായമന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ അവർക്ക് വേറെ ജോലി കൊടുക്കാമെന്നും പറഞ്ഞു. ഇവരെ പിരിച്ചുവിടാതെതന്നെയാണോ, ഇവർക്കു ജോലികൊടുക്കുവാൻ പോകുന്നതെന്നു അറിയുന്നില്ല. അതല്ലാ, പിരിച്ചുവിട്ടു കഴിഞ്ഞിട്ട് പിന്നെ എന്തെങ്കിലും ജോലി കൊടുക്കുവാനാണോ ഗവൺമെൻറ ഉദ്ദേശിക്കുന്നതെന്നും അറിഞ്ഞുകൂടാ.

സർ, കോൺഗ്രസ്സ് ഗവൺമെൻറ് ആദ്യമായി സംഘടിപ്പിച്ച അവസരത്തിൽ തന്നെ ആ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ള ഒരു കാര്യമാണ് ചാത്തന്നൂർ വഞ്ചിക്ലേമയിൻസ്. സർ. സി. പി. യുടെ കാലത്തു് ഏതോ ഒരു സ്വകാര്യവ്യക്തി ഈ ഫാക്ടറി ആരംഭിക്കുകയും ഗവൺമെണ്ടിലേയ്ക്കു ചെല്ലാനുള്ള സംഖ്യക്കുവേണ്ടി പിന്നീട് അതു ഗവൺമെൻറിലേയ്ക്കു എടുക്കുകയും ചെയ്തിട്ടുള്ളതാണ്. അങ്ങനെ എടുത്തുകഴിഞ്ഞിട്ട് ഇപ്പോൾ നാലഞ്ചുവർഷമായിരിക്കുന്നു. ഇവിടെനിന്നും ഉല്പാദിപ്പിക്കപ്പെടുന്ന ക്ലേ കുണ്ടറയിൽ കൊണ്ടുപോയി അവിടെ പാത്രങ്ങളുണ്ടാക്കാൻ സാധിക്കുമെന്നു അന്നു ഗവൺമെൻറ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ വഞ്ചിക്ലേമയിൻസ് അവിടെ ഇപ്പോഴും പ്രവൃത്തിശൂന്യമായി കിടക്കുന്നതേയുള്ളു. അതിൻെറ പ്രവർത്തനത്തിനായി ഈ ആണ്ടത്തെ ബഡ്ജററിൽ അറുപതിനായിരം രൂപാ കൊള്ളിച്ചിട്ടുണ്ട്. എന്തു ഉദ്ദേശത്തോടുകൂടിയാണു ഗവൺമെൻറ ആ തുക കൊള്ളിച്ചിരിക്കുന്നതെന്ന് അറിഞ്ഞുകൂടാ.

സർ, ഈയവസരത്തിൽ ഗവൺമെൻറിനോടു ഒരു കാര്യം വിനീതമായി എനിക്കു പറയുവാനുണ്ട്. ഒരു കച്ചവടമനോഭാവത്തോടുകൂടി ഈ വക സ്ഥാപനത്തിൽ ഗവൺമെൻറിനു പ്രവർത്തിക്കാൻ സാധിക്കുകയില്ലെങ്കിൽ വേറെ ആരെങ്കിലും ഇവ ഏറെറടുത്തു പ്രവർത്തിക്കുവാൻ പ്രാപ്തിയും, കഴിവും ഉള്ളവരായി ഉണ്ടോ എന്നു ഗവൺമെൻറ് വേണ്ട പരസ്യം ചെയ്തു അന്വേഷിക്കുകയും അവരെ ഈ സ്ഥാപനങ്ങൾ ഏല്പിക്കുകയും ചെയ്യേണ്ടതാണ്. ഗവൺമെൻറ എന്തെങ്കിലും ഒരു സ്ഥാപനം ഏറെറടുത്താൽ അതു മുന്നോട്ടുകൊണ്ടുപോകുമോ, അതില്ല. എന്നാൽ അതേപ്പററി ഒരു തീരുമാനം ഉണ്ടാക്കുമോ, അതുമില്ല. ഇങ്ങനെ അനിശ്ചിതമായ ഒരു നിലയിലാണ് ഗവൺമെൻറുവകയായുള്ള വ്യവസായസ്ഥാപനങ്ങളുടെ ഇന്നത്തെ നിലയെന്നു ചൂണ്ടിക്കാണിക്കേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു.

൧൯൫൧ ഏപ്രിൽ ഒന്നാംതിയ്യതിയാണ് ചവറയിലെ അസോഷ്യേററഡ് മിനറത്സ് കമ്പനിയിലെ ജോലി നിർത്തിവെച്ചത്. ആ ഫാക്ടറിയിലെ മെഷ്യനറികൾ പരിശോധിച്ചു കൂടുതൽ ഉല്പാദനത്തിനുവേണ്ടി കാര്യക്ഷമമായ

നടത്തിപ്പിനായിട്ടാണു അങ്ങനെ പ്രവർത്തനം നിർത്തിവെച്ചിരുന്നതെന്നാണു എന്റെ അറിവ്. എന്നാൽ അതിനെത്തുടർന്നു ഗവൺമെന്റ് ഫാക്ടറി എടുക്കാൻ പോകുന്നു എന്നും അതുകൊണ്ടു മാനേജ്മെന്റിനു ജോലി ചെയ്യിക്കുവാൻ നിവൃത്തിയില്ലെന്നും പറയുകയുണ്ടായി. സർ, ആ കമ്പനിയിൽ ഇന്നലെയോ, മിനിഞ്ഞാന്നോ ജോലി തുടങ്ങിയെങ്കിലേ ഉള്ളൂ. അതുവരെ ജോലി തുടങ്ങിയിട്ടില്ല. ധാരാളം ഡാളർ നമുക്കു സമ്പാദിക്കുവാൻ കഴിയുന്ന ഈ വ്യവസായത്തെ, ഗവൺമെന്റും മാനേജ്മെന്റും തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും എഴുത്തുകുത്തുകൾ നടത്തി ഇതുവരെ മന്ദീഭവിപ്പിച്ചതു് ഒരിക്കലും ശരിയായില്ല. ഏകദേശം ൧൦൦ ആളുകൾക്കു ഇതു നിമിത്തം ജോലിയില്ലാതെയായിത്തീർന്നിട്ടുണ്ടു്.

സർ, അപ്പോഴപ്പോൾ വരുന്ന പ്രശ്നങ്ങളെ ഏതെങ്കിലും വിധത്തിൽ അഭിമുഖീകരിക്കണമെന്നുള്ള നയം മാററി ഒരു പൂർണ്ണമായ ലക്ഷ്യത്തെ മുൻനിറുത്തി ഓരോ കാര്യവും കൈകാര്യം ചെയ്യുകയാണു വേണ്ടതു്. തിരുവിതാംകൂറിലെ ഒരു മഹാസമ്പത്താണു ഇവിടത്തെ ലോഹമണ്ണ്. ഇവിടത്തെ മണൽക്കമ്പനികളിൽ ഒരെണ്ണം ഗവൺമെന്റ് ഏറെറടുത്തുകഴിഞ്ഞു. മറെറാരെണ്ണം ഏറെറടുക്കുന്നതിനു ഗവൺമെന്റ് ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. അതേ അവസരത്തിൽ വേറൊരു ഫാക്ടറി ഇന്ത്യാഗവൺമെന്റ് ഏറെറടുക്കുന്നതിനും ആലോചിച്ചുവരുന്നതായി അറിയുന്നു. ഒന്നുരണ്ടു കമ്പനികൾ നാം എടുക്കുകയും അതേ അവസരത്തിൽ മറെറാരു കമ്പനി ഇന്ത്യാഗവൺമെന്റ് എടുക്കുകയും ചെയ്യുന്നതു എന്തിനാണ്? നാം ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണിതു്. ബീഹാറിലെ കൽക്കരിഖനി സംബന്ധിച്ചുള്ള കമ്പനികൾ അവിടത്തെ ഗവൺമെന്റ്കൾക്കും സ്വകാര്യവ്യക്തികൾക്കും നടത്താമെങ്കിൽ ഈ ലോഹമണൽക്കമ്പനികൾ എന്തുകൊണ്ടു നമുക്കു നടത്തിക്കൂടാ. ഒരിയ്ക്കൽ ഏതെങ്കിലും ഒരു കമ്പനി ഇന്ത്യാഗവൺമെന്റ ഏറെറടുത്തു നടത്തിത്തുടങ്ങിയാൽ കുറെ കാലം കഴിയുമ്പോൾ ഇതു് ഒരു സെൻട്രൽ ബഡ്ജററാണെന്നു പറഞ്ഞു മററു കമ്പനികൾകൂടി ഇന്ത്യാഗവൺമെന്റ് ആവശ്യപ്പെട്ടേക്കും. ഗത്യന്തരമില്ലാതെ ഗവൺമെണ്ടിനു ബാക്കി കമ്പനികൾകൂടി വിട്ടുകൊടുക്കേണ്ടതായും വരും. എത്ര ഭീമമായ തുകയാണ് അങ്ങനെ വരുന്നപക്ഷം നമ്മുടെ സ്റ്റേററിനുണ്ടാകുന്നതെന്ന് ആലോചിക്കേണ്ടതാണ്. അതുകൊണ്ട് ഇങ്ങനെ ഒരു പ്രപ്പോസൽ ഇന്ത്യാഗവൺമെന്റിൽനിന്നും ഉണ്ടായകാലത്തുതന്നെ അതിനെ നിരുത്സാഹപ്പെടുത്തുന്ന നടപടികളായിരുന്നു ഗവൺമെന്റ കൈക്കൊള്ളേണ്ടിയിരുന്നതു്. ഗവൺമെന്റ് ഈ വക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, നമ്മുടെ ഗവൺമെന്റ് നടത്തുന്നതും മൂലധനം മുടക്കിയിട്ടുള്ളതുമായ വ്യവസായസ്ഥാപനങ്ങൾ ആശാവഹമായി പുരോഗമിക്കുന്നുവെന്നു, സാധാരണയായി അസത്യവും അതിശയോക്തിയും പറയാൻ ആഗ്രഹിക്കാത്ത ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു ഏതായാലും സന്തോഷകരമാണ്. അദ്ദേഹം പറഞ്ഞിരിക്കുന്ന ആ പ്രസ്താവന ഈ ബഡ്ജററിനെ അടിസ്ഥാനപ്പെടുത്തി ആയിരുന്നുവെങ്കിൽ വളരെ കൂടുതൽ സന്തോഷകരമായിരിക്കുമായിരുന്നു. ഇവിടെ ശ്രീ. നടരാജപിള്ള അഭിപ്രായപ്പെട്ടതുപോലെ നമ്മുടെ സിറാമിക്ക് ഫാക്ടറിയുടെ പുരോഗതി എന്താണെന്നു നോക്കിയാൽ നമുക്കു കാണാൻ കഴിയുന്നതു്, കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി അതിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ആദായം കുറഞ്ഞുകുറഞ്ഞു വരുന്നുവെന്നുള്ളതാണ്. അതിനുള്ള കാരണം ശ്രീ. നടരാജപിള്ള പറഞ്ഞതു് ലേബർ സ്ട്രൈക്കു് ഉണ്ടായതുകൊണ്ടാണെന്നാണ്. എന്നാൽ അതിൽനിന്നും അടുത്ത കൊല്ലത്തിൽ പ്രതീക്ഷിച്ചിരുന്ന ആദായമായി കാണി

[Sri. Kaiathil Velayudhan Nair]

ച്ചിരിക്കുന്ന തുക, ഇക്കൊല്ലം റിവൈസ്ഡ് എസ്റ്റിമേററിൽ കാണിച്ചിരിക്കുന്ന തുകയേക്കാൾ കുറഞ്ഞിരിക്കുന്നതു ആലോചിക്കുമ്പോൾ അടുത്തകൊല്ലവും ലേബർ സ്ട്രൈക്കുണ്ടാകുമെന്നു ഗവമ്മെൻറ് പ്രതീക്ഷിക്കുന്നുവെന്നുവേണം വിചാരിക്കുവാൻ. ഇങ്ങനെ തുടർച്ചയായി ആദായക്കുറവു കാണുന്നതുകൊണ്ടു് മൗലികമായ എന്തോ തകരാറു് ഈ സിറാമിക്ക് ഫാക്ടറിക്കുണ്ടെന്നുള്ളതു് അവിതക്കിതമാണു്. അതിനെപ്പററി അന്വേഷണം നടത്തണമെന്നു എല്ലാ നിയമസഭായോഗങ്ങളിലും പറയാറുണ്ടെങ്കിലും അക്കാര്യത്തിൽ എന്താണു ഗവമ്മെണ്ടു ചെയ്യുന്നതെന്നു ഇതുവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പൊതുജനങ്ങൾക്കും ഈ നിയമസഭാമെമ്പറന്മാക്കും അതിൻെറ പ്രവത്തനത്തെപ്പററി അറിയാൻകഴിയുന്ന ഏക റിക്കാർഡു് ബഡ്ജററാണു്. ബഡ്ജററു് നോക്കിയാൽ ഇതിനെസംബന്ധിച്ചു കാണുന്ന പുരോഗതി ഈ ഫാക്ടറിയിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ മാത്രമാണെന്നുള്ളതു് പ്രസ്താവ്യമാണു്. ഇങ്ങനെ ശമ്പളത്തിൽ പുരോഗതിയും ഫാക്ടറിയുടെ പ്രവത്തനത്തിൽ അധോഗതിയും കാണുന്നതിനുള്ള കാരണം ആരായേണ്ടതാണു്. അതിനുത്തരവാദിയായ മന്ത്രി അടുത്തകൊല്ലമെങ്കിലും ഫാക്ടറിയുടെ പുരോഗതിക്കു വേണ്ട ഉറപ്പുതരുമെന്നു ഞാനാശിക്കുന്നു.

ബഡ്ജററുകൊണ്ടുനോക്കിയാൽ പുരോഗതികാണുന്ന മറെറാരു സ്ഥാപനം പ്ലൈവുഡു് ഫാക്ടറിയാണു്. ഈയവസരത്തിൽ ഒരു സംഗതി എൻെറ ഓമ്മയിൽവരുന്നു. കഴിഞ്ഞകൊല്ലം ഈ ഫാക്ടറിയിൽനിന്നും വളരെ ലാഭം പ്രതീക്ഷിച്ചു. ക്യാബിനററ് മേക്കിങ്ങ് എന്ന ഒരു പ്രസ്ഥാനം ഉണ്ടെന്നും അതിൽനിന്നും നാലുലക്ഷത്തിൽപരം രൂപാ ലാഭം ഉണ്ടാക്കാമെന്നും അന്നു ഗവമ്മെൻറ് പ്രസ്താവിച്ചു. അതിലേയ്ക്കു് ഒരു മി. ഇട്ടിച്ചെറിയയെയാണു ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ഒരു ചോദ്യത്തിനുത്തരമായി അന്നുപറഞ്ഞു. അപ്പോൾതന്നെ ഇതിൻെറ നടത്തിപ്പിനെപ്പററി ഞങ്ങളിൽ ചിലക്കു് സംശയം ഉണ്ടാകാതെയിരുന്നില്ല. എങ്കിലും ക്യാബിനററ് മേക്കിങ്ങ് ബിസിനസ്സിൽ ഗവമ്മെൻറിനു നഷ്ടം ഉണ്ടാകുകയില്ലെന്നും വളരെ ലാഭം ഉണ്ടാകുമെന്നും അന്നു പറയുകയുണ്ടായി. ഇത്തവണത്തെ ബഡ്ജററിൽ കഴിഞ്ഞതവണത്തെ കണക്കു കാണിച്ചിരിക്കുന്ന ഭാഗം നോക്കുകയാണെങ്കിൽ ക്യാബിനററ് മേക്കിങ്ങ് എന്ന ഇനത്തിൽനിന്നുമാത്രം എന്താദായം കിട്ടിയെന്നു മനസ്സിലാക്കുവാൻ നിവൃത്തിയില്ലാത്തവിധത്തിലാണു് അവിടെ കണക്കു കാണിച്ചിരിക്കുന്നതു്. പ്ലൈവുഡ് ഫാക്ടറി ആൻറ് ക്യാബിനററ് മേക്കിങ്ങ് എന്ന ഇനത്തിലാണു കണക്കു കൊള്ളിച്ചിരിക്കുന്നതു്. അതിൽനിന്നും മനസ്സിലാക്കേണ്ടതു് ക്യാബിനററ് മേക്കിങ്ങിൽനിന്നും ഇവിടെ ലാഭം ഉണ്ടായില്ലായെന്നും അതിനുപകരം നഷ്ടമാണുണ്ടായിട്ടുള്ളതെന്നുമാണു്. അങ്ങനെ നഷ്ടമാണുണ്ടായിട്ടുള്ളതെങ്കിൽ അതിനു് ആരാണു് ഉത്തരവാദി? മി. ഇട്ടിച്ചെറിയാ ആണു ഉത്തരവാദിയെന്നുവേണം മനസ്സിലാക്കാൻ. ഇപ്പോൾ ഈ മി. ഇട്ടിച്ചെറിയായെ പുതിയ ഒരു കൺട്രാക്ടരായിട്ടാണു് ഇത്തവണത്തെ ബഡ്ജററിൽ പ്രദശിപ്പിച്ചിരിക്കുന്നതു്. ഇത്തവണ അദ്ദേഹത്തിനു കൊടുത്തിരിക്കുന്ന ജോലി ട്രാൻസ്പോർട്ട് ബാഡിമേക്കിങ്ങാണു്. അദ്ദേഹത്തെ ഡിപ്പാട്ടുമെൻറിൽ നിയമിച്ചതായി അറിവില്ല. മറെറന്തെങ്കിലും ഉദ്യോഗം കൊടുത്തതായും അറിയുന്നില്ല. പിന്നെ എതുനിലയിൽ അദ്ദേഹത്തെ നിയമിച്ചു? കഴിഞ്ഞകൊല്ലത്തെ അദ്ദേഹത്തിൻെറ പ്രവത്തനം പരാജയപ്പെട്ടതു എന്തുകൊണ്ടു്? ഗവമ്മെൻറ് ഇതിനെപ്പററിയും സമാധാനം പറയേണ്ടതായിട്ടുണ്ടു്. ഇതുകൂടാതെ ഈ ഇട്ടിച്ചെറിയായിൽനിന്നും ഏകദേശം

൧൦,൦൦൦ രൂപയോളം ഗവണ്മെൻറിന് ഈടാകാനുമുണ്ട്. അതേയവസരത്തിൽ അദ്ദേഹത്തിനു സാങ്കേതികോപദേശംവകയിൽ ഗവണ്മെൻറിൽനിന്നും വലിയ ഒരു തുക കൊടുക്കുന്നുമുണ്ട്. ഗവണ്മെൻറിനെ ക്യാബിനററ് മേക്കിങ്ങിൽ മനഃപൂർവ്വമായി നഷ്ടംവരുത്തി പരാജയപ്പെടുത്തിയതിനു ഗവണ്മെൻറിൽനിന്നും അങ്ങോട്ടു പുതിയപുതിയ ജോലികൾകൊടുത്തു സഹായിക്കുകയാണ് ചെയ്യുന്നത്. ക്യാബിനററ് മേക്കിങ്ങിനുവേണ്ടി എത്ര മൂലധനമാണു ഗവണ്മെൻറ് മുടക്കിയിട്ടുള്ളതെന്നും അതിൻെറ ആണ്ടോടാണ്ടുള്ള ആദായം എന്താണെന്നും ഉള്ളതിലേക്കു യാതൊരു സ്ഥിതിവിവരക്കണക്കുകളും ഈ സഭയിലെ മെമ്പറന്മാർക്ക് കിട്ടുന്നില്ല.

മറെറാരു സംഗതി എനിക്കു പറയാനുള്ളത് എൻെറ സ്നേഹിതൻ മി. നടരാജപിള്ള പറഞ്ഞതുപോലെ പല വൻതരം വ്യവസായങ്ങൾക്കും ഗവണ്മെൻറിൽനിന്നും പണം കടംകൊടുക്കുന്നതിനും മററു ചില വ്യവസായങ്ങളിൽ ഓഹരിയെടുക്കുന്നതിനുമായി ഒരു വലിയ തുക ബഡ്ജററിൽ കൊള്ളിച്ചുകാണുന്നു. ഇങ്ങനെ കൊടുക്കുന്നത് ഏതു വ്യവസായങ്ങൾക്കാണെന്നോ, ആ വ്യവസായങ്ങൾ എത്രത്തോളം രാജ്യക്ഷേമത്തിനു ഉതകുന്നതാണെന്നോ അതിൽ ഗവണ്മെൻറിനു മുതൽമുടക്കുന്നതുകൊണ്ട് ലാഭമാണൊ അല്ലെങ്കിൽ നഷ്ടമാണൊ വരുന്നതെന്നോ യാതൊന്നും ചിന്തിക്കാതെ, ആരോടും ആലോചിക്കാതെ ചെയ്യുന്ന ഒരു പ്രവൃത്തിയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. അതുപോലെതന്നെ പണം കടം കൊടുക്കുന്നത് പൊളിഞ്ഞ കമ്പനിക്കോ അതോ പൊളിയാൻപോകുന്ന കമ്പനിക്കോ എന്നൊന്നും വിശദമാക്കുന്നുമില്ല. അതുപോലെതന്നെ ഇവിടെ ഒരു മീററർ ഫാക്ടറി തുടങ്ങാൻപോകുന്നുയെന്ന് പ്രസ്താവിക്കയുണ്ടായി. ഈ ഫാക്ടറി തുടങ്ങുന്നത് രാജ്യക്ഷേമത്തെ ലാക്കാക്കിയാണോ, അതോ ഏതാനും വ്യക്തികളെ സഹായിക്കാൻ വേണ്ടിയാണോ എന്നു എനിക്ക് സംശയമാണ്. ഞാൻ അറിയുന്നത് ഇവിടെ മന്ത്രിയായിരുന്ന ഒരു മാന്യൻെറ പ്രേരണയാൽ അദ്ദേഹത്തിൻെറ അടുത്ത ബന്ധുക്കൾക്കുവേണ്ടി തുടങ്ങാൻപോകുന്ന ഒരു കമ്പനിയാണെന്നാണ്. ഈ കമ്പനിക്കുവേണ്ടി ഗവണ്മെൻറ് മൂലധനം മുടക്കുന്ന അവസരത്തിൽ മററു വല്ലവരിൽനിന്നും മൂലധനം പിരിച്ചിട്ടുണ്ടായെന്നും ഉണ്ടെങ്കിൽ എത്ര തുകയാണെന്നും മററും നല്ലതുപോലെ അന്വേഷിച്ചിട്ടുവേണം ഗവണ്മെൻറിൽനിന്നും ഓഹരിയെടുക്കേണ്ടതെന്ന് ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നു. ഏതായാലും ഈ മീററർ ഫാക്ടറിയുടെ ഉത്ഭവത്തിൽതന്നെ പല ആരോപണങ്ങളും ഉണ്ടായതുകൊണ്ട് ഈക്കാര്യം നല്ലതുപോലെ ഗവണ്മെൻറ് അന്വേഷിക്കേണ്ടതാണ്. ഗവണ്മെൻറിൽനിന്നും ധനസഹായം ആവശ്യപ്പെടുന്ന കമ്പനിക്കാർ പണം മുഴുവനും വാങ്ങിച്ച് തോന്നിയാസമായി ചിലവാക്കിക്കളയുന്ന ഒരു പതിവാണുള്ളത്. ഈ പണത്തിനു ഉത്തരവാദി കമ്പനിക്കാരാണോ അല്ലെങ്കിൽ ഗവണ്മെൻറാണോ എന്ന് ഞാൻ ചോദിക്കുന്നു. അതുപോലെതന്നെ തിരുവിതാംകൂർ റേയൻസ് കമ്പനിക്ക് ൻ ലക്ഷം രൂപ ഇനിയും കടം കൊടുക്കാൻ പോകുന്നുയെന്നു കാണുന്നു. ആദ്യമെ പണമില്ലാതെ തുടങ്ങിയ ഈ കമ്പനിയുടെ പ്രവർത്തനം അധഃപതനത്തിൽവന്നപ്പോൾ ഗവണ്മെൻറിനെ സമീപിക്കയും ഗവണ്മെണ്ട് ധനസഹായംചെയ്കയും പിന്നെയും അധഃപതിച്ചപ്പോൾ ഗവണ്മെൻറ് പിന്നേയും സഹായിക്കയുമാണ് ചെയ്തുവരുന്നത്. ഇത്തരത്തിൽ പലതരം വ്യവസായങ്ങൾക്കായി അനേകം കോടിരൂപ ഗവണ്മെൻറ് മുതൽമുടക്കിയിരിക്കുന്നു. ഗവണ്മെൻറിനാകട്ടെ കമ്പനിക്കാർക്കാകട്ടെ പണത്തിനെപ്പററി യാതൊരു ലക്ഷ്യവുമില്ല. സർ, ഞാൻ ചോദിക്കുന്നു ഇതിനൊക്കെ ഉത്തരവാദി ഏതു ഉദ്യോഗസ്ഥനാണെന്ന്. ഇവിടെ വ്യവസായ ഡിപ്പാർട്ട്മെൻറിൻെറ മേധാവി

[Sri. Kalathil Velayudhan Nair]

യായിട്ട് ഒരു ഡയറക്ടരെ നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിനു വ്യവസായവുമായി യാതൊരു സാങ്കേതിക പരിജ്ഞാനവും ഇല്ലെന്നുള്ളതു് എല്ലാവൎക്കും അറിയാം. മാത്രമല്ല ഈ കമ്പനികളുടെ അതായത്് ഷെയർ എടുത്തിട്ടുള്ള കമ്പനികളുടെ ഡയറക്ടറന്മാരിൽ ഇവിടത്തെ കുറെ ഉദ്യോഗസ്ഥന്മാരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവിതാംകൂറിൽനിന്നും ചീഫ്സെക്രട്ടറിയും ഫിനാൻഷ്യൽ സെക്രട്ടറിയും ഈ ഗവൺമെൻറിനെ പ്രതിനിധീകരിക്കുന്ന അംഗങ്ങളാണ്. അനേകം കോടി രൂപ മുതൽമുടക്കിയിട്ടുള്ള ഈ കമ്പനികളിൽ പ്രതിനിധിയെന്ന നിലയിൽ ഈ ഉദ്യോഗസ്ഥന്മാൎക്ക് എന്തു വൈദഗ്ദ്ധ്യമാണുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. കമ്പനികളുടെ നടത്തിപ്പിനെ പരിശോധിക്കുന്നതിനും അവയിലെ ലാഭനഷ്ടങ്ങൾ തിട്ടപ്പെടുത്തുന്നതിനും പ്രവൎത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തുകൊണ്ടു് ഒരു സാങ്കേതിക വിദഗ്ദ്ധനെ നിയമിക്കുന്നില്ലായെന്നു് ഞാൻ ചോദിക്കുന്നു. ഈ സംഗതി, വളരെ വലിയൊരു തുക ഗവൺമെൻറിൽനിന്നും വലിച്ചെറിഞ്ഞിട്ട് തിരിഞ്ഞുനോക്കാത്തമട്ടിൽ മൗനം ആരംഭിച്ചിരിക്കുന്നതുകണ്ടിട്ട് ഞാൻതന്നെ പല അവസരങ്ങളിലും ഈ കാൎയ്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. എന്നിട്ടും ഗവൺമെൻറ് അലസതയാണ് കാണിക്കുന്നതു്. ഏതെങ്കിലും വ്യവസായങ്ങൾക്ക് ഗവൺമെൻറിൽനിന്നും പണം കടം കൊടുക്കുന്നതിനുമുമ്പായി വിവരം നിയമസഭയെ ധരിപ്പിക്കണമെന്ന് എൻെറ സ്നേഹിതൻ മി. നടരാജപിള്ള അഭിപ്രായപ്പെട്ടപ്പോൾ മി. ബാലകൃഷ്ണൻതമ്പി ആ അഭിപ്രായത്തെ എതിൎക്കുകയാണ് ചെയ്തതു്. മി. തമ്പിയുടെ അഭിപ്രായത്തിൽ നിയമസഭയോട് ഈ സംഗതിയെപ്പററി ആലോചിക്കുന്നതിനുപകരം ഇവിടത്തെ എക്സിക്യൂട്ടീവിനോട് ആലോചിച്ചാൽമതിയെന്നും വിദഗ്ദ്ധോപദേശം ചെയ്യേണ്ടതു് ഇവിടത്തെ എക്സിക്യൂട്ടീവുമാണെന്നുമാണ് അദ്ദേഹത്തിൻെറ അഭിപ്രായം. എനിക്ക് അദ്ദേഹത്തോടു പറയാനുള്ള മറുപടി രാഷ്ട്രീയമായ എല്ലാ കാൎയ്യങ്ങളും ചൎച്ചചെയ്യുന്നതു് നിയമസഭയിലായിരിക്കണമെന്നും നിയമസഭയുടെ തീരുമാനം അവസാനതീരുമാനമായി കരുതേണ്ടതാണെന്നുമാണ്. ഒരു ഫാക്ടറിക്ക് പണം കടം കൊടുത്തുവരുന്ന നയം ആ ഫാക്ടറിയുടെ ആവശ്യത്തിനെപ്പററിയോ പ്രവൎത്തനത്തെപ്പററിയോ ആലോചിച്ചല്ല. പിന്നേയോ ശുപാൎശയനുസരിച്ചാണ്. ഇപ്രകാരം മുതലുമുടക്കിയ സംഖ്യക്ക് ശരിയായ പലിശതന്നേയും കിട്ടാതെയാണിരിക്കുന്നതു്. ഈ കമ്പനികളുടെ മുതൽമുടക്കിനെപ്പററി ഗവൺമെൻറിനു് യാതൊരു ഉൽക്കണ്ഠയും ഇല്ലെന്നുള്ളതു് പൊതുജനങ്ങൾക്കു മനസ്സിലായതിൻെറ ഫലമായിട്ടാണ് പല ആരോപണങ്ങളും ഇതിന്മേൽ ഉണ്ടായിട്ടുള്ളതു്. അതുകൊണ്ടു് പൊതുജനങ്ങളെ വിശ്വസിപ്പിക്കത്തക്കവണ്ണം ഈ പ്രവൎത്തനങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുകയും മേലാൽ ഈവക ആരോപണങ്ങൾക്കു് ഇടനൽകാതെ സൂക്ഷിക്കയും ചെയ്യണമെന്നു് പറഞ്ഞുകൊണ്ടു് ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ശ്രീ. പി. കെ. കുമാരനാചാരി: സർ, ബാംബെയിലെ മഹാരാഷ്ട്രഗ്രാമമായ നാസിക്കിൽ കൂടിയ ഇൻഡ്യൻ നാഷനൽ കാൺഗ്രസ് സമ്മേളനത്തിൽവച്ചു പണ്ഡിററ് നെഹ്റു പ്രസ്താവിച്ചതു് ഇങ്ങനെയാണ്. "ഇവിടെ കത്തിക്കുന്ന ഈ സ്വാതന്ത്ര്യദീപം ഇൻഡ്യയിലുള്ള എല്ലാ ഗ്രാമപ്രദേശങ്ങളിലും കുടിലുകളിലും കത്തി പ്രകാശിക്കട്ടെ" എന്നു്. സർ, അവിടെ കത്തിച്ച സ്വാതന്ത്ര്യദീപത്തിൻെറ ഒരു കിരണംപോലും നമ്മുടെ നാട്ടിൽ പ്രകാശിച്ചിട്ടില്ലായെന്ന് എനിക്ക് പറയാൻ കഴിയും. സാമ്പത്തിക സ്വാതന്ത്ര്യം കൈവരുത്തുന്നതിനു വ്യവസായാഭിവൃദ്ധിക്കവേണ്ടതു ചെയ്യണം. വ്യവസായങ്ങളെ സംബന്ധിച്ച് വിശേഷിച്ചും

നാട്ടിൻപുറങ്ങളിലുള്ള കുടിൽ വ്യവസായങ്ങളെ സംബന്ധിച്ച് പറയത്തക്ക യാതൊരു പ്രോത്സാഹനവും ഈ ഗവൺമെൻറ് നൽകുന്നില്ല. തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനായി യാതൊരു പദ്ധതിയും നടപ്പിൽ വരുന്നതായിട്ട് ഞാൻ കാണുന്നില്ല. അധികാരത്തിലിരിക്കുന്ന കക്ഷി ഇവിടത്തെ ഭരണചക്രം തിരിക്കുന്ന കാര്യത്തിൽ യാതൊരു വ്യതിയാനവും വരുത്തിയിട്ടില്ല. കുടിൽ വ്യവസായങ്ങളെ സംരക്ഷിച്ച് പരിപോഷിപ്പിക്കുന്നതിനു പകരം വൻകിട വ്യവസായങ്ങളെയാണ് സംരക്ഷിക്കുന്നത്. ഇത്തരം വൻകിട വ്യവസായങ്ങൾ പ്രവർത്തനം നടത്തിവരുമ്പോൾ നഷ്ടത്തിൽ കലാശിക്കുന്നതായാൽ ഉടൻതന്നെ ഗവൺമെൻറ് ഇടപെട്ട് ദേശീകരണത്തിൻെറ പേരിൽ ഏറെറടുക്കുകയാണ് ചെയ്യുന്നത്. മാത്രമല്ല വലിയ മൂലധനം മുടക്കി ചില വൻതരം വ്യവസായങ്ങളെ സഹായിക്കുന്ന മനോഭാവവും ഗവൺമെൻറിനുണ്ട്. ഇവിടെയുള്ള യാന്ത്രിക സംഘടിതവ്യവസായങ്ങളെ സഹായിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യരുതെന്നല്ലാ ഞാൻ പറയുന്നത്. രാജ്യത്തുള്ള വ്യവസായങ്ങൾ വിപുലപ്പെടുത്തുന്നതും ദേശീകരിക്കുന്നതും നല്ലതുതന്നെ. അതിൽ എനിക്കും അഭിപ്രായവ്യത്യാസമില്ല. എങ്കിലും വൻകിടവ്യവസായങ്ങളെ സഹായിക്കുന്നതോടൊപ്പം ചെറുതരം വ്യവസായങ്ങളേയും, കുടിൽ വ്യവസായങ്ങളേയും പരിപോഷിപ്പിക്കേണ്ടതും രാജ്യക്ഷേമത്തിനു അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. മറെറാരു സംഗതി എനിക്കു പറയാനുള്ളത് സാർവത്രികമായ ഒരു സാങ്കേതികവിദ്യാഭ്യാസം നടപ്പിൽ വരുത്തണമെന്നുള്ളതാണ്. സാങ്കേതികമായ പരിജ്ഞാനം നടപ്പിൽ വരുത്തുന്നതുകൊണ്ട് തൊഴിൽപരമായ പല പുരോഗമനങ്ങളും ഉണ്ടാകാനിടയുണ്ട്. അതിനായി വ്യവസായങ്ങളെല്ലാം പുനഃസംഘടിപ്പിക്കേണ്ടതാണ്. വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കേണ്ടതാണെന്ന് പറയുമ്പോൾ ഒരുകാര്യം എൻെറ ഓർമ്മയിൽ വരുന്നു. ചെറുതരം വ്യവസായങ്ങളെപ്പററി, അവയുടെ പ്രോത്സാഹനത്തെയും പുരോഗമനത്തെയുംപററി ചിന്തിക്കുമ്പോൾ നാം സ്വിററ്സർലണ്ട്, ചൈന, ജപ്പാൻ മുതലായ രാജ്യങ്ങളിലുള്ള കുടിൽ വ്യവസായങ്ങളെപ്പററി ചിന്തിക്കേണ്ടതാണ്. ജപ്പാനിലെ കഥ പറയുകയാണെങ്കിൽ അവിടെയുള്ള വൻകിട വ്യവസായികൾ, ഇടത്തരം വ്യവസായികൾ, ചെറുതരം വ്യവസായികൾ ഇവർ സംഘടിച്ചുവരുന്നുണ്ട്. ചെറുതരം വ്യവസായികളുടെ പ്രവർത്തനങ്ങളിൽ വൻകിട വ്യവസായികൾ ഒരിക്കലും വിഘാതമായി നിന്നിട്ടില്ല. ചെറുതരം വ്യവസായികളുടെ പ്രവർത്തനത്തിന് ആവശ്യമായ യന്ത്രസാമഗ്രികൾ വൻകിട വ്യവസായികളിൽനിന്നും മാന്യുഫാക്ച്ചർ ചെയ്യിച്ചുവരുന്നുണ്ട്. ഇത് മനസ്സിൽവച്ചുകൊണ്ട്, നമ്മുടെ രാജ്യം ഒരു കർഷകരാജ്യമാണെന്നും നമ്മുടെ രാജ്യത്ത് ഉണ്ടാകുന്ന കാർഷികോല്പന്നങ്ങൾ ചെറുതരം വ്യവസായികളുടെ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണെന്നും—എന്നുവച്ചാൽ കുടിൽ വ്യവസായത്തിന് നമ്മുടെ കാർഷികോല്പന്നങ്ങൾ ഉപയോഗപ്രദമാണെന്നും മനസ്സിലാക്കി, കുടിൽ വ്യവസയങ്ങളുടെ പുരോഗതിയെ ആശ്രയിച്ചാണ് നമ്മുടെ രാജ്യത്തിൽ തൊഴിലാളികളുടെ അഭിവൃദ്ധി സ്ഥിതിചെയ്യുന്നതെന്നും ഉള്ള കാര്യങ്ങൾ ഓർമ്മിച്ചുകൊണ്ട്, ഇവിടെയുള്ള വൻകിട വ്യവസായികളെക്കൊണ്ട് അത്തരം ചെറുതരം വ്യവസായികൾക്ക് ആവശ്യമുള്ള യന്ത്രസാമഗ്രികൾ ഉണ്ടാക്കുന്നതിന് വേണ്ട ഏർപ്പാടു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണെന്നാണ് എൻെറ അഭിപ്രായം. വലിയ വ്യവസായങ്ങൾക്ക് മൂലധനം മുടക്കുന്നതോടുകൂടിത്തന്നെ ആ വ്യവസായങ്ങൾ ഇത്തരം ചെറുതരം വ്യവസായങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സഹായകമായ വിധത്തിലുള്ള യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിനു തക്കവണ്ണം ഗവൺമെൻറ് വേണ്ട നിർദ്ദേശം നൽകണം. അങ്ങനെ കുടിൽ വ്യ

[Sri. P. K. Kumaran Achari]

വസായത്തിനെ പരിപോഷിപ്പിക്കത്തക്കവിധത്തിലുള്ള നടപടികൾ ഗവമെ്മൻറ് ഏറെറടുക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ഇനി എനിക്കൊന്നു പറയുവാനുള്ളത് ഈ ചെറുതരം വ്യവസായങ്ങളെ സഹായിക്കത്തക്കവിധത്തിൽ വൻകിട വ്യവസായികളെ പ്രോത്സാഹിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നതോടുകൂടി ഇവിടെയുള്ള യുവാക്കന്മാരുടെ മനഃസ്ഥിതി ഒന്നു ഭേദപ്പെടുത്താനും ശ്രമിക്കേണ്ടതാണ്. അങ്ങനെ ഞാൻ പറയുന്നത് സാങ്കേതികമായ ഒരു മനോഭാവം യുവാക്കന്മാർക്ക് ഉണ്ടാകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നുള്ളതാണ്. അതായത് ഈ രാജ്യത്ത് വളരെ കൂടുതൽ ആർട്ട്സും, സയൻസും, കാളേജുകൾ ആരംഭിക്കുന്നതിന് എല്ലാ സമുദായക്കാരും പരിശ്രമിച്ചുവരുന്നുണ്ട്. ഇപ്പോൾതന്നെ ഈ മാതിരി കാളേജുകൾ കൂടുതലായിരിക്കുകയാണ്. എന്നാൽ ആ മാതിരി ഉള്ള വിദ്യാഭ്യാസത്തിൽ ശ്രദ്ധപതിപ്പിക്കാതെ സാങ്കേതികമായ വിജ്ഞാനം ഉണ്ടാകുന്നതിനുള്ള പാളിടെക്നിക്കൽ സ്കൂളുകൾ സ്ഥാപിക്കുന്നതിന് ഗവമെ്മൻറും നാട്ടുകാരും കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. അങ്ങനെ പാളിടെക്നിക്കൽ ആയിട്ടുള്ള സ്കൂളുകൾ നമ്മുടെ രാജ്യത്തു സ്ഥാപിച്ചു പ്രവർത്തനം നടത്തുന്നതിൽ ആരും ശ്രദ്ധ പതിപ്പിക്കുന്നില്ല എന്നുള്ളത് പരമാർത്ഥമാണ്. ഈ രാജ്യത്തുള്ള ഇപ്പോഴത്തെ വിദ്യാഭ്യാസംകൊണ്ട് ഡിഗ്രി എടുത്തുവരുന്ന പല വിദ്യാർത്ഥികളും പേനകൊണ്ടുമാത്രം ജീവിക്കുന്നതിനുവേണ്ടി ഗവമെ്മൻറിനേയും പബ്ലിക്ക് സർവീസ് കമ്മീഷനേയും ആശ്രയിച്ചു വരികയാണ ചെയ്യുന്നത്. പത്തോ നാല്പതോ രൂപാ വാങ്ങിച്ചുകൊണ്ട് ജീവിതം നയിക്കാനുള്ള അവരുടെ ആഗ്രഹത്തെ അമർത്തിയിട്ട്, ഇങ്ങനെയുള്ള പരീക്ഷായോഗ്യതയോടുകൂടി വെളിയിൽവരുമ്പോൾ സാങ്കേതികമായി പ്രവർത്തിച്ച് തൊഴിൽ ചെയ്യുന്നതിനുള്ള ജ്ഞാനവും വൈദഗ്ദ്ധ്യവും അവർക്ക് ലഭിക്കുന്നതിന് തക്ക വിദ്യാഭ്യാസം നൽകേണ്ടതു് അത്യാവശ്യമാണ്. ഈ കാര്യത്തിൽ ഗവമെ്മൻറ് മുൻകയ്യെടുത്തില്ലെങ്കിൽ നമ്മുടെ രാജ്യത്തെ ചെറുപ്പക്കാരുടെ മനോഭാവം ഈവിധത്തിൽ ഭേദപ്പെടുവാൻ വഴിയില്ല. പാളിടെക്നിക്കൽ സ്കൂളുകളിൽ പഠിച്ചു പുറത്തുവന്നു കഴിഞ്ഞാൽ തന്റെ ചുരുങ്ങിയ സാമ്പത്തിക കഴിവു വച്ചുകൊണ്ട് ചെറിയചെറിയ വ്യവസായങ്ങൾ നടത്താനുള്ള ആസക്തി അവർക്ക് ഉണ്ടാകും. അതിനാൽ ഞാൻ പറയുന്നത് രാജ്യത്തിന്റെ നാനാഭാഗങ്ങളിലും അതായത് കുറഞ്ഞത് ഓരോ ഡിസ്ത്രിക്റ്റിൽ ഓരോന്നുവീതമെങ്കിലും പാളിടെക്നിക്കൽ ഇൻസ്റ്റിററ്യൂഷൻസ് സ്ഥാപിക്കുകയും അങ്ങനെ ആ സ്കൂളുകളിൽ പഠിച്ചു പുറത്തുവരുന്ന വിദ്യാർത്ഥികൾക്ക് ഗവമെ്മൻറ് വേണ്ടുന്ന പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടതാണ്. ഈ രണ്ടു കാര്യങ്ങളിലും ഗവമെ്മണ്ട് വേണ്ടവിധം ശ്രദ്ധിക്കണമെന്ന് പ്രസ്താവിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഗവമെ്മൻറിന്റെ ആഭിമുഖ്യത്തിൽ അല്ലെങ്കിൽ ഉടമസ്ഥതയിൽ നടത്തുന്ന ചില വ്യവസായങ്ങളെ സംബന്ധിച്ചും ഗവമെ്മൻറ് പണംകൊണ്ട് സഹായിച്ചിട്ടുള്ള മററു ചില വ്യവസായങ്ങളെ സംബന്ധിച്ചും ആയിരുന്നു ഇവിടെ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഗവമെ്മൻറ് ഏറെറടുത്തു നടത്തുന്ന വ്യവസായങ്ങൾ നാലെണ്ണം ആണ്. റബ്ബർ ഫാക്ടറി, പ്ലൈവുഡ് ഫാക്ടറി, സിറാമിക്ക് ഫാക്ടറി, ഈയിടെ ഗവമെ്മൻറ് ഏറെറടുത്തിട്ടുള്ള ചവറ മിനറൽസ് കമ്പനി ഇങ്ങനെ നാലു വ്യവസായങ്ങളാണ് ഇപ്പറഞ്ഞവ. ഗവമെ്മൻറിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വത്തിലും ഉടമസ്ഥതയിലും ആണ് ഈ വ്യവസായങ്ങൾ നടത്തപ്പെടുന്നത്. ഇതിൽ പ്രധാനമായ

ആക്ഷേപം ഉണ്ടായത് സിറാമിക്ക് ഫാക്ടറിയെ സംബന്ധിച്ചാണ്. സിറാമിക്ക് ഫാക്ടറിയെ സംബന്ധിച്ച് അതിന്റെ ആദായം കുറഞ്ഞുവരുന്നു. ൧൯൫൮-ലെക്കാൾ ൧൯൫൪-ലും ൧൯൫൪-ലെക്കാൾ ൧൯൫൬-ലും കുറഞ്ഞിട്ടുണ്ട്. ൧൯൫൭-ലും ഇക്കണക്കിന് ആദായം കുറഞ്ഞേക്കാൻ ഇടയുണ്ട്. ഇതൊക്കെയാണ് ഇതിനെ സംബന്ധിച്ച് പ്രധാനമായി ഉണ്ടായ ആക്ഷേപം. ആദായം ഈ ഫാക്ടറിയിൽ കുറഞ്ഞുവരുന്നു എന്നുള്ളതു് പരമാർത്ഥമാണ്. എന്നാൽ അതിന് ചില കാരണങ്ങൾ ഉണ്ട്. ആ കാരണങ്ങളെ സംബന്ധിച്ചാണ് ഞാൻ ഇപ്പോൾ പറയാനുദ്ദേശിക്കുന്നതു്. ചില സ്ഥിതിവിവരക്കണക്കുകൾ ബഹു. അംഗങ്ങളുടെ ശ്രദ്ധക്ക് വിഷയീഭവിപ്പിക്കണമെന്ന് ഞാൻ വിചാരിക്കുന്നു. ൧൯൫൮-ൽ ൨,൫൮,൦൦൦ രൂപയായിരുന്നു ഇതിന്റെ ആദായം. ൧൯൫൪-ൽ ൧൧,൭൦൦ രൂപയായി കുറഞ്ഞിട്ടുണ്ട്. അതോടുകൂടി തന്നെ ൧൯൫൮-ൽ തൊഴിലാളികൾക്ക് വേതനമായി കൊടുത്ത സംഖ്യ ൧,൨൫,൦൦൦ രൂപയായിരുന്നു. ൧൯൫൪-ൽ ഇതു് ൫,൩൫,൦൦൦ ആയി വർദ്ധിക്കുന്നതിനിടയായി. സിറാമിക്ക് ഫാക്ടറിയിൽ കൂടക്കൂടെ തൊഴിൽത്തർക്കങ്ങൾ ഉണ്ടാകുന്നുണ്ട്. അങ്ങനെ ഉണ്ടാകുന്ന തൊഴിൽത്തർക്കങ്ങൾ അവസാനിപ്പിക്കുന്നതിന് അപ്പോഴപ്പോൾ കൂലിനിരക്ക് വർദ്ധിപ്പിക്കുന്നതിന് ഇടയായിട്ടുള്ളതിന്റെ ഫലമാണ് ൫,൩൫,൦൦൦ രൂപാ കൊടുക്കാനിടയായിട്ടുള്ളതു്. ഇതിനെ സംബന്ധിച്ച് ഞാൻതന്നെ മുമ്പ് പ്രസ്താവിച്ചതുപോലെ തൊഴിലാളികളുടെയും ഗവമെന്റിന്റെയും ആവശ്യമനുസരിച്ച് ഒരു എൻക്വയറി നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് ൧൯൧ തൊഴിലാളികളെ പിരിച്ചുവിടേണ്ടതു് ആവശ്യമാണെന്ന് അവർക്ക് അതായതു് ഇങ്ങനെയുള്ള ൧൯൧ ജോലിക്കാർക്ക് പ്രത്യേകമായ ജോലിയൊന്നും ഇല്ലെന്നും അഭിപ്രായമുണ്ടാകാൻ ഇടയായിട്ടുള്ളതു്. അവരെ പിരിച്ചുവിടുന്നതു് വേറെ ജോലി കൊടുക്കാമെന്ന് ഉദ്ദേശിച്ചുകൊണ്ടാണോ എന്ന് ഒരു ബഹുമാന്യ സ്നേഹിതൻ ചോദിച്ചു. അതിന് വേണ്ട വ്യവസ്ഥകളും ഏർപ്പാടുകളും ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഏകദേശം ൧൮ മാസത്തിനകമോ ഏറെ വന്നാൽ ൨൪ മാസത്തിനകമോ അവിടെ ഒരു കിലിൻ സ്ഥാപിക്കാൻ ഗവമെന്റ വിചാരിക്കുന്നുണ്ട്. അതോടുകൂടി ഇങ്ങനെ പിരിച്ചുവിടപ്പെട്ട ൧൯൧ തൊഴിലാളികൾക്കു മാത്രമല്ല കുറെ കൂടുതൽ തൊഴിലാളികളെ അവിടെ പ്രവേശിപ്പിച്ച് ജോലി നടത്തുന്നതിന് സാധിക്കുന്നതാണ്. അതുകൊണ്ട് കിലിൻ കൺസ്ട്രക്ഷൻ വർക്ക് തുടങ്ങുമ്പോൾ ഇങ്ങനെ പിരിച്ചുവിടപ്പെട്ട ൧൯൧ ജോലിക്കാരേയും എടുക്കണമെന്നു കാണിച്ച് ഉടമ്പടിയും ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ ഉടമ്പടി ഉണ്ടാക്കിയിട്ടുള്ളതു് ഈ ജോലിക്കാർ ജോലിയില്ലാതെ അലഞ്ഞു നടക്കരുതു് എന്നുള്ള വിചാരത്തിലാണ്. ഈ സിറാമിക്ക് ഫാക്ടറി പല വിഷയത്തിലും പരിഷ്കരിക്കേണ്ടതായിട്ടുണ്ടെന്ന് ഗവമെന്റും സമ്മതിക്കുന്നുണ്ട്. അതിനെ സംബന്ധിച്ചും ഗവമെന്റ് അവഗാഢമായി ആലോചിക്കുകയാണ്. ഇന്ന് അവിടെ ഒരു എക്സ്പെർട്ടുണ്ടെങ്കിൽ അദ്ദേഹംതന്നെയാണ് അവിടെ ഉല്പാദനവിഷയത്തിലും സാധനങ്ങളുടെ വില്പനവിഷയത്തിലും പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നതു്. ഒരു അഡ്മിനിസ്ട്രേററീവ് ആഫീസറെ നിയമിച്ച് അവിടത്തെ വില്പന കാര്യക്ഷമമായി നടത്തേണ്ടതു് അത്യാവശ്യം ആണ്. ഇരുപതഞ്ചോ, ഇരുപത്താറോ ലക്ഷം രൂപാ ചെലവാക്കി കിലിൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിരിക്കുകയാണ്. അവിടെ ഉണ്ടാക്കുന്ന സാമാനങ്ങൾ ഇൻഡ്യയുടെ പല ഭാഗങ്ങളിലും വിററഴിക്കുന്നതിന് ഏജൻസികളെ നിയമിക്കണം. ആവക കാര്യങ്ങൾ പ്രത്യേകം മനസ്സിൽ വച്ചുകൊണ്ട് അതിന് ഒരു ആഫീസറെ

[Sri. T. K. Narayana Pillai]

നിയമിക്കണം. സമീപകാലത്ത് തിരുവിതാംകൂർ—കൊച്ചി സ്റ്റേററിലുള്ള എല്ലാ വ്യവസായശാലകളും സന്ദർശിച്ചു അവിടെയുള്ള പ്രവർത്തനങ്ങളെ പരിശോധിക്കുന്നതിനുള്ള ഒരു വിദഗ്ദ്ധനെ ഗവൺമെൻറ് നിയമിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം ൧൫ ദിവസത്തോളം ഇവിടെ താമസിച്ച് തിരു–കൊച്ചിയിലുള്ള എല്ലാ വ്യവസായ ശാലകളും സന്ദർശിച്ച് മനസ്സിലാക്കിയിട്ടുണ്ട്. താമസം കൂടാതെ തന്നെ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തിട്ടുണ്ട്. അങ്ങനെ ഇവിടെ സഞ്ചരിച്ച് വിവരങ്ങൾ ശേഖരിച്ച് ആവശ്യമുള്ള നിർദ്ദേശങ്ങൾ തരാമെന്ന് സമ്മതിച്ചിട്ടുള്ളതു് ഇൻഡ്യയിലെ വ്യവസായ പ്രമുഖന്മാരിൽ ഒന്നാമനാണെന്ന് പ്രശസ്തിനേടിയിട്ടുള്ള കസ്തൂർബാ ലാൽ ബായ് ആണ്. അദ്ദേഹം സിറാമിക്ക് ഫാക്ടറി പുനഃസംഘടിപ്പിക്കേണ്ടതു് ആവശ്യമാണെന്നും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതു് ആവശ്യമാണെന്നും അഭിമുഖസംഭാഷണമദ്ധ്യേ അറിയിച്ചിട്ടുണ്ട്. അതിനാവശ്യമുള്ള നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് ഓരോ വ്യവസായങ്ങളെ സംബന്ധിച്ചും ഒരാഴ്ചക്കകം അയച്ചുതരാമെന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിൻെറ നിർദ്ദേശം അനുസരിച്ച് സിറാമിക്ക് ഫാക്ടറി മാത്രമല്ല മററു വ്യവസായങ്ങളും പുനഃസംഘടിപ്പിക്കുകയും പരിഷ്കരിപ്പിക്കുകയും ചെയ്യണമെന്നാണ് ഗവൺമെൻറുദ്ദേശിച്ചിട്ടുള്ളതു്. ഈ ഫാക്ടറി കൂടുതൽ കാര്യക്ഷമമായ രീതിയിൽ, പ്രയോജനകരമായ രീതിയിൽ പ്രവർത്തിക്കുന്നതിനു ആവശ്യമായ എല്ലാ സംഗതികളും ൧൧൨൬—൨൭-ൽ തന്നെ തുടങ്ങുന്നതാണെന്ന് ഉറപ്പു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നതു് എപ്പോഴാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: കസ്തൂർബാ ലാൽബായുടെ നിർദ്ദേശമനുസരിച്ച് ആവശ്യമാണെന്നു കാണുന്നപക്ഷം അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ ഈ വർഷത്തിൽതന്നെ നിയമിക്കുവാൻ ഇടയുണ്ട്. അതല്ലാ വേറെ വിധത്തിലാണ് പരിഷ്കരിക്കേണ്ടതെന്ന് നിർദ്ദേശിക്കുന്നതെങ്കിൽ ആ പദ്ധതി നടപ്പിൽ വരുത്തണമെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: ഈ സ്കീമിൻ ഈ വർഷത്തിൽതന്നെ ആരംഭിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ൨൫ ലക്ഷം രൂപാ ചെലവാക്കണമെന്ന് ഗവൺമെൻറ് നിശ്ചയിച്ചുകഴിഞ്ഞു. ൮ ലക്ഷം രൂപാ ഇക്കൊല്ലത്തെ ബഡ്ജററിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. സ്കീമിന് ആവശ്യമുള്ളതു് വലിയൊരു സംഖ്യയാണ്. ഈ സിറാമിക്ക് ഫാക്ടറി ഇന്നത്തെ നിലയിൽതന്നെ പുനഃസംഘടിപ്പിക്കുന്നതിന് സാദ്ധ്യമാണെന്നാണ് കസ്തൂർബാ ലാൽബായുടെ അഭിപ്രായം.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ഫാക്ടറിയുടെ പ്രവർത്തനത്തിന് ഇപ്പോഴത്തെ എക്സ്പെർട്ടിന് അഭിപ്രായമൊന്നുമില്ലയോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടത്തെ എക്സ്പെർട്ടിന് അഭിപ്രായങ്ങളുണ്ട്. ആ അഭിപ്രായങ്ങളേയും തീർച്ചയായും ആദരിക്കുന്നതാണ്. എന്നാൽ ഈ മാതിരി വ്യവസായങ്ങളെ സംബന്ധിച്ച് അഭിപ്രായം പറയുന്നതിന് ശ്രീ. ലാൽബായിക്ക് അവകാശമുണ്ടെന്നുള്ളതിനെ ആരും നിഷേധിക്കുന്നതല്ല. അദ്ദേഹത്തിൻെറ ഉടമസ്ഥാവകാശത്തിൽ ഉള്ളതും അല്ലാത്തതുമായ ഏകദേശം അറുപതൊ, എഴുപതൊ ഫാക്ടറികൾക്ക് അദ്ദേഹം വിദഗ്ദ്ധോപദേശം

നൽകിവരുന്നുണ്ട്. അങ്ങനെയുള്ള ഒരാളാണ് ഇവിടെവന്ന് ഈ വ്യവസായത്തെ പരിശോധിച്ചതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതുയുംനാൾ ഈ ഫാക്ടറി നഷ്ടത്തിൽ പ്രവത്തിച്ചതു് മാനേജ്മെൻറിൻെറ തരക്കേടുകൊണ്ടാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ദേഹത്തിൻെറ റിപ്പോർട്ടു് കിട്ടിയിട്ടില്ല. അദ്ദേഹവുമായി സംഭാഷണം നടത്തിയവേളയിൽ അദ്ദേഹം പറഞ്ഞ ചില അഭിപ്രായങ്ങൾ ഇവിടെ ഉദ്ധരിച്ചുവെന്നേയുള്ളു. അദ്ദേഹത്തിൻെറ റിപ്പോർട്ട് സമീപകാലത്തു് കിട്ടുന്നതാണു്. ആവശ്യമുള്ളപക്ഷം ആ റിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തുന്നതിനും ഗവമ്മെൻറിനു് മടിയുണ്ടാകുന്നതല്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ശ്രീ. ലാൽബായി ഈ ഗവമ്മെൻറിൻെറ ആവശ്യപ്രകാരമാണോ ഫാക്ടറി സന്ദശിച്ചതു ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ഗവമ്മെൻറ് കേന്ദ്രഗവമ്മെൻറിനോടു് കഴിഞ്ഞ ഒരുകൊല്ലത്തോളമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നതിൻെറ ഫലമായിട്ടാണു് അദ്ദേഹത്തെ ഇങ്ങോട്ടയക്കാനിടയായതു്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: വഞ്ചിക്ലേമൈൻസിനെപ്പററി എന്താണു് തീരുമാനിച്ചിട്ടുള്ളതു്.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ സിറാമിക്ക് ഫാക്ടറിയെപ്പററിയാണു് പറയുന്നതു്. അതിനെക്കുറിച്ചു് ഒരു കാര്യംകൂടി പറഞ്ഞതിനുശേഷം അടുത്തതിലേക്കു് കടക്കാം. മൈസൂർ, ഹൈദരബാദ് മുതലായ സ്ഥലങ്ങളിലെ ഈ വ്യവസായ കേന്ദ്രങ്ങൾ സന്ദശിച്ചു് ആ ഗവമ്മെൻറുകൾക്കു് വേണ്ട ഉപദേശങ്ങൾ കൊടുത്തുവന്നിരുന്നതും ശ്രീ. ലാൽബായിതന്നെയായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിൻെറ റിപ്പോർട്ടിനെ അസ്പദമാക്കി ഗവമ്മെൻറിൻെറ ഉടമസ്ഥതയിൽ നടത്തിവരുന്ന എല്ലാ വ്യവസായങ്ങളേയും പുനഃസംഘടിപ്പിക്കണമെന്നാണു് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നതു്.

വഞ്ചിക്ലേമൈൻസിനെ സംബന്ധിച്ചും പറയുന്നതായാൽ ഇപ്പോൾ അതു നടത്തുന്നതിനു വലിയ പ്രയാസങ്ങളുണ്ടെന്നു തുറന്നു സമ്മതിക്കാതെ നിവൃത്തിയില്ല. കുണ്ടറ സിറാമിക്ക് ഫാക്ടറി വികസിപ്പിക്കുന്നതോടുകൂടി വഞ്ചിക്ലേമൈൻസ് പുനഃസംഘടിപ്പിക്കുന്നതിനു് സാധിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്. ഏതായാലും ൬൦,൦൦൦ രൂപാ ഈ ഇനത്തിനായി ആയവ്യയ കണക്കിൽ കൊള്ളിച്ചിട്ടുണ്ടു്. ചില സ്നേഹിതന്മാർ അഭിപ്രായപ്പെട്ടതുപോലെ ഈ വക കാര്യങ്ങളെ സംബന്ധിച്ചു് അഭിപ്രായം പറയുന്നതിനു് അഹതയുള്ള വിദഗ്ദ്ധന്മാരെ വരുത്തി പരിശോധിപ്പിച്ചു് ഇതു വീണ്ടും പ്രവത്തനമാരംഭിക്കുന്നതിനു് സാധിക്കുമോ എന്നു പരീക്ഷിക്കണമെന്നാണു് ഗവമ്മെൻറ വിചാരിക്കുന്നതു്. അതിൽ ഏകദേശം ൨.൪ ലക്ഷം രൂപാ ഗവമ്മെൻറ മുടക്കിയിട്ടുണ്ടു്. അതിൽനിന്നും ആദായം കിട്ടാതിരിക്കുന്നതു് തീച്ചയായും നഷ്ടമാണെന്നുള്ളതു് ഒരു പരമാത്ഥമാണു്. അതുകൊണ്ടു് അതിനെ പുനജ്ജീവിപ്പിച്ചു് വേണ്ടവിധം പ്രവത്തിപ്പിക്കുതിനുള്ള എല്ലാ നടപടികളും എടുക്കണമെന്നുതന്നെയാണു ഗവമ്മെൻറുദ്ദേശിക്കുന്നതു്.

റബ്ബർ ഫാക്ടറിയുടെ പ്രവത്തനം ഇപ്പോൾ വളരെ ആശാസ്യമായ രീതിയിലാണു നടന്നുകൊണ്ടിരിക്കുന്നതു്. വളരെ ഉത്തരവാദിത്വമുള്ള ഒരു ശ്രീ. ഉണ്ണിത്താനവർകളാണു് ആ ഫാക്ടറിയിൽ എക്സ്പെർട്ടായി പ്രവത്തിച്ചുവരുന്നതു്.

ശ്രീ. എ. കെ. ചാച്ചപിള്ള: അദ്ദേഹം എത്ര കാലമായി ആ ഫാക്ടറിയിൽ എക്സ്പർട്ടായി പ്രവർത്തിക്കുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള: റബ്ബർ ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങിയിട്ട് വളരെക്കൊല്ലങ്ങളായി. ൧൧൨൪ മുതൽ വലിയ ലാഭം ഗവമെന്റിന്നു കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ൧൧൨൪-നു മുമ്പു മുതൽ തന്നെ അവിടത്തെ എക്സ്പർട്ട് ശ്രീ. ഉണ്ണിത്താൻതന്നെയായിരുന്നു.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: കഴിഞ്ഞകൊല്ലം ആ ഫാക്ടറിയിൽനിന്നും പ്രതിക്ഷിച്ചിരുന്ന ലാഭം കുറയാൻ കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: പല കാരണങ്ങളുമുണ്ടായിരിക്കാം. ഞാൻ പറഞ്ഞുവരുന്നതു് റബ്ബർ ഫാക്ടറിയുടെ പ്രവർത്തനത്തെപ്പറ്റിയാണ്. എന്റെ ഒരു സ്നേഹിതൻ ചൂണ്ടിക്കാണിക്കുകയുണ്ടായി റബ്ബർ ഫാക്ടറി ശരിയായ വിധത്തിൽ നടത്തുന്നതിനു് ഒരു എക്സ്പർട്ടുണ്ടോ എന്നു്. അതിനു ഞാൻ സമാധാനം പറയുകയാണു് ചെയ്യുന്നതു്. ശ്രീ. ഉണ്ണിത്താനവർകൾക്കു് ഈ മാതിരിയുള്ള വ്യവസായങ്ങൾ നടത്തുന്നതിനു തക്ക കെൽപ്പും പരിജ്ഞാനവും ഉണ്ടെന്നുള്ളതിനെ ആരും നിഷേധിക്കുമെന്നു തോന്നുന്നില്ല. ആ ഫാക്ടറിയുടെ ഭരണസംബന്ധമായ നിയന്ത്രണം ഗവമെന്റിൽതന്നെയാണു സ്ഥിതിചെയ്യുന്നതു്. റബ്ബർ ഫാക്ടറിക്കു് വലിയ സാദ്ധ്യതകൾ ഉണ്ടെന്നുതന്നെ ഗവമെന്റു പരിപൂർണ്ണമായി വിശ്വസിക്കുന്നു. ൧൧൨൭ ഏപ്രിലിൽ അവസാനിക്കുന്ന വർഷത്തിൽതന്നെ ൪൦,൦൦൦ രൂപയോളം ലാഭം ഗവമെന്റിന്നു കിട്ടുമെന്നാണു പ്രതീക്ഷിക്കുന്നതു്. ആ സ്ഥിതിക്കു് റബ്ബർ ഫാക്ടറിയെ സംബന്ധിച്ചു് ആശങ്കക്കു വകയുണ്ടെന്നു ഞാൻ സംശയിക്കുന്നില്ല.

പ്ലൈവുഡ്ഡ് ഫാക്ടറിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതിന്റെ സ്ഥിതിഗതികൾ അത്ര ശരിയാണെന്നു ഞാനും പറയുന്നില്ല. അതിനെ സംബന്ധിച്ചു അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനുവേണ്ടി ആ വ്യവസായത്തിൽ പ്രായോഗിക പരിജ്ഞാനമുള്ള രണ്ടു വിദഗ്ദ്ധന്മാരെ വരുത്തി അന്വേഷണം നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഒരു ജർമ്മൻ വിദഗ്ദ്ധനായ മി. മില്ലറും മറ്റൊന്നു മി. കാർക്കുട്ടിയുമായിരുന്നു. അവർ പ്ലൈവുഡ് ഫാക്ടറി സന്ദർശിച്ചു ആ ഫാക്ടറി എങ്ങനെയാണു് പുനഃസംഘടിപ്പിക്കേണ്ടതു് എന്നു കാണിച്ചു് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിനെ ആസ്പദമാക്കി അതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഗവമെന്റു് ഉദ്ദേശിക്കുന്നുണ്ട്. ഇന്നു അതിന്റെ മാനേജരായിരിക്കുന്ന ആളിനെപ്പറ്റി എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അതിന്റെ പ്രവർത്തനത്തെ സുഗമമാക്കുന്നതിനു് ആവശ്യമുള്ള എല്ലാ നിയന്ത്രണങ്ങളും ആവശ്യമെന്നു തോന്നുന്ന പക്ഷം പുതിയ നിയമനങ്ങളും നടത്തേണമെന്നുതന്നെയാണു് ഗവമെന്റു് വിചാരിക്കുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇപ്പോഴത്തെ മാനേജരുടെ പേരെന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വെങ്കിട്ടരാമയ്യർ എന്നാണ്. പ്ലൈവുഡ് ഫാക്ടറിയെപ്പറ്റിയുള്ള പരാതികൾ ൧൧൨൬, ൧൨൬ വർഷം അവസാനിക്കുന്നതിനു മുമ്പുതന്നെ പരിഹരിക്കണമെന്നാണ് ഗവമെന്റു് ഉദ്ദേശിക്കുന്നതു്.

ശ്രീമാൻ ഇട്ടിച്ചെറിയായെസംബന്ധിച്ചു് എന്റെ ഒരു സ്നേഹിതൻ ഒരു പ്രസ്താവന ചെയ്യുകയുണ്ടായി. അതായതു് ൧൦,൦൦൦ രൂപായോളം ഗവമെന്റിന്നു തരാനുണ്ടെന്നും ആ രൂപാ തരുന്നതിനുപോലും നിവൃത്തിയില്ലാത്ത

ഒരാളെയാണ് ബസ്സിന്റെ ബാഡിപണിയിൽ ഗവൺമെന്റ് ഏല്പിച്ചിരിക്കുന്നതെന്നും. ഞാൻ ഇതിപ്പോഴാണ് കേൾക്കുന്നതു്. അതിനെപ്പററി അന്വേഷിച്ചു് പണം തരാനുണ്ടെങ്കിൽ അതിലേക്കു് വേണ്ട ഏർപ്പാടുചെയ്യാം. ഇത്ര മാത്രം വിശ്വസിക്കാൻ പാടില്ലാത്ത ഒരാളാണ് അദ്ദേഹമെന്നു് ഗവൺമെന്റിനു ബോധ്യമാകുന്നപക്ഷം തീർച്ചയായും ആ ആളുമായി ഇനി ഗവൺമെന്റ് ഒരിടപാടിലും ഉൾപ്പെടുകയില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: ക്യാബിനററ് മേക്കിങ്ങ് സംബന്ധിച്ചു് എന്താണ് നടന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെനിന്നും അയച്ചുകൊടുത്ത ചില സാമ്പിളുകൾ അതാവശ്യപ്പെട്ടിരുന്ന ആളുകളെ സന്തോഷിപ്പിച്ചില്ലെന്നു തന്നെയല്ല അവർ ആവശ്യപ്പെട്ട രീതിയിലുള്ളതല്ലായിരുന്നു എന്നുമാണ് പറയുന്നതു്. ചില സാങ്കേതികമായ വിഷമങ്ങൾ അതിലുണ്ടായിരുന്നു എന്നും ആ കമ്പനിക്കാർ വാദിക്കുന്നുണ്ടു്. അതുകൊണ്ടാണ് ആ കൺട്രാക്ടു് പരിപൂർണ്ണമായ രീതിയിൽ നിറവേററുന്നതിനു് ഇടവരാതിരുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ കൺട്രാക്ടു് സംബന്ധിച്ചു് ഗവൺമെന്റിനു് എന്തെങ്കിലും നഷ്ടം ഉണ്ടായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

Sri. P. Balakrishnan Tampi: What about the bus body that he made?

ശ്രീ. ടി. കെ. നാരായണപിള്ള: ഒന്നോ രണ്ടോ ബസ്സുകൾ മാതൃകയായി ഉണ്ടാക്കിത്തന്നു എന്നല്ലാതെ ഒരു കൺട്രാക്ടു് കൊടുത്തിട്ടുണ്ടെന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. അതിനെപ്പററി തീർച്ചയായും അന്വേഷിക്കാം.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കുറച്ചു് ക്യാബിനററ് ഉണ്ടാക്കിയിട്ടുള്ളതു് എന്തു ചെയ്തു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ആ കമ്പനിക്കാരെത്തന്നെ ഏല്പിച്ചിട്ടുണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിന്റെ പണം കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: പണം വന്നിട്ടുണ്ടെങ്കിൽ ബഡ്ജററിൽ കൊള്ളിക്കാതിരിക്കുന്നതിനു കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: പണം തന്നുകഴിഞ്ഞിട്ടുണ്ടോ എന്നറിയാൻ പാടില്ല.

അടുത്തതായി എനിക്കു ചവറ മിനറൽസിന്റെ പ്രവർത്തനത്തെപ്പററിയാണ് പറയാനുള്ളതു്. മണവാളക്കുറിച്ചി ഫാക്ടറി അടച്ചിട്ടതു് വളരെ തെററായിപ്പോയി എന്നൊരു സ്നേഹിതൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതു ശരിയാണ്. പക്ഷെ ആ ഫാക്ടറി ടി. എം. സിക്കാരും ഹാപ്കിൻസ് ആൻഡ് വില്യംസ് കമ്പനിക്കാരും നടത്തിവന്നിരുന്നകാലത്തുതന്നെ അതു അടച്ചിട്ടിരുന്നുവെന്നു ആ സ്നേഹിതനും അറിയാമായിരുന്നു. ഈ കമ്പനി ഗവൺമെന്റ് വിലക്കുവാങ്ങിയതു ൧൯൪൯ അവസാനത്തിലായിരുന്നു. അതിനു മുമ്പുതന്നെ അടച്ചിട്ടിരിക്കയായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് സമീപകാലത്തു് അതിന്റെ പ്രവർത്തനം ആരംഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നടപടികൾ എടുത്തുവരുന്നുണ്ടു്. ആലുവായിൽ മോണോ സൈററ ഫാക്ടറി വരുന്ന സമയത്തു അ

[Sri. T. K. Narayana Pillai]

വിടത്തേക്ക് മോണോസൈററ് സപ്ലൈ ചെയ്യേണ്ടതുണ്ട്. ആ നിലയിലും ഇതിന്റെ പ്രവർത്തനം ആവശ്യമായി തീർന്നിരിക്കുകയാണ്. എന്റെ ഒരു സ്നേഹിതൻ ചൂണ്ടിക്കാണിക്കുകയുണ്ടായി ചവറയിലുള്ള എല്ലാ മണൽക്കമ്പനികളും ഗവൺമെണ്ടിൽനിന്നും വിലക്കുവാങ്ങി നടത്തേണ്ടതാണെന്ന്. ആ അഭിപ്രായത്തോട് ഞാനും പരിപൂർണ്ണമായി യോജിക്കുന്നു. അതിൽ എഫ്. എക്സ്. പെരേരയുടെ കമ്പനി എടുക്കുന്നതിനുള്ള എല്ലാ നടപടികളും നടത്തിക്കഴിഞ്ഞു. അതിന്റെ വിലയും തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. ഹോപ്കിൻസ് ആൻറ് വില്യംസ് കമ്പനിയാണ് ചവറയിൽ ഉള്ള ഏററവും വലിയ കമ്പനി. ആ കമ്പനി വിലക്കുവാങ്ങുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ മുമ്പ് പറഞ്ഞതുപോലെ എല്ലാ മണൽകമ്പനികളും ഗവൺമെൻറ് വിലക്കുവാങ്ങിയാൽ ഒരവസരത്തിൽ ഇൻഡ്യാ ഗവൺമെൻറ് ഈ കമ്പനികളെല്ലാം ഏറെറടുത്തു നടത്തുന്നതിന് നിശ്ചയിക്കുന്നപക്ഷം അതിൽ ചില കുഴപ്പങ്ങൾക്കു ഇടയാകുമെന്ന് ഒരു നിർദ്ദേശം ഇൻഡ്യാ ഗവൺമെൻറിൽനിന്നും വരികയുണ്ടായി. അതിന് ഈ ഗവൺമെൻറ് ശക്തിയായ മറുപടിയും അയച്ചിട്ടുണ്ട്. ചവറയിലുള്ള എല്ലാ കമ്പനികളും വിലക്കുവാങ്ങി നടത്തുന്നതിനു ഞങ്ങളെ അനുവദിക്കണമെന്നു സമീപകാലത്തുപോലും ഇൻഡ്യാ ഗവൺമെൻറിനോട് അപേക്ഷിച്ചിട്ടുണ്ട്. ഞങ്ങൾക്ക് അതിനുള്ള അവകാശത്തെ നിഷേധിക്കരുതെന്നും ഞങ്ങൾ വാദിച്ചിട്ടുണ്ട്. മിക്കവാറും ഞങ്ങളുടെ നില ഇൻഡ്യാഗവൺമെൻറ് സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചവറയിലുള്ള നാലു മിനറൽസ് കമ്പനികളിൽ രണ്ടെണ്ണം ഗവൺമെൻറിന്റെ അധീനതയിലാണ്. മററു രണ്ടു കമ്പനികളുംകൂടി വിലക്കുവാങ്ങി ഗവൺമെൻറിൽനിന്നും നടത്തണമെന്നാണുദ്ദേശിക്കുന്നത്. അതിലേക്ക് ഈ ബഡ്ജററിൽ തന്നെ പ്രത്യേകം ഒരു തുക നീക്കിവെച്ചിട്ടുമുണ്ട്. വേറെയും ചില സംഗതികളെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാർ പ്രസ്താവിക്കുകയുണ്ടായി. പക്ഷെ അതിനെല്ലാം മറുപടിപറയുന്നതിനുള്ള സമയമില്ലാതെ വന്നതിൽ ഞാൻ ഖേദിക്കുന്നു.

ശ്രീ. ഏ. താണുപിള്ള: ബഡ്ജററിൽ ൨൱൬–ാം വശത്തു 'ഇൻവെസ്ററുമെൻറ് ആൻറ് ഗവൺമെൻറ് കമേഴ്സ്യൽ അണ്ടർ ടേക്കിംഗ്സ്' എന്ന ഹെഡിംഗിൽ മുപ്പത്തിഒന്നരലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്. അതെന്തിനാണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. കെ. നാരായണപിള്ള; ഇരുപത്തിരണ്ടരലക്ഷം രൂപാ മോണോസൈററ് ഫാക്ടറിക്കുവേണ്ടിയാണ്. മുപ്പത്തി ഒന്നരലക്ഷം രൂപാ എന്ന് എന്റെ സ്നേഹിതൻ ചൂണ്ടിക്കാണിച്ചതിൽ ഇരുപത്തിരണ്ടര ലക്ഷം രൂപാ ഒരു മിനറൽ കമ്പനിക്കുവേണ്ടിയും ഒൻപതുലക്ഷം രൂപാ റയൺസ് കമ്പനിക്കു കടം കൊടുക്കുന്നതിനുമാണ്.

ശ്രീ. ഏ. താണുപിള്ള: ഈ ഒൻപതുലക്ഷം രൂപാ അവക്ക് കടമായി കൊടുക്കാനല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള· അങ്ങിനെയാണുദ്ദേശിക്കുന്നത്.

Sri. D. Gnanasigamoni : What is the nature of the objection raised by Government of India regarding the purchase of the Mineral Company?

Sri. T. K. Narayana Pillai : I think the Government of India have an idea of purchasing these companies and ultimately if they have decided upon purchasing these companies that may lead to some complications.

The cut motion moved by Sri. P. Kunjukrishnan was by leave withdrawn.

The cut motions moved by Sri. P. S. Nataraja Pillai

and Sri. N. Daniel Jose were put and lost.

The question that Government be granted a sum of Rs. 38,66,000 under 'Demand No. XXV—Industries' was put and carried.

The grant was made.

Demand No. V—Forests

Chief Minister **(Sri. C. Kesavan) :** I move for a grant of Rs. 68,09,700 under Demand No. V—Forests.

Minister for Law, Finance and Revenue **(Sri. A. J. John):** I second the motion

Sri. P. K. Krishnan Sastri : I move, to reduce the allotment of Rs. 11,800 for pay of officers of the Chief Conservator's Office by Re. one.

സർ, ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നതോടൊപ്പം ചില സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. മററുള്ള ഡിപ്പാർട്ടുമെൻറുകളിലെ ഭരണംപോലെതന്നെ അതൃപ്തികരമാണ് ഈ ഫാറസ്ററ ഡിപ്പാർട്ടുമെൻറിലെ ഭരണവും എന്നുള്ളതു് നമുക്കു അറിവുള്ളതാണ്. ഗവമെണ്ടിന്റെ ഒരു ഗണ്യമായ വരുമാനമുള്ള ഒരു ഡിപ്പാർട്ടുമെണ്ടാണ് ഫാറസ്ററ ഡിപ്പാർട്ടുമെൻറ്. എന്നാൽ ഈ അടുത്ത കാലങ്ങളിൽ ആ വരുമാനം പല വിധത്തിലും കുറഞ്ഞുപോയിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഈ രാജ്യം പാശ്ചാത്യ രാജ്യങ്ങളെ ആകർഷിക്കുന്നു എന്നുള്ളതു് ചരിത്രപ്രസിദ്ധമായ ഒരു വാസ്തവമാണ്. ഇപ്രകാരം അവരെ ആകർഷിച്ചിരുന്നതു് നമ്മുടെ വനവിഭവങ്ങളാണ്. കേരളകരയിലെ വനവിഭവങ്ങൾ ഇഞ്ചി, കുരുമുളക്, ഏലം മുതലായവ വളരെ സുലഭങ്ങളാണ്. ഇന്നു ഈ വനങ്ങളേയും വനവിഭവങ്ങളേയും സംബന്ധിച്ചിടത്തോളം ഗവമെൻറ് അനാസ്ഥ പ്രദർശിപ്പിക്കുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

സർ, ഇന്നു മുഖ്യമായ സംഗതി ഭക്ഷ്യസാധനം വർദ്ധിപ്പിക്കാനെന്നും പറഞ്ഞു വനങ്ങളിൽനിന്നും അനേകം സ്ഥലങ്ങൾ കൃഷിക്കായി കൊടുത്തുവരുന്നു എന്നുള്ളതാണ്. ഇതു ഭക്ഷ്യസാധനങ്ങളെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൊടുക്കുന്നതാണ്. ൧൧൨൦ മുതൽക്കാണ് വനം കൃഷിക്കുവേണ്ടി കൊടുക്കുവാൻ ആരംഭിച്ചതു ഇതിനകം അൻപതിനായിരം ഏക്കർ ഭൂമി കൊടുത്തിട്ടുണ്ടെന്നും അറിയാൻ സാധിച്ചിട്ടുണ്ടു്. ഈ കൃഷിക്കു കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽനിന്നും സ്ഥലത്തിനനുസരണമായി കൃഷി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ എന്നു ഒന്നു പരിശോധിക്കേണ്ടതാണ്. ഇതുവരെ അതിൽനിന്നും വലിയ വരുമാനമൊന്നും ഉണ്ടായിട്ടില്ലെന്നുള്ളതിനുപുറമെ വലിയ കൃഷിവർദ്ധനവും ഈ രാജ്യത്തുണ്ടായിട്ടില്ല. ഈ കൃഷിക്കു കൊടുത്തിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ചു ഏതെങ്കിലും ഒരു വ്യവസ്ഥ ഗവമെൻറ് അംഗീകരിച്ചു് അതു് നടപ്പിൽ വരുത്താൻ ശ്രമിച്ചിരുന്നു എങ്കിൽ അതു് ഗവമെൻറിനും സാധാരണ ജനങ്ങൾക്കും വളരെ സഹായകമായിരുന്നേനേ എന്നാണ് എനിക്കു പറയാനുള്ളതു്. ഭൂമി ഇല്ലാത്തവർക്കു കൃഷി ചെയ്യുന്നതിനുള്ള ഭൂമി വീതിച്ചുകൊടുക്കുന്നതിനാണെന്നുള്ള ഒരു വ്യവസ്ഥ നടപ്പിലാക്കുന്നതിനും അങ്ങിനെ കൊടുക്കുന്ന ഭൂമിയിൽ കൃഷിചെയ്യുന്നതിനും വനങ്ങൾ വെട്ടിത്തെളിച്ചു താമസയോഗ്യമാക്കുന്നതിനും ഒരുങ്ങിയിരുന്നുവെങ്കിൽ കേറിക്കിടക്കുവാൻ സ്ഥലമില്ലാത്ത സാധുക്കൾക്കു് അതു് ഉപകാരപ്രദമായിരുന്നേനേ. അതിനു ശരിയായ ഒരു പരിപാടി ഗവമെൻറിന്റെ മുമ്പിൽ ഇല്ലെന്നാണ് പറയേണ്ടിയിരിക്കുന്നതു്.

[Sri. P. K. Krishnan Sastri]

കൂടാതെ കൃഷിക്കായി കൊടുത്തിട്ടുള്ള സ്ഥലങ്ങൾ സാധുക്കൾക്കല്ല കിട്ടിയിരിക്കുന്നത്. കഴിഞ്ഞ നിയമസഭയിൽ ഇതേപ്പററി പല സമാധാനങ്ങളും ഗവൺമെന്റ ഭാഗത്തുനിന്നും പറയുകയുണ്ടായി. അങ്ങിനെ പറഞ്ഞിട്ടുള്ള ഉത്തരങ്ങളിൽനിന്നും വ്യക്തമാകുന്നത്, ഇവിടത്തെ വലിയ മുതലാളിമാർക്ക്, അവരെ പ്രീണിപ്പിക്കുന്നതിന് കൃഷിചെയ്യാൻ എന്നുള്ള പേരിൽ സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിന് കൊടുത്തിട്ടുള്ളതായും അവിടെ ഉണ്ടായിരുന്ന വൻമരങ്ങൾ മുറിച്ചു തടികൾ വില്ക്കുന്നതിനും അവർക്ക് ആദായമുണ്ടാക്കുന്നതിനും വേണ്ടിയാണെന്നും ആണ്. വടക്കൻ താലൂക്കുകളിൽ അതായത് പീരുമേട്, ദേവികുളം മുതലായ സ്ഥലങ്ങളിൽ അനേകം ഏക്കർ സ്ഥലം ഇങ്ങനെ വലിയ ജന്മികൾക്കുമായി കൊടുക്കുകയും അവർ ഗവൺമെന്റിനെ സ്വാധീനംചെയ്തു അവിടെ ഉണ്ടായിരുന്ന തടികൾ വെട്ടിവിററ ആദായം എടുത്തുകൊണ്ടിരിക്കുകയും ചെയ്തതിനെപ്പററി ഈ സഭയിൽ ചോദിച്ചപ്പോൾ ആ സ്ഥലങ്ങളിൽ തടികൾ ഇല്ലെന്ന ആദ്യമേ ഉത്തരം പറയുകയും അതിനുശേഷം അവിടെയുള്ള തടികൾ മാർക്ക് ചെയ്യുന്നതിനൊരുദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടെന്നും കേൾക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതെല്ലാം ചിലരെ പ്രീണിപ്പിക്കുവാൻ വേണ്ടി ചെയ്തിട്ടുള്ളതാണ്. ഇങ്ങനെ ഗവൺമെന്റിന്റെ ആദായം നഷ്ടപ്പെടുന്നതും, കൃഷി ചെയ്യാവുന്ന സ്ഥലങ്ങൾ ദുരുപയോഗപ്പെടുത്തുന്നതും ഇവിടത്തെ ഗവൺമെന്റിന്റെ ഉദാസീന മനോഭാവംകൊണ്ടാണെന്നു പറയുന്നതിൽ യാതൊരു തെററുമില്ല. സർ, ഈ ഭൂമി കൃഷിക്കു കൊടുത്തതിനെ സംബന്ധിച്ച് തിരുവിതാംകൂർ കൊച്ചിയിൽ പ്രത്യേകമായി ചില കമ്മിററികളും രൂപീകരിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ ഡിവിഷനിലും കമ്മിററികൾ രൂപീകരിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ ഡിവിഷനിലും ചില കമ്മിററികളിൽ അപേക്ഷകൾ പര്യാലോചിച്ചതിനും അപേക്ഷകന്മാരുമായി അഭിമുഖസംഭാഷണം ചെയ്തതിനും ശേഷമാണ് കൃഷിക്കു വേണ്ടി ഭൂമികൾ പതിച്ചുകൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഈ കമ്മിററികളുടെ മുമ്പിൽ വരാതെതന്നെ അനേകായിരം ഏക്കർ ഭൂമി കൊടുത്തിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടുണ്ട്. ഈ അടുത്തകാലത്തുതന്നെ നെയ്യാററിൻകര ഒററശേഖരമംഗലത്തു ഇങ്ങനെ ഒരു അയ്യായിരം ഏക്കർ സ്ഥലം കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതായി പത്രങ്ങളിൽ കാണാൻ ഇടയായി. ഈ ഭൂമി കൊടുക്കുവാൻ എന്തു വ്യവസ്ഥയാണ് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതെന്നു ഇതുവരെ അറിയാൻ സാധിച്ചിട്ടില്ല. നെയ്യാററിൻകര ഒററശേഖരമംഗലം പകുതിയിൽ സർവ്വെ ചെയ്തു തിട്ടപ്പെടുത്തിയ സ്ഥലം മുഴുവനും ചില തല്പരകക്ഷികൾ സ്വാധീനംചെയ്തു താമസിച്ചുവരുന്നതായിട്ടാണ് ഇന്നുള്ള അറിവ്. ഈയിടെ പ്രസ്തുത സ്ഥലത്തു ഏതാനും സാധുക്കൾക്ക് കുടിയേററിപ്പാർക്കുന്നതിനു സ്ഥലം കൊടുക്കണമെന്നു അപേക്ഷിച്ച അവസരത്തിൽ അവിടത്തെ താസീൽദാർ പറയുകയുണ്ടായി അവിടെ ഒരിഞ്ചു ഭൂമി പോലും കൊടുക്കത്തക്കതില്ലെന്ന്. അവിടെ വിദേശിയരായ ആളുകൾ താമസമായി എന്നു് അദ്ദേഹവുമായി നേരിട്ടു സംസാരിച്ചപ്പോൾ മനസ്സിലാക്കുവാൻ സാധിച്ചു, അതിനുശേഷം സ്ഥലം വീതിച്ചുകൊടുക്കുവാൻ വേണ്ടി ഒരു കമ്മിററി ഗവൺമെന്റിൽനിന്നും നിയമിച്ചതായും അറിയാൻ കഴിഞ്ഞു. എന്നാൽ ഈ കമ്മിററിക്കാർ സാധുക്കളായ ഭൂമിയില്ലാത്തവർക്ക് ഒരു സെൻറ ഭൂമിപോലും കൊടുത്തിട്ടില്ലെന്നെനിക്കു അറിയാൻ കഴിഞ്ഞു. ഇതു പരമാർത്ഥമാണെങ്കിൽ ഈ ഭൂമിയെല്ലാം ആരാണ് ഏതു നാട്ടുകാരാണ് കൈവശം വച്ചുകൊണ്ടിരിക്കുന്നതെന്നു അറിയേണ്ടതുണ്ട്. നെയ്യാ

ററിൻകര അവശസമുദായക്കാരായ അനേകമാളുകൾ ഇന്നപേക്ഷകരായുണ്ട്. ഇവർക്ക് പത്തോ പതിനഞ്ചോ സെൻറ വീതം, ഭൂമിയില്ലാത്തവർക്കായി മാത്രമെങ്കിലും വിതരണം ചെയ്യണമെന്നപേക്ഷിച്ചപ്പോൾ അവിടത്തെ തഹസീൽദാർ അവർകൾ പറഞ്ഞത് അതവിടത്തെ താമസക്കാർക്ക് മാത്രമെ കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ളു എന്നാണ്. തഹശീൽദാർക്ക് അവിടത്തെ താമസക്കാരുമായി വല്ല ബന്ധവുമുണ്ടോ എന്ന് ഗവമെൻറന്വേഷിക്കുന്നത് നന്നായിരിക്കും. ഒററശേഖരമംഗലത്തെ സ്ഥലം കൊടുക്കാൻ നിയുക്തമായ കമ്മിററിക്കാരും സ്ഥലവിതരണവും തമ്മിൽ എങ്ങിനെ പൊരുത്തപ്പെട്ടിരിക്കുന്നു എന്നും അന്വേഷിക്കുന്നതു നന്നായിരിക്കും. നെയ്യാററിൻകരയിലെ സാധുക്കൾക്ക് ഒരു സെൻറ ഭൂമിപോലും കിട്ടീട്ടില്ല. ഗവമെൻറ് സർവ്വീസിൽ ഉള്ള ഒരു ഉദ്യോഗസ്ഥൻതന്നെ അവിടെ കുറെ സ്ഥലം കൃഷി ചെയ്യുന്നു. അതുപോലും ഒഴിപ്പിച്ചിട്ടില്ല. ഇതെല്ലാം ചില പ്രേരണകൾക്ക് വിധേയമായിട്ടാണ് ചെയ്തിട്ടുള്ളത്.

സർ, മറെറാന്നെനിക്ക് പറയാനുള്ളത്, തിരുവനന്തപുരത്തുള്ള ഫാറസ്ററ് കമ്മിററികളുടെ തീരുമാനങ്ങളേയും അവരുടെ തീരുമാനങ്ങളേയും പററിയാണ്. ചില ആളുകൾക്ക വീതിച്ചുകൊടുക്കാൻവേണ്ടി കമ്മിററിയുടെ പര്യാലോചനക്ക വന്ന സ്ഥലങ്ങൾ യാതനയുടെ പേരിൽ കമ്മിററിയുടെ തീരുമാനങ്ങളെ അവഗണിച്ചു വളരെ സ്ഥലങ്ങളും ഗവമെൻറ് യാതനക്കാർക്കും അവരുടെ സിൽബന്ധികൾക്കുമായി കൊടുത്തിട്ടുണ്ട്. ഇതേപററി തിരുവനന്തപുരം കമ്മിററി അവഗാഢമായാലോചിക്കയും ഗവമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന തീരുമാനിക്കുകയും ചെയ്തിരുന്നു.

മറെറാരു കാര്യം പറയുവാനുള്ളത്, വനത്തിൽ താമസിക്കുന്ന കാണിക്കാരെപ്പററിയാണ്. അതായത് അവർക്ക ഫാറസ്ററ ഉദ്യോഗസ്ഥന്മാരിൽനിന്നും വളരെ ഉപദ്രവങ്ങൾ നേരിടുന്നു എന്നുള്ളതാണ്. എങ്ങിനെയെന്നുവച്ചാൽ വനപ്രദേശത്തു വന്യമൃഗങ്ങളുടെ ശല്യത്തെ ഇല്ലായ്മചെയ്തു നെല്ല്, വാഴ മുതലായവ കൃഷിചെയ്തു വരുന്നതിനെ അവിടത്തെ ഫാറസ്ററുദ്യോഗസ്ഥന്മാർക്ക് കൊടുക്കണം. വാസ്തവത്തിൽ ഇന്നു ഫാറസ്റ്റിൽ ഉദ്യോഗം വഹിക്കുന്ന ആളുകളുടെ ഉപജീവനമാർഗ്ഗംതന്നെ ഈ കാണിക്കാരെക്കൊണ്ടാണ്. ഈ മാതിരിയുള്ള പല പല കഷ്ടാവസ്ഥകളാണ് ഫാറസ്റ്റിൽ താമസിച്ചുവരുന്ന കാണിക്കാർ അനുഭവിച്ചുവരുന്നത് എന്ന് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഫാറസ്റ്റിൽ നിന്നും കൊടുക്കുന്ന ഭൂമി സാധുക്കൾക്കും കൂടി ലഭിക്കത്തക്കവിധത്തിൽ വ്യവസ്ഥചെയ്യേണ്ടതാവശ്യമാണെന്നും ഈ വക കാര്യങ്ങളിൽ ഗവമെൻറ് ശ്രദ്ധിക്കണമെന്നും ഞാൻ അറിയിച്ചുകൊള്ളുന്നു.

ശ്രീ. സി. സി. പ്രസാദ്: സർ, എൻെറ രണ്ടും നാലും ഇരുപത്തിമൂന്നും കട്ട്മോഷനുകൾ ഒരുമിച്ച് മൂവ്ചെയ്തുകൊണ്ട് ൨൩-ാമത്തെ മോഷനെപ്പററി പ്രധാനമായി സംസാരിക്കാമെന്നാണ് വിചാരിക്കുന്നത്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: എല്ലാ മോഷനെപ്പററിയും ഒരുമിച്ച് സംസാരിക്കാവുന്നതാണ്. പ്രത്യേകം പ്രത്യേകം സംസാരിക്കുവാൻ സൗകര്യമുണ്ടായി എന്നുവരുന്നതല്ല.

ശ്രീ. സി. സി. പ്രസാദ്: സർ, പൊതുവിൽ റിസർവ്വ് ഫാറസ്ററുകളെ സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ സാധാരണക്കാരുടെയിടയിലുള്ളത് എല്ലാവർക്കും അറിയാവുന്നതുപോലെ എനിക്കും അറിയാവുന്നതാണ്. വനം അല്ലാത്ത ധാരാളം ഭൂമി റിസർവ്വ് ഫാറസ്ററുകൾ എന്ന പേരിൽ ഇന്ന ഫാറസ്റ്റ്

[Sri C. C. Prasad]

ഡിപ്പാർട്ടുമെൻറ് കയ്യടക്കിവച്ചിട്ടുണ്ടു്. ഗവമ്മെൻറ് എഴുതിച്ചോദിച്ചാൽ ഫാറസ്റ്റിൽ കൃഷിക്കുകൊടുക്കുന്നതിനു സ്ഥലമില്ല, ഉള്ളതെല്ലാം വനങ്ങളാണ് എന്നു ഫാറസ്റ്റധികാരികൾ മറുപടി പറയും. എന്നുതന്നെയുമല്ല, പാവപ്പെട്ടവർ ആരെങ്കിലും കൺസർവേറററെ സമീപിച്ചാൽ വനത്തിൽ മന്ത്രിമാക്കുമാത്രമേ അധികാരമുള്ളു, തനിക്കു ഗവമ്മെൻറിൽനിന്നും വനമുണ്ടോ എന്നു ചോദിച്ചാൽ ഇന്നയിടത്തെല്ലാം വനമുണ്ടു് എന്നു പറയാൻ മാത്രമേ അധികാരം ഉള്ളു എന്നാണു് മറുപടി പറയുന്നതു്. പാവപ്പെട്ടവരാരെങ്കിലും ഫാറസ്റ്റ്ആധികാരികളെ സമീപിച്ചാൽ പൂച്ച കണ്ണടയ്ക്കുന്നതുപോലെ ചില സൂത്രപ്പണികൾ അവർ പ്രയോഗിച്ചുവരുന്നതായി എനിക്കറിയാം. പാവപ്പെട്ടവൻ ഒരപേക്ഷ കൊടുത്താൽ അതു കീഴ് ഉദ്യോഗസ്ഥൻെറ റിമാർക്കോടുകൂടി മേലുദ്യോഗസ്ഥൻെറ അടുത്തു പോയാൽ അപേക്ഷ കാണുകയില്ല, റിമാർക്സു മാത്രം കാണും. ഇങ്ങനെയുള്ള പല മായാവിദ്യകളും ഇവിടെ നടക്കുന്നുണ്ടു്. ഹജ്ജൂരിലും ഫാറസ്റ്റ് സെക്ഷൻ ഒരു ഫയലുവിഴുങ്ങി സെക്ഷനാണെന്നു കേൾക്കുന്നുണ്ടു്. അതിനു ചില ഉദാഹരണങ്ങളും എനിക്കു പറയാൻ സാധിക്കും. എവിടെനിന്നെങ്കിലും ഒരപേക്ഷ അയച്ചാൽ ഹജ്ജൂരിൽ ഫാറസ്റ്റ്സെക്ഷനിൽ അന്വേഷിക്കുമ്പോൾ ഒന്നുകിൽ അതു ഗവമ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിരിക്കുകയാണ്, അല്ലെങ്കിൽ കൺസർവേറററുടെ റിപ്പോർട്ടിനു് അയച്ചിരിക്കയാണ് എന്നെന്തെങ്കിലും ഒന്നു പറഞ്ഞു ഫയൽ ക്ലോസുചെയ്തിരിക്കുന്നതായി അറിയാൻ കഴിയും. ഇങ്ങനെയുള്ള ചില തിരിമറിയലുകളും മായാവിദ്യകളും ഇവിടെ നടക്കുന്നുണ്ടു്. ചില പ്രത്യേക ആളുകൾക്കുമാത്രം—ബഹു. മന്ത്രിമാർ പറയുന്നതുപോലെ പൊതുജനതാല്പര്യത്തിൻെറപേരിൽ ആ ആളുകൾ ആരെല്ലാമാണെന്നു ഞാൻ പ്രത്യേകം പ്രത്യേകം എടുത്തു പറയുന്നില്ല—ചില കാര്യങ്ങൾ സാധിക്കുന്നതിനുവേണ്ടിയാണ് ഈ തിരിമറിയലുകൾ എല്ലാം നടക്കുന്നതെന്നു് എനിക്കറിയാം. ഇങ്ങനെയുള്ള അട്ടിമറിപ്പൻ പ്രസ്ഥാനങ്ങളും ടാപ്പിഡോ ചെയ്യലുകളുമെല്ലാം ഇവിടെ നടക്കുന്നതു ഈ അസംബ്ലിയിലെ അംഗങ്ങളായ ചിലരുടെ പ്രവർത്തനംകൊണ്ടുകൂടിയാണെന്നും എനിക്കറിയാം. അതുകൊണ്ടു് ഞാൻ അതിനെപ്പററി പ്രത്യേകം പറയുന്നില്ല. ഏതായാലും ഈ മുതലാളിത്ത മനസ്ഥിതിയോടുകൂടിയ പ്രവർത്തനങ്ങളിൽ മുതലാളിത്തതാല്പര്യക്കാരെല്ലാം കൂട്ടുചേന്നു പ്രവർത്തിക്കുന്നതായിട്ടാണ് കാണുന്നതു്. പാവപ്പെട്ടവക്കു് ഇവിടെ യാതൊരു രക്ഷയുമില്ല. കാൺഗ്രസ്സ് എന്നുപറഞ്ഞു നടക്കുന്നവക്കോ അവരുടെ ബന്ധുക്കൾക്കും ചാർച്ചക്കാക്കുമോ മാത്രമേ ഇവിടെ ഭൂമി കിട്ടാൻ നിവൃത്തിയുള്ളു. ഇങ്ങനെയായാൽ ഈ ഗവമ്മെൻറിനു ഒരു ജനാധിപത്യ ഗവമ്മെൻറന്നു അഭിമാനിക്കാൻ അവകാശമുണ്ടോ? ഈ ഗവമ്മെൻറു ജനാധിപത്യത്തിനുവേണ്ടി നിലകൊള്ളുന്നുവെങ്കിൽ ഇവിടത്തെ ജനങ്ങളോടു അവക്കു വലുതായ ഒരു ഒരു കടപ്പാടുണ്ടെന്നും എല്ലാ ജനങ്ങൾക്കും ഗവമ്മെൻറിൻെറ തണൽ ലഭിക്കുന്നതിനു മനസ്സിരുത്തി പ്രവർത്തിക്കേണ്ടതാണെന്നും ഞാൻ ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുന്നു. ഞാൻ ഇപ്പോൾ ഇതെല്ലാം പറയുന്നതു നമ്മുടെ ഇപ്പോഴത്തെ ചീഫ്മിനിസ്റ്റർ ഒരു പുതിയ ആളായതുകൊണ്ടാണ്. അദ്ദേഹം ഒരുപക്ഷെ വളരെ ഭീതിയോടുകൂടിയായിരിക്കാം അവിടെ ഇരിക്കുന്നതു്. എന്നാൽ അതിനെപ്പററി ഞങ്ങൾക്കു യാതൊരു കയ്യും മില്ല. അതെല്ലാം കാൺഗ്രസ്സിലുള്ള ചരടുവലികൾകൊണ്ടുണ്ടാകുന്നതാണ്. അതെങ്ങിനെയിരുന്നാലും ഇപ്പോഴത്തെ പുതിയ മന്ത്രിസഭ എല്ലാ ജനവിഭാഗങ്ങളോടും ഉത്തരവാദിത്വമുള്ളതാണെന്നു സ്വയം തെളിയിക്കുമെന്നു ഞാൻ വളരെയധികം പ്രത്യാശിക്കുന്നു.

ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ താഴ്ന്നജോലിക്കാർക്ക് എന്തെങ്കിലും കൈക്കൂലി കൊടുത്തില്ലെങ്കിൽ കിടന്നു പൊറുക്കാൻ നിവൃത്തിയില്ലെന്നാണ് വന്നിരിക്കുന്നത്. അതിനെക്കുറിച്ച് പ്രത്യേകം പറയുന്നതിനു വേണ്ടിയാണ് ൨൯-ാം നമ്പർ കട്ട്മോഷൻ ഞാൻ അയച്ചിട്ടുള്ളത്. പരമേശ്വരൻപിള്ള എന്ന ഒരു ഫാറസ്റ്റ്ഗാർഡ് എവിടെയോ ഉത്സവത്തിനു (ശിവരാത്രിക്ക് എന്നറിയുന്നു) പോകുന്നവഴിക്ക് കാപ്പികുടിക്കാൻ പണം കൊടുത്തില്ലെന്നുള്ള കാരണത്താൽ മന്നാംകണ്ടം പുലയമഹാസഭാ സെക്രട്ടറി ശ്രീ. കെ. ടി. അച്ചുതൻെറ വീട്ടിൽ കയറി അദ്ദേഹത്തെയും അവിടെ ഉണ്ടായിരുന്ന മററാളുകളെയും ഉപദ്രവിച്ചതായി ഒരു ഫോണോഗ്രാം എനിക്ക് കിട്ടിയിട്ടുണ്ട്. ആ ഫോണോഗ്രാം ഞാൻ ചീഫ്മിനിസ്റ്ററെ ഏൽപ്പിക്കുകയുണ്ടായി. അദ്ദേഹം അതിന്മേൽ വേണ്ട നടപടികൾ എടുത്തിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ കയ്യേററം ഒരുവഴിക്ക്, ഹജ്ജൂരിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ കയ്യേററം മറെറാരുവഴിക്ക്, വയസ്സായി കഴിഞ്ഞുതിരിക്കാൻ വയ്യെങ്കിലും ഉദ്യോഗത്തിൽ വച്ചുകൊണ്ടിരിക്കുന്ന ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറ്മേധാവിയുടെ തിരുമറി മറെറാരുവഴിക്ക്, ഇങ്ങനെ പാവപ്പെട്ടവർക്ക് കിടന്നു പൊറുക്കാൻ നിവൃത്തിയില്ലാത്ത ഒരു സ്ഥിതിയാണ് വന്നുചേർന്നിരിക്കുന്നത്.

ശ്രീ. സി. കേശവൻ: ഉദ്യോഗസ്ഥന്മാരുടെ കയ്യേററം മാത്രമേ ഉള്ളോ, അതോ ഉദ്യോഗസ്ഥന്മാരല്ലാത്തവരുടെ കയ്യേററവുമുണ്ടോ?

ശ്രീ. സി. സി. പ്രസാദ്: ഉദ്യോഗസ്ഥന്മാരല്ലാത്തവരുടെ പ്രേരണ പക്ഷെ ഉണ്ടായിരിക്കാം. ഉദ്യോഗസ്ഥന്മാരല്ലാത്തവരെ കൂട്ടുപിടിച്ചുകൊണ്ട് അവർ കയ്യേററം നടത്തുന്നു എന്നാണ് എൻെറ അറിവ്.

സർ, ഇങ്ങനെയുള്ള ജനാധിപത്യമല്ല ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. ഇങ്ങനെയുള്ള ഒരു ജനാധിപത്യത്തിനുവേണ്ടിയല്ല ഞങ്ങൾ നിലകൊള്ളുന്നത്. നാം ജനാധിപത്യത്തിനുവേണ്ടിയാണ് നിലകൊള്ളുന്നതെങ്കിൽ ഈ നാട്ടിലെ സാധാരണക്കാരനും ജന്മിക്കും മുതലാളിക്കും അഥവാ ഉള്ളവനും ഇല്ലാത്തവനും സമ്പക്കം പുലത്തി മുമ്പോട്ടു പോകുന്നതിന് എല്ലാവർക്കും ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ ഒരുപോലെ പരിഗണന ലഭിക്കുന്ന ഒരു നയം ഉണ്ടാകുകയാണ് വേണ്ടത്. അങ്ങിനെ ഒരു നയം നമ്മുടെ ഗവമ്മെൻറിനു ഉണ്ടാകണമെന്നാണ് ഞങ്ങൾ ആശിക്കുന്നത്. ആ കാരണംകൊണ്ടാണ് ഞങ്ങൾ സോഷ്യലിസത്തെ സ്വാഗതംചെയ്യുന്നതും, ആ വ്യവസ്ഥിതിക്കുവേണ്ടി നിലകൊള്ളുന്നതും.

Sri. Eapen Arackal: As one living in the plains, my knowledge of forest is rather limited. I only want to place certain aspects connected with forest cultivation or deforestation and cultivation of the forest areas for purposes of cultivation of paddy and other food products. Sir, one main way in which forest has become important to the ordinary man is the circumstance that of late forest areas are being leased out for the purpose of growing foodstuffs. I do not want to enter upon the disputed opinion existing among experts of the desirability or otherwise of leasing out forest areas. That is a matter which has to be settled among experts holding different opinions. But as things stand, Government have definitely pursued the policy of leasing out forest areas for the purpose of cultivation of paddy and other foodstuffs. Sir, one aspect which I would like to bring to the notice of Government is that there appears to exist a great deal of complaint against the system and method of leasing out forest areas. Sir, it has often been stated that the forest areas are being leased out to authorities, to persons in position, persons in affluent circumstances, persons who can bring to bear upon the Government some influence or other. Sir, such an opinion was voiced by an hon'ble Member who spoke prior to

[Sri. Eapen Arackal]

me but I do not know how far these allegations are true. But it is highly necessary that the Government should see that as far as possible these complaints are minimised. I do fully realise that it is not always convenient for poor men to get forest areas and convert those forest areas into smiling gardens where we can grow paddy and foodgrains. It is only rich men who can command money and resources that can take on lease forest areas and raise valuable crops on them. All the same, my suggestion would be that on that consideration alone these forest areas shall not be given to rich men as a rule. I think the Government should expedite the policy of leasing out at least on a small scale forest areas to poor persons also. If what I understand is correct, Government also is giving small subsidies to help these people to cultivate these lands. I would therefore suggest that in order to keep a balance and in order to avoid the feeling in general among masses that the lands are leased out to rich men or groups of rich men, such complaints should be nipped in the bud.

Another point I would like to draw the attention of Government to is this: large areas of land are leased out to rich men or groups of rich men. It is the duty of Government to verify that these lands are used for the purpose for which they leased out.

If what I am told is correct, Sir, very large tracts of forest areas are leased out to certain individuals or groups of individuals and a small portion of these areas are alone cultivated while others are allowed to remain uncultivated and people make capital of it by felling valuable timber and selling them. (Bell) That policy also should be checked and nipped in the bud.

Another aspect is that forest areas are large tracts of land covering about 1,500 to 2,000 sq. miles. Unless we have got access to these forests, unless there is a possibility of getting into them, we are not in a position to see and check and verify whether large portions of forest areas containing valuable timber are well preserved and whether they have not become a prey to the wear and tear. If what I understand from the Department is true, it appears that valuable timber, teak and mahogany, are all being felled here and there and that a large amount of good income is being lost.

Sri. C. Kesavan: May I know from the hon'ble Member whether mahogany is forest timber in Travancore-Co[illegible]

Sri. Eapen Arackal: [illegible] ...ant blackwood. What I suggest is that roads must be laid, crossroads must be laid in order to make these regions accessible for the staff of the Department, to go and inspect these areas. In my view, a section of the engineering department must be attached and placed at the disposal of the Conservator of Forests in order to enable him to see these places frequently.

I should like to touch another aspect. There are certain soft woods and other kinds of wood such as elavu and cheeni, etc., and kinds of timber which are not fetching large prices. Formerly, if what I am told is correct, these used to be sold to poor fishermen for scooping their boats for no price or at a nominal price. Of late, I am told that the price of elavu and cheeni and other similar types of timber out of which boats for the fishing classes are scooped, is fixed at 12 annas per cubic foot. (Second bell). Sir, I might remind the Government that formerly these used to be sold at 2 annas or at the most at 5 annas. Of late, there has been a substantial enhancement in the price. In order to help the fishermen who also contribute a large share in the production of foodstuffs in the State, it is highly necessary—and it is very respectfully suggested—that the enhancement, so far as this kind of timber and wood is concerned, is not called for and that it be reduced to a nominal value. I request that Government do pay attention to the points I have stressed.

Sri. M. I. Paul: Sir, I want to speak.

Mr. Deputy Speaker: I will allow you to speak, but not now.

Sri. P. S. Nataraja Pillai: Sir, I move:

"To reduce the allotment of Rs. 1,78,400 for General Direction by Re. 1".

Sir, in recent years, forest has become one of the important revenue-giving Departments of the State—a major department which contributes a substantial portion of the revenues of the State. That means that the exploitation of the forests is at its maximum, as far as I am able to understand, from the way in which receipts have been secured under this head. In the revised estimate for 1950—51, the figures have exceeded the original estimate and the receipt from exploitation of timber and firewood is substantially greater. At the same time, Sir, when revenue is derived from forests, there is an equal responsibility cast upon the Government to preserve the forests for future generations as well. The regeneration aspect or the conservation of forests by that department is equally important if not more important from my point of view. I am one of those who believe, Sir, that forest has a substantial part to play in the economy of any country. As such, indiscriminate exploitation will unsettle the economic condition of the country and the proper preservation of the forests is essential for the life of the community.

As I said, I was sorry to note that as far as conservation works are concerned the attention which it deserves was not bestowed upon it. For communications and other works, what was provided in the budget estimate was not spent during the year 1950—51. There is a substantial lapse of money nearing Rs. 72,000. This is found at page 38 of the budget—Subsidiary Statement,—"Communication and Buildings—2,12,100". The actual revised estimate is only Rs. 1,50,000 which means Rs. 72 thousand was not spent by the department. That, I feel Sir, is to a certain extent due to the dereliction of duty on the part of the department. The department ought to have taken more care to utilize whatever scanty allotments had been made. I maintain that the allotment made by Government and by this House for "Communication and Buildings," is very scanty; yet what scanty provision is made in the budget ought to have been fully utilized by the department if the department is earnest about its duty. That, I cannot but say.

Therefore, this exploitation must be consistent with preservation of forests. As far as I am able to understand, Sir, there is a direct and an indirect exploitation of our forests now. I mean by direct exploitation, [illegible]working down of timber and fuel as part of their normal duty and by indirect exp[illegible]tion I mean, the granting of forest areas under the grow more food scheme for cultivation. It has been very often said in this House and a section has complaint about indiscriminate leasing out of forest areas, and some of my other friends were saying that the primary necessity of man is food, therefore, even at the cost of forests, food must be produced, and the forest areas must be leased out. Yet, I say the ultimate result is the same. At any rate, there is a direct exploitation of the forests by the department for making revenue for the State and an indirect exploitation of the forests by leasing out the land and destroying tree growth on the forest area. Several allegations were made in this House about indiscriminate destruction of tree growth in the Devicolam division. I have no reason to doubt those statements made in this House. Moreover, I am fortified in my position, Sir, that one of my respected friends who visited that area saw large trees cut down and burnt away indiscriminately there. I think that fact stands unchallenged to this day. Therefore I feel I am right in saying that the Travancore forests are today subject to two kinds of exploitation—the direct exploitation by the department to make money and the indirect exploitation by way of destruction of the forests under the grow more food scheme. Sir, this is a dangerous policy. From my personal reminiscence—some 30 or 35 years ago—

[Sri. P. S. Nataraja Pillai]

I think it was during Mr. Krishnan Nayar's Dewanship—a two-hundred-acre plot under the puduval rules was assigned to a particular man, and the tree growth was assessed by the Revenue department at Rs. 7,000. Then one Division Forest Officer who later on happened to be the Conservator of Forests wrote to the Government that there was a need for revision of tree value in that area and that a revaluation must be made. Then the Government immediately cancelled the registration proceedings and asked for a revaluation and the revaluation resulted in a sum of Rs. 35,000, which was realized from the man before the land was assigned. I know him. He was a friend of mine and the whole transaction was within my knowledge. Sir, that was the way in which we were preserving the forests and Government interests. My friends might have visited that area, and I think the Treasury Benches might also have visited that estate. (Bell). It is somewhere near Konni. That is the way in which forest growth was preserved in this country. One of my hon'ble friends was saying that forest lands are leased out for growing paddy. We all know, Sir, in the hilly region how much of paddy can be cultivated. For one season, paddy may be grown in an area after destroying the trees altogether. Later on, in the second season, the whole thing turns out into other cultivation. If the policy of the Government is to increase the commercial crop of the country, let them openly and firmly say so and disafforest certain areas and grant them away to colonisation and settlement. But, Sir, then the question of rich man and the poor man comes in. The land problem in Travancore is so acute and critical in these days that ownership must be limited to co-operative ownership, and private ownership should not be increased in any way by handing over land to private holders. That is a very serious thing.

Then, Sir, if land is to be disafforested and if money economy alone is to be given preference and if money crops alone are to be produced, let it be openly avowed and let then land be set apart for that purpose. But this land must then be handed over only to co-operative cultivation, so that we may not create more troubles for the future generation to solve.

There is another point which I would like to point out to this House, and that is the development of forest resources. Sir, the budget estimate provided for Rs. 9,000 and added it on to the department to work on the development of forest resources. One of the most important and critical problems that faces India as a whole today is that of the scarcity of newsprint. Newsprint is a scarcity all over the world, and even today, it is one of the critical problems that faces India. Why not the Forest Department engage their attention on this matter? We have got an industrial research branch. We have got a university research institute. (Second Bell). The way in which money is allotted—it is inadequate—I consider Rs. 9,000 is too inadequate a sum for that purpose, but yet, that amount was not utilized in full. I think that is a regrettable condition and the Government should pay more attention to develop the forest resources to a better extent by utilizing minor produce and allied products. With these words, I move this motion.

<u>ശ്രീ. ഇ. പി. പൗലോസ്:</u> സർ, ഫോറസ്റ്റിനെ സംബന്ധിക്കുന്ന ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് എനിക്കു പറയുവാനുള്ളത് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ അതിനെ സംബന്ധിച്ച് നടന്ന ചർച്ചകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾതന്നെയാണ്. അത് ആവർത്തിക്കാതിരിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. ൧൧൨൨ മുതൽ അതായത് വനത്തിൽനിന്ന് ഭൂമി കൃഷിആവശ്യത്തിനു കൊടുക്കുവാൻ നിശ്ചയിച്ച കാലംമുതൽ അതിനെ സംബന്ധിച്ച് ഈ നിയമസഭയിലും നിയമസഭയ്ക്കുപുറത്തും ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതാണ്.

വളരെ വാദമുള്ള ഒരു വിഷയമായി ഗവൺമെൻറ് അതിനെ ഗണിച്ചിട്ടും ഉണ്ട്. അതേസംബന്ധിച്ച് നടന്ന വാദപ്രതിവാദങ്ങൾക്ക് ശേഷം ഗവൺമെൻറ് ഭക്ഷ്യോല്പാദനത്തിന് വനത്തിൽനിന്നും ഭൂമി കൊടുക്കുകയും ചെയ്തു. എന്നാൽ ഇങ്ങനെ കൊടുത്തുവരുന്ന ഭൂമിയിൽ എത്രമാത്രം സ്ഥിരമായി നെൽകൃഷിക്ക് ഉപകരിക്കുന്നുണ്ട്, അങ്ങനെയുള്ള സ്ഥലം ഫാറസ്റ്റിൽ ഉണ്ടോ, അതിൽ ഏതെങ്കിലും ഭാഗം കൃഷിക്കുവേണ്ടി വിട്ടുകൊടുത്തിട്ടുണ്ടോ എന്നുള്ളതിനെപ്പററി ഗവൺമെൻറ അന്വേഷിച്ചിട്ടില്ല. ഇപ്പോൾ കൃഷിക്കു കൊടുത്തിരിക്കുന്ന ഭൂമികളിൽ മിക്കതും കരഭൂമികളാണ്. ഒന്നോ രണ്ടോ കൊല്ലം മാത്രമേ അവിടെ നെൽകൃഷി ചെയ്യുവാൻ സാധിക്കുകയുള്ളു. ചിലസ്ഥലങ്ങളിൽ യാതൊരു വിധത്തിലും കൃഷിക്കു കൊള്ളാത്ത സ്ഥലങ്ങളാണ് ഭക്ഷ്യോല്പാദനത്തിന് കൊടുത്തിട്ടുള്ളത്. എന്നാൽ പെരിയാററിൻെറ തീരത്ത് പതിവു ഭൂമിയോടു വളരെ അടുത്ത് മൂവ്വാററുപുഴ, കുന്നത്തുനാട് എന്നീസ്ഥലങ്ങളിൽ കൃഷിക്കു കൊള്ളാവുന്ന ധാരാളം ഭൂമികൾ ഉണ്ട്. ആ സ്ഥലമൊന്നും സർവ്വെ ചെയ്ത് കൊടുക്കുന്നില്ല. അതിന് ഗവൺമെൻറിന് വിരോധമില്ലെങ്കിലും ഡിപ്പാർട്ടുമെൻറ് അതിനു തടസ്സമായി നില്ക്കുന്നുണ്ട്.

കൃഷിക്ക് എന്തെങ്കിലും കൂടുതൽ ഗുണം ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവൺമെൻറ് സമാരംഭിക്കുന്ന ഈ ഉദ്ദേശപ്രവൃത്തനങ്ങളെ ഡിപ്പാർട്ടുമെൻറ് തന്നെ മനപൂർവ്വം തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. ൧൧൨൫-ൽ പതിച്ചുകൊടുത്ത സ്ഥലങ്ങളിൽ ഇക്കൊല്ലം പ്രവേശിച്ചുതുടങ്ങിയതേയുള്ളു. ഇക്കൊല്ലം കൃഷിനടത്തിയ സ്ഥലങ്ങളിൽ അടുത്തകൊല്ലം വീണ്ടും കൃഷി നടത്തുവാനുള്ള സൗകര്യം കൊടുക്കുവാൻ പലപ്പോഴും ഡിപ്പാർട്ടുമെൻറ വിമുഖത കാണിക്കുന്നുണ്ട്. എൻെറ അഭിപ്രായത്തിൽ വനത്തിൽനിന്നും നെൽകൃഷിചെയ്യുവാൻ സൗകര്യമുള്ള ഭൂമികൾ മാത്രമെ പതിച്ചുകൊടുക്കാവൂ എന്നാണ്. വേണമെങ്കിൽ കന്നുകാലി മേച്ചിലിനും മററും ആവശ്യമുള്ള കരസ്ഥലങ്ങളും പതിച്ചുകൊടുക്കാം. പതിച്ചുകൊടുക്കുന്ന സ്ഥലത്ത് തുടർച്ചയായി നെൽകൃഷി നടത്തുവാനുള്ള സൗകര്യം കൊടുക്കുകയും ഡിപ്പാർട്ടുമെൻറുകാർ അതിലേയ്ക്ക് പ്രതിബന്ധമായി നില്ക്കാതിരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെ യോഗ്യമായ സ്ഥലങ്ങൾ ഏതാണെന്നു കണ്ടുപിടിക്കുവാൻ നാട്ടിൻപുറത്തുള്ള കൃഷിക്കാരുടെ സഹകരണവും വാങ്ങേണ്ടതാണ്.

ഇനി പതിച്ചുകൊടുത്തിട്ടുള്ള ഭൂമിതന്നെ അയാൾക്കു തിരിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചാണ് എനിക്കു പറയുവാനുള്ളത്. അതിർത്തി നിർണയിച്ച് വസ്തു തിരിച്ചുകൊടുക്കുന്ന ചുമതല ഓരോകൊല്ലവും ഡിപ്പാർട്ടുമെൻറിനാണുള്ളത്. പത്തേക്കർ അനുവദിച്ചു കൊടുത്തിട്ടുള്ള ഒരാളിൻെറ കൈവശം ൨൦ ഏക്കറും, ൨൦ ഏക്കർ അനുവദിച്ചുകൊടുത്തയാളിൻെറ കൈവശം ൫൦ ഏക്കറും സ്ഥലം കാണുന്ന ദൃഷ്ടാന്തങ്ങളുണ്ട്. ഇക്കൊല്ലം പത്തേക്കർ കൈവശംവെച്ചു കൃഷിനടത്തുന്ന ഒരാളിന് അടുത്തകൊല്ലം ൭ ഏക്കറെ കിട്ടിയെന്നുംവരാം. വസ്തു അതിർത്തിനിർണ്ണയിച്ചു തിരിച്ചുകൊടുക്കുന്ന ചുമതല ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിലെ കീഴ് സിൽബന്ധികൾക്ക് ആയിരിക്കുന്നതുകൊണ്ടാണ് ഈ കുഴപ്പം ഉണ്ടാകുന്നതു്. അവർക്കിഷ്ടമുള്ള ഭൂമി ഇഷ്ടമുള്ള ആളുകൾക്കു കൊടുക്കുകയാണ് ചെയ്യുന്നതു്.

മറെറാരു സംഗതി ഞാൻ ഇതിനുമുൻപു പറഞ്ഞിട്ടുള്ള ഒരു കാര്യമാണ്. മൂവാററുപുഴ കുട്ടമംഗലം പകുതിയിൽ ൩൦൦ ഏക്കർ സ്ഥലം കന്നുകാലി മേ

[Sri. E. P. Poulose]

ച്ചിത്സ്ഥലമായി തരണമെന്നു അവിടത്തെ ജനങ്ങൾ ഗവമ്മെണ്ടിനോടു ആവശ്യപ്പെട്ടു. അങ്ങിനെ ആവശ്യപ്പെട്ടിട്ടു ഏകദേശം ൩ കൊല്ലത്തിനുമേലായി. സ്ഥലം കൊടുക്കേണ്ടതാണെന്നു ഡിപ്പാർട്ടുമെണ്ടുകാർ അഭിപ്രായപ്പെട്ടു. എന്നാൽ ഗവമ്മെൻറു ഇതുവരെ യാതൊരു തീരുമാനവും ചെയ്തിട്ടില്ല. കൊടുക്കാവുന്നതാണെങ്കിൽ കൊടുക്കുകയോ അല്ലെങ്കിൽ കൊടുക്കാൻ നിവൃത്തിയില്ലെന്നു തീരുമാനിക്കുകയോ ചെയ്യണം.

അധഃകൃത കാളിനിയെപ്പററി ശ്രീ. സി. സി. പ്രസാദ് പറഞ്ഞു. മന്നാംകണ്ടത്തിൽ ഒരു അധഃകൃത കാളിനിയുണ്ട്. അവർ അവിടെ ചെറിയ കെട്ടിടങ്ങളും കെട്ടി താമസിക്കുകയാണ്. എന്നാലൊ ഒരു കച്ചവട മനോഭാവത്തോടുകൂടി ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ അവരെ അവിടെ താമസിപ്പിക്കുന്നതായിട്ടാണു കാണുന്നത്. ഈ ഉദ്യോഗസ്ഥന്മാർക്കു ഇഷ്ടമുണ്ടെങ്കിൽ അവർക്ക് അവിടെ താമസിക്കാം. ഇഷ്ടമില്ലെങ്കിൽ അവിടെനിന്നും അവർക്കു പോകേണ്ടതായിവരും. ഈ നില മാററി അവർക്കു സ്ഥിരമായി ഉദ്യോഗസ്ഥന്മാരുടെ ഭീഷണികൂടാതെ അവിടെ താമസിക്കത്തക്ക ഒരു വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്.

Sri. P. S. Nataraja Pillai: Sir, I move "to omit the allotment of Rs. 21,400 for Grow More Food staff by Re. one." In the Budget there is a provision for the Grow More Food staff under Forest Department. I am trying to establish that such a staff is unnecessary. According to the Grow More Food Scheme formulated, a policy of allotting land from reserve forest area was commenced two years ago. During the last two years forest lands have been leased out to the Grow More Food. My friend Mr. Poulose was saying that the method of leasing lands in the northern areas has been the subject of criticism there. I had occasion to hear about the way in which people went over to the Ayyappankovil reserve. I have not gone there myself. I am told that people went and squatted and put up houses without sanction and there are no boundaries for the land occupied. A lot of people from low countries migrated to the high lands and marked out particular areas for their possession and cultivation. Then they effected improvements as well. Later on in the wake of their occupation the survey staff of Government go there. I think it is the staff either of the Forest Department or Revenue Department, I am not sure which that went and surveyed. About measurements even now it is reported that each individual holding has not exact demarcations. That is the way in which survey work has been done during the last two years. Having done that, when the Forest Department has its own surveyors under their permanent establishment, why should we provide for another branch of surveyors under the Grow More Food campaign. The Forest Department must be aware of this occupation if they are doing their duties properly. Lands that may be available for dis-afforestation must be within the knowledge of the department, as they are in possession of working plans for Forest areas surveyed. Further they have even now working plan officers in that department. If working plan system had been properly understood and worked out, the area that could be set apart for production of more food could be known. When nothing of this kind has been made use where is the necessity to an impression to the public that something is being done whereby land will be available in the forest areas for the mere asking. That should not be the state of affairs. Sufficient care must be taken not to allot indiscriminately lands in forest areas. The reserves should not be de-reserved without sufficient ground. No reserve forest area should be allowed to go into the possession of any private individual. Without any statutory provision for dis-afforestation, no area should be de-reserved. That I fear is not the practice of this

Government for the last two years. Sir, the Forest Act provides that before any disafforestation is done, Government ought to specify the area to be taken out of the reserve. That area has to be marked out by definite boundaries. A notification to that effect has to be published in the Government Gazette. Only after all this process, the question of marking out the area for allotment to individuals arises. Then another point. Offence coming under the forest act is a criminal offence and certain proceedings can be instituted under the Criminal Procedure Code. Even for trespass in a forest area, proceedings can be launched. Where is that law now when people enter into reserve forests and begin cultivation straight-away. When the Government allows a law to be violated can it be justified I ask! In an emergency there might have been a necessity. But has not experience proved in this country that any widespread production of paddy under the Grow More Food campaign is impossible. Are we still under the illusion that our country will be self-sufficient as far as food grains are concerned. I lay emphasis on the word grains.

Sir, if you go to Shencotta by the Nedumangad road, you will find vast area disafforestated from the reserve and turned into smiling gardens. I welome that to a certain extent. This is no colonisation scheme. If it is under a co-operative ownership there is nothing wrong about it. Already there is the heavy pressure of population in this country whether it be in low lands or high lands. In these circumstances let there not be any indiscriminate exploitation of forest areas. I ask, why should people be allowed to migrate now, like the African migration of the Europeans in quest of gold. They go there for a short period and after making some money in the present economic conditions when food stuffs are selling at high prices, they return home. Perhaps it may be within the knowledge of even our Ministers that extensive acres where coffee cultivation was done some few decades ago are now a waste. How long can the present state of affairs continue? Where is the certainty that tapioca will fetch the very high price as is existing now in times to come. There must be a planned settlement.

Unless a scheme for permanent occupation and a planned colonisation of the area is undertaken by Government, it is foolish on the part of Government to allow such indiscriminate occupation of the reserve areas. So I object this provision on this ground that it will give an incentive to the people to get into the reserve areas illegitimately. That must be stopped. I therefore say that this House should not accept the demand or grant this amount.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിനെപ്പററി കട്ട്മോഷൻ അയച്ചിട്ടുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് സമയം അനുവദിച്ചതിനുശേഷം മററു മെമ്പറന്മാർക്ക് സമയമുണ്ടെങ്കിൽ സംസാരിക്കാൻ അനുവദിക്കാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഞാൻ ഈ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ച് കട്ടുമോഷൻ അയച്ചിരുന്നു. അതു സ്വീകരിച്ചതായി കാണുന്നില്ല.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ കട്ട്മോഷൻ അയച്ചതു താമസിച്ചായിരിക്കാം. അതുകൊണ്ടാണ് ലിസ്റ്റിൽ ചേർക്കാനിടയാകാത്തത്. നേരത്തെ അയക്കേണ്ടതായിരുന്നു.

ശ്രീ. കണ്ണനാറ ഗോപാലപ്പണിക്കർ: സർ, ഞാൻ അയച്ചിട്ടുള്ള കട്ട്മോഷൻ അതായത് ൪൯-ം നു ൦-ം ചേർത്ത് സംസാരിക്കാൻ അനുവാദം ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ൪൯-ാമത്തെ കട്ട്മോഷൻ മൂവ് ചെയ്തുകൊണ്ട് മറേറതിനെപ്പററിയും സംസാരിക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സർ, ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിലേക്കു നീക്കിവച്ചിരിക്കുന്ന ൩൨, ൦൯, ൭൦൦ രൂപയിൽനിന്ന് ൧൦൦ രൂപ കുറക്കണമെന്നുള്ള എന്റെ ൪൯-ാം നമ്പർ കട്ട്മോഷൻ ഇവിടെ അവതരിപ്പിച്ചുകൊണ്ട് ഈ ഡിപ്പാർട്ടുമെണ്ടിനെപ്പററിയുള്ള പൊതുപ്രവൎത്തനത്തെ സംബന്ധിച്ച ചില സംഗതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ആഗ്രഹിക്കുന്നു. സർ, ആദ്യമായിട്ട് എനിക്കു പറയാനുള്ളത്, മഹാഭാഗ്യവാന്മാരായ കാരണവന്മാർ സമ്പാദിച്ചുവയ്ക്കുന്ന സ്വത്തുക്കളുടെ അനുഭവം എടുത്ത് ആദായം കാണിക്കാനുള്ള അനന്തരവന്മാർ ആ സ്വത്തുക്കളെ വിററ് ആദായം കാണിക്കുന്നതുപോലെയാണ് ഇവിടത്തെ ശാശ്വതസമ്പത്തായ വനസ്വത്തുക്കളെ വിററഴിച്ചു ആദായം കാണിക്കാൻ തുടങ്ങിയിരിക്കുന്നതു്. ഇതു് എത്രകാലത്തേക്കാണെന്ന് ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. ആണ്ടുതോറും ലക്ഷക്കണക്കിന് വനത്തിൽനിന്നും തടിമുറിച്ച് വിററുവരുന്നു. അതിന്റെ ഏതാണ്ടൊരു കണക്ക് എന്റെ കൈയിലുള്ളതു് ഇങ്ങനെയാണ്. സർ, ൧൧൨൧-ൽ ൩൨ ലക്ഷം രൂപയുടെ തടി വിററു. ൧൧൨൨-ൽ ൬൨ ലക്ഷം രൂപക്കും, ൧൧൨൩-ൽ ൫൦ ലക്ഷം രൂപക്കും, ൧൧൨൪-ൽ ൯൪ ലക്ഷം രൂപക്കും തടി വിററിട്ടുണ്ട്. അതിനും പുറമെ ഈ അടുത്തകാലത്തേക്ക് അതായതു് അടുത്ത കൊല്ലത്തിൽ ൨൧ ലക്ഷം രൂപയുടെ തടിയാണ് വില്ക്കാൻപോകുന്നതു്. കൃഷിയുടെ പേരിൽ അനവധി ലക്ഷം തടികൾ ഫാറസ്റ്റിൽനിന്നും വെട്ടിമുറിച്ച് മാററുന്നു. ഇങ്ങനെ തടികൾ വെട്ടിമുറിച്ച് ഫാറസ്റ്റിനെ മരുഭൂമിയാക്കുന്നതായാൽ മഴയില്ലാതെ നാട്ടിൽ ക്ഷാമം പെരുകുമെന്നുള്ളതു് എന്റെ മാത്രമല്ല വിദഗ്ദ്ധന്മാരുടെ അഭിപ്രായം കൂടിയാണ്. വെട്ടിമുറിച്ചെടുക്കുന്ന തടികൾക്കു പകരം വച്ചുപിടിപ്പിച്ചില്ലെങ്കിൽ കൃഷിക്കുവേണ്ടി ചെയ്യുന്ന ഈ പ്രവൎത്തി കൃഷിചെയ്യാൻ സൗകൎയ്യമില്ലാത്ത ഒരവസ്ഥ ഉണ്ടാക്കിത്തീക്കുന്നതാണ്. ഗ്രോമോർ ഫുഡ്ഡ് അനുസരിച്ചും ധാരാളം തടികളും പാഴ്‌വൃക്ഷങ്ങളും വെട്ടിനശിപ്പിച്ചിട്ടുണ്ട്. വൻവൃക്ഷങ്ങളില്ലാത്ത സ്ഥലങ്ങൾ നോക്കി കൃഷിക്കു കൊടുത്തിരുന്നുവെങ്കിൽ നന്നായിരിക്കുമായിരുന്നു.

ശ്രീ. സി. കേശവൻ: തടികളുള്ള സ്ഥലം ആയിരുന്നാലും തരക്കേടില്ല, നിവൃത്തിയുണ്ടെങ്കിൽ ഏറെക്കാട്ട് കുറെ സ്ഥലങ്ങൾ കൃഷിയാവശ്യത്തിനു കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ശരിയാണ്. എന്നാലും പൊതുവെ പറയുന്നപക്ഷം തടി വെട്ടിമുറിച്ചുകളഞ്ഞ് കൃഷി ചെയ്യുന്നതിനുപകരം തടികളില്ലാത്ത സ്ഥലംനോക്കി കൃഷിക്കു കൊടുക്കുന്നതായിരിക്കും ഉത്തമമെന്നാണ് എന്റെ അഭിപ്രായം. ഏറെക്കാട്ട് കൊടുക്കുന്ന സ്ഥലങ്ങൾ മിക്കവാറും വൃക്ഷങ്ങൾ കുറവുള്ള സ്ഥലങ്ങൾനോക്കികൊടുത്താൽ മതിയെന്നും എനിക്കഭിപ്രായമുണ്ട്. കാരണം കൃഷിക്കാവശ്യമുള്ള ഉരങ്ങളും പച്ചിലവളങ്ങളും മററും ലഭിക്കുന്നതിന് വൃക്ഷങ്ങൾ വെട്ടിനശിപ്പിക്കുന്നതുകൊണ്ട് സാദ്ധ്യമല്ലെന്നു എല്ലാവക്കും അറിയാം. അതുകൊണ്ട് നിവൃത്തിയുള്ളിടത്തോളം വൃക്ഷങ്ങളില്ലാത്ത ഭൂമിനോക്കി പതിച്ചുകൊടുക്കേണ്ടതാണ്. അതല്ലാതെ വിദേശത്തുനിന്നും കൂടുതൽ പണം കിട്ടുമെന്നുള്ള കാംക്ഷയോടുകൂടി തടികൾ നശിപ്പിക്കുന്നതു് ഒരിക്കലും ശരിയല്ല. ഇങ്ങനെ വനത്തിൽനിന്നും വെട്ടിമുറിച്ച തടികൾ കൂടുതൽ വിലക്കായി രാജ്യത്തിനു വെളിയിൽ കൊടുക്കുന്നതിനുപകരം വീടില്ലാത്ത സാധുക്കൾക്ക് വീടു പണിയാനായി സഹായവിലക്ക് കൊടുത്തിരുന്നുവെങ്കിൽ കൂടുതൽ ഉപകാരപ്രദമായിരിക്കുമായിരുന്നു.

ശ്രീ. സി. കേശവൻ: തടികൾ രാജ്യത്തിനു വെളിയിലുള്ളവർക്ക് വില്ക്കാൻ പാടില്ലെന്നാണൊ മെമ്പറിന്റെ അഭിപ്രായം?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങനെ അഭിപ്രായമില്ല. വീടില്ലാത്ത സാധുക്കൾ മഴയും വെയിലുംമേറ്റ് വിഷമിക്കുമ്പോൾ ഈമാതിരി സഹായം ചെയ്യുന്നത് സാധുക്കളോടുള്ള ഔദാര്യത്തിന്റെപേരിൽ അതൊരു പുണ്യമാണ്. അല്ലാതെ ബോംബെ, കല്ക്കട്ട മുതലായ സ്ഥലങ്ങളിലെ പണക്കാർക്ക് കൊടുക്കുന്നതുകൊണ്ട് പണം കൂടുതൽ കിട്ടുമെന്നല്ലാതെ മറ്റു വിശേഷമില്ല.

സർ, അതുപോലെതന്നെ മുൻകൊല്ലങ്ങളിൽ ധാരാളം തടികൾ വെട്ടിനശിപ്പിച്ചിട്ടുണ്ട്. ഫാറസ്റ്റ് ഇൻഡസ്റ്ററിക്കാർക്ക് കുറെ അധികം സ്ഥലം പാട്ടവ്യവസ്ഥയിൽ കൊടുക്കയും അവർ അതിനകത്തുനിൽപ്പുള്ള തടികൾ അശേഷം മുറിച്ചുവരുകയുമാണ് ചെയ്തുവരുന്നത്. ഈ ഏർപ്പാടുണ്ടായത് സ്വേച്ഛാധികാരിയായ ഒരു ഭരണകർത്താവിന്റെ കാലത്തായിരുന്നു. വനത്തിൽനിന്നും ഈ വകയിൽ ഒരു നല്ല ആദായം കിട്ടുമെന്നുള്ള ഉദ്ദേശംകൊണ്ടായിരിക്കണം അങ്ങനെ ചെയ്തിട്ടുള്ളത്. പക്ഷെ അതൊരു പാരമ്പര്യമായി തുടർന്നുകൊണ്ടുപോകുന്നത് ഒരു പരിഷ്കൃത ഗവമെന്റിനു യോജിച്ചതല്ല.

മറ്റൊരുകാര്യം എനിക്കു പറയാനുള്ളത് കുട്ടിവനങ്ങൾ പതിച്ചുകൊടുക്കുന്നതിനെപ്പറ്റിയാണ്. തിരുവിതാംകൂറിൽ ധാരാളം കുട്ടിവനങ്ങളുണ്ട്. ഇവയെല്ലാം കൃഷിയുടെ പേരിൽ വിട്ടുകൊടുക്കപ്പെട്ടാൽ കന്നുകാലികളുടെ സ്ഥിതി വളരെ കഷ്ടത്തിലാകും. കുട്ടിവനങ്ങൾ മിക്കവാറും കന്നുകാലികളുടെ മേച്ചിൽ സ്ഥലങ്ങളായിട്ടാണ് ഉപയോഗിച്ചുവന്നിരുന്നത്. ഈ മേച്ചിൽ സ്ഥലങ്ങൾ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടിവന്നപ്പോൾ കന്നുകാലികൾക്ക് മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതായിവന്നിരിക്കയാണ്. രാജ്യക്ഷേമത്തിനു അത്യന്താപേക്ഷിതമായ കന്നുകാലിസംരക്ഷണം ദിവസം കഴിയുന്തോറും അരക്ഷിതാവസ്ഥയിൽ വന്നുകൊണ്ടിരിക്കയാണ്. കൃഷിവികസനംകൊണ്ടു കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കാമെന്നും തൻമൂലം തൊഴിലില്ലായ്മക്ക് പരിഹാരമുണ്ടാകുമെന്നും മറ്റും പറയുന്നതു ശരിയാണ്. എങ്കിലും കന്നുകാലികൾക്കുവേണ്ടി മേച്ചിൽസ്ഥലങ്ങൾ പ്രത്യേകം ഒഴിച്ചിട്ടില്ലെങ്കിൽ കൃഷിയാവശ്യങ്ങൾക്കുള്ള വളങ്ങൾ കിട്ടുന്നതിനും മറ്റും അസൗകര്യമായിരിക്കുമെന്നു ഓർക്കേണ്ടതാണ്. ഇങ്ങനെ നോക്കിയാൽ വൃക്ഷങ്ങൾ അധികമില്ലാത്തതും മേച്ചിൽസ്ഥലങ്ങൾക്കു കൊള്ളരുതാത്തതുമായ സ്ഥലങ്ങൾ വേണം കൃഷിക്കു കൊടുക്കുന്നതിന്. അതുപോലെതന്നെ കൊടുക്കുന്ന സ്ഥലങ്ങൾ രണ്ടും മൂന്നും ഏക്കർവീതം കൊടുക്കുന്നതുകൊണ്ടും ഫലമില്ല. ഉദാഹരണമായി പറയുകയാണെങ്കിൽ ഹൈറേഞ്ചിൽ ഏകദേശം ൩൨,൦൦൦ ഏക്കർ സ്ഥലം കൃഷിക്കായി കൊടുക്കപ്പെട്ടു. ഇങ്ങനെ കൊടുക്കപ്പെട്ട സ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിന് സൗകര്യമില്ലാത്ത പാവങ്ങൾ മറ്റൊരു വ്യക്തിക്ക് വില്ക്കുകയാണ് ചെയ്യുന്നത്. കാരണം സ്ഥലം കൊടുത്തുവെങ്കിലും കൃഷിക്കാവശ്യമുള്ള ഒരു ചെറിയ തുകകൂടി സഹായധനമായി കൊടുത്തിരുന്നുവെങ്കിൽ ഈവിധത്തിൽ ഒരുത്തനു കിട്ടിയ സ്ഥലത്തെ മറ്റൊരുത്തനു വില്ക്കുകയില്ലായിരുന്നു. അതുകൊണ്ടു ഭൂമിയില്ലാത്തവനു ഭൂമി കൊടുക്കയും കൃഷിയുടെ വികസനത്തേയും പ്രോത്സാഹനത്തേയും ഉദ്ദേശിച്ചു അവനെ സഹായിക്കുന്നതിനായി വേണ്ടിവന്നാൽ ഒരു ചെറിയ തുകയുംകൂടി ഗവമെണ്ടിൽനിന്നും കൊടുക്കേണ്ടതാണ്.

<u>ശ്രീ. കെ. കെ. കണ്ണൻ</u>: ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിനെപ്പററി ഒന്നുരണ്ടു പ്രധാനകാര്യങ്ങൾ പ്രസ്താവിക്കണമെന്നു് വിചാരിക്കുന്നു. സർ, മണിമല റാന്നി റിസർവിൽനിന്നും കുറെ സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിനു് പിന്നോക്കസമുദായക്കാർക്കു് കൊടുക്കുകയും ഇപ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ അവരെ കുടിയിറക്കിവിടുന്നതിനു് നടപടി നടത്തുകയും ചെയ്യുന്നതിനു് നിറുത്തിവയ്ക്കാൻ ഗവമ്മെൻറിൽനിന്നും ഉത്തരവുണ്ടാകണമെന്നാണു് എനിക്കു ആദ്യമായി പറയാനുള്ളതു്. ഈ സംഗതി സംബന്ധിച്ചു് മുൻപു ഒരിക്കൽ ഈ നിയമസഭയിൽതന്നെ സംസാരിച്ചിട്ടുണ്ടു്. അതനുസരിച്ചു് ഗവമ്മെൻറ് എന്തു നടപടിയാണു് എടുത്തിട്ടുള്ളതെന്നു ഇതുവരെ എനിക്കു മനസ്സിലായിട്ടില്ല. സാധാരണയായി കുത്തകപ്പാട്ടത്തിനു കൊടുക്കുന്ന സ്ഥലങ്ങൾ കൃഷിക്കും കുടിപാർപ്പിനുമായി ഉപയോഗപ്പെടുത്തുകയാണു് ചെയ്യുന്നതു്. ഏതായാലും ഈ സ്ഥലങ്ങൾ കാലാവധി കഴിയാറാകുമ്പോൾ സാധുക്കളായ പിന്നോക്കസമുദായക്കാരെ അവിടെനിന്നും ഇറക്കിവിടുന്നതു് നീതിക്കോ ന്യായത്തിനോ യോജിച്ചതല്ല. കാരണം ഭക്ഷണക്ഷാമം ഇന്നു് കൊടുംപിരികൊണ്ടിരിക്കയാണു്. ഈ പരിതസ്ഥിതി, ദുർഘടസന്ധി തരണംചെയ്യുന്നതിനു് ഈ നാട്ടിലുള്ളവരുടെ സകലരുടെയും കഴിവുകൾ അങ്ങേയററം ഉപയോഗിക്കേണ്ടതു് ഏററവും അത്യാവശ്യമാണു്. ഈ നിലവച്ചുനോക്കുമ്പോൾ ഈ കുടിയിറക്കു് ഒരുതരത്തിലും ന്യായീകരിക്കത്തക്കതല്ല. ഈ കാര്യത്തെപ്പററി ഈ വകുപ്പിൻെറ ചുമതല വഹിക്കുന്ന മന്ത്രിയെ സമീപിച്ചു് ചില പിന്നോക്കസമുദായക്കാർ നിവേദനം നടത്തിട്ടുള്ളതായും എനിക്കറിയാം. എന്നാൽ കുടിയിറക്കു് സംബന്ധിച്ചു് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോയെന്നു് എനിക്കു് നിശ്ചയമില്ല. എങ്കിലും സാധുക്കളായ പിന്നോക്കസമുദായക്കാരെ കൃഷിയുടെ പേരിലായാലും ശരി സാധുത്വത്തിൻെറ പേരിലായാലുംശരി ഇറക്കിവിടുന്നതു് ഒരിക്കലും ആശാസ്യമല്ലെന്നു് അറിയിച്ചുകൊണ്ടു് അവസാനിപ്പിക്കുന്നു.

<u>സാഹിബ് ബഹദൂർ പി. കെ. മക്കാർപിള്ള</u>: മലയാററൂർ ഡിവിഷൻ ഫാറസ്റ്റ് ആഫീസ് അവിടെനിന്നും മൂവാററുപുഴക്കു മാററിസ്ഥാപിച്ചിട്ടുള്ളതും കഴിഞ്ഞകൊല്ലം അതു യാതൊരു മുന്നറിവുംകൂടാതെ മലയാററൂർക്കുതന്നെ മാററുകയുംചെയ്തിട്ടുള്ളതാണു്. അതേപ്പററി പലരും പരാതിപ്പെട്ടിട്ടുള്ളതാണെങ്കിലും യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. മൂവാററുപുഴ, തൊടുപുഴ, കുന്നത്തുനാടു് ഈ താലൂക്കുകളുടെ മദ്ധ്യഭാഗമായ മൂവാററുപുഴതന്നെ ഡിവിഷൻ ഫാറസ്റ്റ് ആഫീസു് സ്ഥിതിചെയ്യുന്നതാണു്, പൊതുജനങ്ങൾക്കും ഗവമ്മെൻറ് അധികാരികൾക്കും സൗകര്യപ്രദം.

കൂടാതെ ദേവികുളം പീരുമേടു് ഈ താലൂക്കുകളിൽ കൃഷിക്കു വിട്ടുകൊടുത്തിട്ടുള്ള ഭൂമികൾ കൃഷിക്കാർ കൈമാററം ചെയ്തുകൊണ്ടിരിക്കുന്നതും അതു് ഒരു കച്ചവടമായി തീർന്നിരിക്കുന്നതുമാണു്. ഈ വിവരങ്ങൾ എനിക്കു സൂക്ഷ്മമായി അറിയാവുന്നതാകയാൽ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ സംഗതികൾ പല മെമ്പർമാരും ഇവിടെ പ്രസ്താവിച്ചിട്ടുള്ളതുമാണു്.

<u>ஸ்ரீ. ஏ. சிதம்பரநாத நாடார்</u>: ஸர், இந்த வனவகை டிப்பார்ட்மென்டைப் பற்றி பேசும்போது, ஸ்ரீமான் பி. எஸ். நடராஜபிள்ளை அவர்களுடைய Motion னையும், ஸ்ரீமான் கோபாலப் பணிக்கர் அவர்களுடைய Motion னையும் எதிர்த்து ஒன்றிரண்டு வார்த்தைகள் பேசலாமென்று நினைக்கிறேன். இந்த திருவிதாங்கூர்–கொச்சி ராஜ்யத்திற்கு ஏற்றவும் கூடுதல்

வருமானம் வரக்கூடிய ஒரு இலாகா இந்த வனவகை இலாகாவாகும். இந்த இலாகாவிலிருந்து கூடுதல் வருமானம் தேடுவதற்கு வகையில்லாமலோ அல்லது இதைப்பற்றி யாதொன்றும் சிந்திக்காமலோ, உணவுப்பெருக்குத் திட்டம் என்ற பெயரால், காடுகளை வெட்டி அங்கு கிருஷி செய்யுமாறு, திருவிதாங்கூர்–கொச்சியிலுள்ள சில பெரிய ஆட்களுக்கு, அதிலும் விசேஷமாக சில பெரிய பணக்காரர்களுக்கு அவ்விடங்களை விட்டுக்கொடுத்திருக்கிறார்கள். இந்த உணவுப்பெருக்குத் திட்டம் என்ற திட்டத்தின் பெயரால் இந்த வனவகையிலிருந்து எத்தனையோ ஆயிரக்கணக்கான ஏக்கர் பூமிகளை அப்பெரியார்களுக்கு கொடுத்திருந்தும், ஏற்கெனவே இந்நாட்டிலிருந்து கிடைக்கும் நெல்லிலிருந்து ஒரு மணி நெல்லாவது இப்பொழுது இந்த சர்க்காருக்கு கூடுதலாக கிடைக்கிறதா என்று நான் கேட்கிறேன். சர், இன்று தென் திருவிதாங்கூரில் மழை அடியோடு இல்லாமல் போவதற்கு, ஒரு முழு முதல் காரணம், இவ்வனங்களை வெட்டி அழிப்பதுதான். சர், இதற்கு முன் வனவகை இலாகா மந்திரியாய் இருந்து சில ஆட்களின் துர்போதனையால் அவர்களுடைய ஆட்களை பெரிய பணக்காரர்களாக ஆக்கவேண்டும் என்ற நோக்கத்துடன் வனங்களை அவர்களுக்கு பாட்டம் அளித்து, ஏற்கெனவே கிருஷிக்கென கொடுக்கப்பட்டிருக்கும் அவ்வனங்களில் அவர்கள் கிருஷி செய்யாமல், அவ்வனங்களிலுள்ள மரங்களை மாத்திரம் வெட்டிக்கொண்டு போகிறார்களே ஒழிய இச்சர்க்காரின் உணவுப்பெருக்குத் திட்டம் அங்கே நடக்கிறதா என்று இந்த இலாகா அதிகாரிகளோ அல்லது இவ்வரசாங்கமோ சற்றேனும் சிந்தித்துப் பார்த்ததாகத் தெரியவில்லை. இன்னொரு அநியாயம் என்னவென்று கேட்டால் தென் திருவிதாங்கூரிலுள்ள பேச்சிப்பாறைக்கு அருகிலிருக்கும் மைலுண்ணிசந்தையில், காணிக்காரர்கள் அவர்களுக்குக் கிடைக்கும் ஏத்தங்குலைகள், மரச்சீனி, தேன் முதலிய சாமான்களைக்கொண்டு விற்கவரும் இடத்தில், இந்த பாரஸ்ட் டிப்பார்ட்மென்ட் அதிகாரிகள் அப்பாவப்பட்ட காணிக்காரர்களை ஏமாற்றி, அச்சாமான்களை பத்து ரூபாய்க்கு விற்று அவர்களுக்கு ஒரு ரூபாய் கொடுத்துவிட்டு பாக்கி ஒன்பது ரூபாயையும் அவர்கள் தங்கள் பாக்கட்டில் இட்டுக்கொண்டு போகிறார்கள். சர், இந்த சபையில் எத்தனையோ சந்தர்ப்பங்களில், வனவகையிலிருந்து கிருஷி உபயோகத்திற்காக பச்சை குழைகளை வெட்டிக்கொண்டு போவதற்கும் கிருஷிக்காரர்களுக்கு கலப்பை செய்வதற்கு வேண்டிய மரங்களை வெட்டி எடுத்துக்கொண்டு போவதற்கும் இந்த சர்க்கார் வேண்டிய ஏற்பாடுகள் செய்யவேண்டுமென்று சொன்னதற்கு, செய்யலாம் செய்யலாம் என்று சொன்னார்களே ஒழிய கிருஷிக்காரர்களுக்கு யாதொரு உதவியும் செய்ததாகக் காணவில்லை. சர், இங்கு சொற்பொழிவாற்றிய சில அங்கத்தினர்கள் வனங்களை வெட்டி அழிக்கவேண்டுமென்றும், அவ்விடங்களை கிருஷிக்கு கொடுக்கவேண்டுமென்றும் சொன்னார்கள். எனக்கு அதில் ஒரு எதிர்ப்பு உண்டு. மந்தைகளை மேய்பதற்காக வனங்களில் ஒரு சில பாகங்களை ஒதுக்கிவைத்தால் என்ன என்று சிலர் சொல்வதைப் பார்த்தால் அங்குள்ள கன்றுகாலிகளை மேய்க்க இடம் இல்லாமலிருக்கிறதா? என்று கேட்கிறேன். கழிந்த மந்திரிகளின் குற்றங்களால் இவ்வனவகை டிப்பார்ட்மென்ட் அழிக்கப்பட்டிருந்தாலும் இனி மேலாலாவது வனங்களை அழிக்காமல் இவ்வனவகையை நல்ல முறையில் நடத்தவேண்டும் என்று

கேட்டுக்கொள்கிறேன். தென் திருவிதாங்கூரில் இருக்கும் எங்களுக்கு, நீங்கள் ஒரு வேளை மத்திய திருவிதாங்கூரில் உள்ள வனங்களை வெட்டி அழித்தால், அதைப்பற்றி எங்களுக்கு கவலையில்லை. ஆனால் தென் திருவிதாங்கூரிலுள்ள வனங்களை வெட்டி அழித்தால், எங்களுக்கு பேச்சிப்பாறை அணையில் தண்ணீர் கட்டி நிற்க முடியாது, தண்ணீர் இல்லாமல் வரும் காரணத்தால். ஏனெனில் மரங்களை வெட்டி முறித்தால், மழை பெய்யாது, மழை பெய்யாவிட்டால் கிருஷி கரிந்து போய்விடும். ஆதலால் எனது வேண்டுகோள் என்னவென்று கேட்டால், கூடிய மட்டிலும் உணவுப்பெருக்குத் திட்டம் என்ற பொய் பெயரால், எங்கள் நாட்டிலுள்ள வனங்களை யாருக்கும் ஒதுக்கிக் கொடுக்கக்கூடாது. கொடுத்தால் அது எதிர்க்கப்படும் என்ற முடிவையும் உங்களிடம் தெரிவிக்கிறேன்.

ശ്രീ. എ. കെ. പാച്ചുപിള്ള: ഞാൻ എട്ടാംനമ്പർ ഉപക്ഷേപമാണ് അയച്ചിരുന്നത്. എന്നാൽ ഇതിനുമുമ്പ് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ സപ്പോർട്ടുചെയ്യുവാൻ ആഗ്രഹിക്കുന്നു. തിരു.-കൊച്ചി സംസ്ഥാനത്തിലെ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ൧൯൪൮-ലെ ഭരണറിപ്പോർട്ടുകൊണ്ട് ഈ നാട്ടിൽ മൂവായിരത്തിചില്വാനം ചതുരശ്രമൈൽ റിസർവ്വുഭൂമി നമ്മുടെ വനങ്ങളിൽ ഉണ്ടെന്ന് കാണാവുന്നതാണ്. അതിൽ ൨൮൦൦ ചതുരശ്രമൈൽ തിരുവിതാംകൂറിലും ൬൨൦ ചതുരശ്രമൈൽ കൊച്ചിയിലുമാണ്. ഈ കണക്കിനെ ആധാരമാക്കിക്കൊണ്ട് കഴിഞ്ഞ നിയമസഭയിൽ ഇവിടെ ചില ബഹു. അംഗങ്ങൾ വാദിക്കുകയുണ്ടായി, മററു സംസ്ഥാനങ്ങളിലെ റിസർവ്വ വനങ്ങളുടെ കണക്കനുസരിച്ച് നോക്കുകയാണെങ്കിൽ തിരു.-കൊച്ചി രാജ്യത്ത് ആവശ്യത്തിൽ കൂടുതൽ റിസർവ്വു വനം ഉണ്ടെന്നും അതുകൊണ്ട് കൂടുതൽ കൂടുതൽ വനങ്ങൾ കൃഷിക്ക് അനുവദിച്ചു വിട്ടുകിട്ടണമെന്നും. എന്നാൽ ഇതിൽ സാരമായ ചില തെററുകളുണ്ട്. കാരണം ഇൻഡ്യയിലുള്ള ആകെ കൃഷിചെയ്യാവുന്ന വനഭൂമികളുൾപ്പെടെ ഒരാൾക്ക് ഒരേക്കർ സ്ഥലമാണ് കൃഷിചെയ്യാനായിട്ട് ഉള്ളത്. അതായത് ആകെ ൩൫ കോടി ഏക്കർ സ്ഥലമാണ് ഇൻഡ്യയിൽ ആകെ കരഭൂമിയായിട്ടുള്ളത്. തിരുവിതാംകൂറിലെ കണക്കനുസരിച്ച് നോക്കുകയാണെങ്കിൽ ഇവിടെ ആകെ കൃഷിചെയ്യാൻ ഉപയോഗിക്കാവുന്ന സ്ഥലം ഒരാൾക്ക് വെറും ൩൦ സെൻറ് മാത്രമാണ്. ഇങ്ങനെ ൩൦ സെൻറ സ്ഥലം തന്നെ ശരിയായി കൃഷിചെയ്യണമെങ്കിൽ അതിന് വളം മുതലായ സാധനങ്ങൾ അടുത്തുള്ള റിസർവ്വു വനങ്ങളിൽനിന്നുമാണ് ലഭിക്കേണ്ടത്. ആ വനങ്ങളിൽനിന്നും കൃഷിക്ക് ആവശ്യമുള്ള പച്ചിലവളം സമ്പാദിച്ചുവേണം നമ്മുടെ മിതമായ ഭൂമിയിൽ കൃഷിചെയ്തുകൊണ്ടു പോകേണ്ടത്. പരീക്ഷണാർത്ഥം ഇവിടെ ഇതിനുമുമ്പ് ചെയ്തതുപോലെ രണ്ടുമൂന്നു വർഷങ്ങൾ കൊണ്ട് തുടർച്ചയായി വനം വിട്ടുകൊടുത്ത് കൃഷിചെയ്തിട്ടും നെല്ലുമാത്രമല്ല കപ്പയും മററു ധാന്യങ്ങളുമുൾപ്പെടെ ഉള്ള ആഹാരസാധനങ്ങൾ വെറും അൻപതിനായിരം ടൺ മാത്രമാണ് ഇവിടെ കൂടുതലായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുള്ളത്. ഈ കണക്കുവച്ചുകൊണ്ടു നോക്കുകയാണെങ്കിൽ തീർച്ചയായും കഴിഞ്ഞ മൂന്നുനാലു വർഷങ്ങൾ ഗവമ്മെൻറ് തുടർന്നുകൊണ്ടിരുന്നതായ വനം വിട്ടുകൊടുക്കൽനയം മേലാൽ തുടരണമോ അതോ ബുദ്ധിപൂർവ്വകമായ ഒരു തിരിഞ്ഞുനോട്ടത്തിന് കാലം അടുത്തിട്ടില്ലയോ എന്നു നോക്കേണ്ടത് അത്യാവശ്യമാണ്. അങ്ങനെ നാം തിരിഞ്ഞുനോക്കുന്നപക്ഷം ഇവിടത്തെ വനഭൂമികൾക്കു ശാശ്വതമായ നാശം വനം വിടുതൽ നയം കൊണ്ടു കാണുന്നപക്ഷം തീർച്ചയായും ഇതുവരെ തുടർന്നുകൊണ്ടിരുന്ന നയത്തിന്

ഒരു പൂർണ്ണവിരാമം, രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങളെ പരിഗണിച്ച് നമ്മുടെ ഭാവി സന്താനങ്ങളുടെ നന്മയെ മുൻനിറുത്തി, ഇടേണ്ട സന്ദർഭം അടുത്തിട്ടില്ലേ എന്ന് കാണാൻ കഴിയുന്നതാണ്. രാജ്യസ്നേഹത്തോടുകൂടി, സ്വദേശ സ്നേഹത്തോടുകൂടി ശരിയായ ഒരു വീക്ഷണഗതിയിൽ ഈ സംഗതിയെ നേരിടേണ്ട കാലം അടുത്തിരിക്കുന്നു എന്ന് ഗവൺമെന്റിനെ ശക്തിയായി ഉൽബോധിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, അടുത്തകാലത്ത് നമ്മുടെ വനസംരക്ഷണത്തെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ ശരിയായ ഒരു സംരക്ഷണനയം തുടർന്നു പോകുന്നില്ലെന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. നമ്മുടെ അതിർത്തി ദേശങ്ങളിൽ അതായത് ഇൻഡ്യൻ പ്രദേശങ്ങളോട് തൊട്ടുകിടക്കുന്നതായ വനഭൂമികളുടെ അതിർത്തിയിൽ ഫാറസ്റ്റധികാരികൾ ആവശ്യമുള്ളത്ര ശ്രദ്ധ ഇതിനുമുമ്പ് പതിപ്പിച്ചിരുന്നതുപോലെ പതിപ്പിക്കുന്നില്ലെന്നും വനങ്ങളിൽനിന്നും തടികൾ മുതലായ വനവിഭവങ്ങൾ അന്യസ്ഥലത്തുള്ളവർ കടത്തിക്കൊണ്ടു പോകുന്നു എന്നുള്ളതും ഒരു പരമാർത്ഥം മാത്രമാണ്. ഇത് കുറേക്കാലമായി നടന്നുവരികയാണ്. ഇതിന് ഇതുവരെ ഒരു വിരാമമിട്ടില്ല. ഇതിൽ ആവശ്യമുള്ളത്ര ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നു കാണാൻ കഴിയുന്നതാണ്. കൂടാതെ അനേകവർഷങ്ങളായി രാജ്യത്തിന്റെ ഓമനസന്താനങ്ങളായിട്ട് നാം സംരക്ഷിച്ചുകൊണ്ടിരുന്ന മലവർഗ്ഗക്കാരുടെ സംഖ്യ ഈയിടെയായി വളരെ കുറഞ്ഞുവരികയാണെന്നുള്ള സംഗതി ബഹുമാനപ്പെട്ട പല മെമ്പറന്മാരും പ്രസ്താവിച്ചിട്ടുള്ളതാണ്. ലോകംതന്നെ ഒരുത്തനേയും നിർബന്ധിച്ചു ദേഹാധ്വാനം ചെയ്യിക്കുവാൻ പാടില്ലെന്നും എല്ലാവരും മനുഷ്യരായി അഭിമാനത്തോടെ ജീവിക്കുന്നതിനുള്ള പരിതസ്ഥിതി അനുഭവിക്കണമെന്നും മററുമുള്ള വിചാരഗതിയിലേക്ക് മനുഷ്യവർഗ്ഗം ത്വരിതഗമനം ചെയ്യുമ്പോൾ ഇവിടത്തെ ഫാറസ്റ്റധികാരികൾ ഈ പാവപ്പെട്ട മലവർഗ്ഗക്കാരെക്കൊണ്ട് നിർബന്ധിച്ചു ജോലി ചെയ്യിക്കുന്നതായും അവരുടെ സ്വന്തജോലിക്കുകൂടി അവരെ അധികാരമുപയോഗിച്ച് നിരോധിക്കുന്നതായും പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഇത് വളരെ പരമാർത്ഥമാണെന്ന് എനിക്ക് നേരിട്ടറിയാം. ബഹുമാനപ്പെട്ട ശ്രീ. ടി. കെ. നാരായണപിള്ള അവർകൾ ഇവിടത്തെ പ്രധാനമന്ത്രിയായിരുന്ന കാലത്ത് ഒന്നുരണ്ടു നിവേദനങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽ സമർപ്പിച്ച് മലവർഗ്ഗക്കാർക്ക് ഫാറസ്റ്റധികാരികളിൽനിന്നും സഹിക്കേണ്ടിവന്നിരിക്കുന്ന ഉപദ്രവങ്ങളും ഫാറസ്റ്റധികാരികളുടെ മലവർഗ്ഗക്കാരോടുള്ള പെരുമാററവും മററും എങ്ങനെയാണെന്നുള്ള വിവരവും അറിയിച്ചിട്ടുണ്ട് എന്ന് എനിക്ക് അറിയാം. പല സ്ഥലങ്ങളിലും ഇത് നിർഭയം നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി ഈവക കാര്യങ്ങളിൽ വേണ്ടവണ്ണം ശ്രദ്ധിച്ച് അതിനുവേണ്ട പരിഹാരമുണ്ടാക്കുമെന്നു വിശ്വസിക്കുന്നു.

ഇനി വേറൊരുകാര്യം പറയാനുണ്ട്. അടുത്തകാലത്ത് ചില കൈയ്യേററക്കാർ ഈ വനങ്ങളിൽ പ്രവേശിച്ച് വനങ്ങൾക്കകത്തുള്ള തടികളും വന്യമൃഗങ്ങളിൽ നിന്നുമുള്ള വരവും അപഹരിച്ചിരിക്കുന്നതിനാൽ ആ ഇനത്തിലുള്ള വരവും കുറഞ്ഞിരിക്കുന്നതായി കാണാവുന്നതാണ്. ഫാറസ്റ്റുദ്യോഗസ്ഥന്മാർ അവരുടെ ശ്രദ്ധ ഈ വിഷയത്തിൽ കേന്ദ്രീകരിക്കുന്നപക്ഷം ഈ മാതിരി സംഭവങ്ങളുണ്ടാകുന്നതല്ല.

ഇനിയും എനിക്കു പറയുവാനുണ്ടത് നമ്മുടെ ഭാവി തലമുറയുടെ ഭാവിയെ സംബന്ധിച്ചുള്ളതാണ്. ഈ രാജ്യത്തെ അഭിമുഖീകരിക്കുന്ന രണ്ടു പ്രശ്നങ്ങളാണ് വിറകിനും പുല്ലിനുമുള്ള ക്ഷാമം. വനങ്ങളിൽ ഇപ്പോൾ ഭക്ഷണകാര്യത്തി

[Sri. A. K. Pachu Pillai]
നെന്നും മററും പറഞ്ഞു് കാട്ടവെട്ടിത്തെളിക്കുന്ന ഒരു സമ്പ്രദായം കണ്ടുവരുന്നുണ്ട്. ഇങ്ങനെയാണെങ്കിൽ അവിടെ പുല്ല് മുതലായ സാധനങ്ങൾ വളരുവാൻ സാധിക്കുന്നതല്ല. അതിനു വേണ്ടവിധത്തിലുള്ള സംരക്ഷണം മുൻകരുതലോടുകൂടി നാം തുടർന്നുകൊണ്ടു പോകാത്തപക്ഷം അതു ടൌൺവാസികളായ ആളുകളെ വളരെ വിഷമിപ്പിക്കുന്ന ഏററവും വലിയ രണ്ടു പ്രശ്നങ്ങളായിത്തീരും. നമ്മുടെ കുഞ്ഞുങ്ങൾക്കു വേണ്ടതു പോഷകാംശം ലഭിക്കുന്നതിന് പശുക്കൾക്കുംമററും തീററി കൊടുക്കുന്നതിന് പുല്ലുവച്ചുപിടിപ്പിക്കുന്ന ഒരു നയം രൂപീകരിക്കണമെന്നും ഭാവിയിലേക്കുള്ള വിറകു ലഭിക്കുന്നതിനു പാഴ്മരങ്ങൾ സംരക്ഷിക്കുന്നതിനും അതിലേക്കുവേണ്ട ശാസനകൾ ഉടനടി നൽകണമെന്നും ഞാൻ ഗവമ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

Sri. M I. Paul: Sir, the Deputy Speaker told me that I will be given time.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: കട്ട്മോഷൻ തന്നിട്ടുള്ള ആളുകൾ ഇനിയുമുണ്ട്. അവക്കുപോലും സംസാരിക്കുന്നതിനുള്ള സമയമില്ല.

ശ്രീ. എം. ഐ. പോൾ: മിസ്റ്റർ സ്പീക്കർ പറഞ്ഞതു് ഞാൻ വിശ്വസിച്ചിരിക്കുകയായിരുന്നു.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്കു് മറുപടി പറയാൻ മാത്രമേ ഇനി സമയമുള്ളു.

ശ്രീ. സി. കേശവൻ: സർ, ഫാറസ്ററ ഭരണകാര്യത്തിലും ഫാറസ്ററ കൺസർവ്വ ചെയ്യുന്ന വിഷയത്തിലും പല സ്നേഹിതന്മാരും നൽകിയ നിർദ്ദേശങ്ങൾക്കു നന്ദി പറഞ്ഞുകൊള്ളുന്നു. പലരും നിർദ്ദേശങ്ങൾ തരുമ്പോൾ യാഥാർത്ഥ്യങ്ങളുടേയും സത്യാവസ്ഥകളുടേയും കണക്കുകൾ കൂടി അറിഞ്ഞിരുന്നെങ്കിൽ കുറച്ചുകൂടി നന്നായിരുന്നേനേ. അങ്ങനെ ചെയ്യാതെ ഗവമ്മെൻറിനെ കുററം പറയുകയാണു ചെയ്തിട്ടുള്ളതു്. പിന്നോക്ക സമുദായക്കാക്കു് ഒരു ഇഞ്ചു സ്ഥലം പോലും കൊടുക്കുന്നില്ലെന്നുംമററും സമഷ്ടിയായി പറയുന്നതു സത്യവിരുദ്ധമാണ്. ഗവമ്മെൻറിൽനിന്നും പരസ്യംചെയ്യുന്ന ചില കണക്കുകൾ ഉണ്ട്—അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് മുതലായവ. പിന്നോക്കസമുദായക്കാക്കു് സ്ഥലം കൊടുത്തിട്ടില്ലെന്നുപറയുന്നതു തെററാണെന്നുമാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളു. ഫാറസ്ററ ഭൂമികൾ കുത്തകപ്പാട്ടത്തിനുകൊടുക്കുന്ന രീതിയേയും അതിൽനിന്നുൽഭൂതമാകുന്ന സംഗതികളുമാണു് നിരൂപണത്തിനു വിഷയമായിട്ടുള്ള ഏററവും പ്രധാന കാര്യങ്ങൾ. ആ സംഗതിയെപ്പററിയുള്ള വിവരങ്ങൾ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ മുമ്പിൽവച്ചതിനുശേഷം മററുകാര്യങ്ങളിൽ പ്രവേശിക്കാമെന്നാണു ഞാൻ വിചാരിക്കുന്നതു്. കൃഷിക്കുവേണ്ടി വനഭൂമി കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ജനകീയമന്ത്രിസഭ വരുന്നതിനു മുമ്പുണ്ടാക്കിയിട്ടുള്ളതാണ്. അതനുസരിച്ചു് അന്നു ആദ്യമായി ലേലം ചെയ്തും മററും കുത്തകപ്പാട്ടത്തിനു സ്ഥലംകൊടുത്തിട്ടുണ്ട്. ലേലം ചെയ്തുപോകുന്ന ഭൂമി കുത്തകപ്പാട്ടമായി പാവങ്ങൾക്കു ചെല്ലുകയില്ലെന്നുള്ളതു തീർച്ചയാണ്. അതു് ധനവാന്മാക്കു് മാത്രമേ കിട്ടുകയുള്ളു. അങ്ങനെ മുൻകൊല്ലങ്ങളിൽ അതായതു ജനകീയം വരുന്നതിനുമുമ്പുണ്ടായിട്ടുള്ള സംഗതികളെപ്പോലും ജനകീയ ഗവമ്മെൻറിൻെറ തലയിൽ ഏൽപ്പിക്കുന്നതു് കുററംപറയാനായിട്ടു മാത്രമാണെന്നു വിചാരിക്കുന്നതിൽ തെററില്ല. പക്ഷെ ജനകീയ ഗവമ്മെൻറു് വന്നതിൽപിന്നീടു ഒരു വ്യക്തിയേയും ഉദ്ദേശിച്ചു് അഞ്ചോ പത്തോ ഏക്കറിൽ കൂടുതൽ ഭൂമി കൊടുത്തിട്ടുള്ളതായി അറിയാൻ കഴിയുന്നില്ല.

ശ്രീ. എം. ഐ. പാഠം: സർ, ഒരു ചോദ്യം.

ശ്രീ. സി. കേശവൻ: ഞാൻ യീൽഡ് ചെയ്യുന്നില്ല.

ശ്രീ. സി. വി. ഇയ്യു: സാധുക്കളായ അധഃകൃതർക്ക് ഗവമ്മെൻറിൽ നിന്നും പതിച്ചുകൊടുത്തിട്ടുള്ള ഭൂമികൾ അധഃകൃതനേതാക്കന്മാർതന്നെ തട്ടിയെടുത്തിട്ടുണ്ട്. അങ്ങനെയുള്ള ഭൂമികൾ ഒഴിപ്പിച്ചുകൊടുക്കാൻ ഗവമ്മെൻറിനുസാധിക്കുമോ?

ശ്രീ. എം. ഐ. പോഠം: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഒരു മെമ്പർ ചോദ്യം ചോദിക്കുമ്പോൾ യീൽഡ് ചെയ്യുകയും മറെറാരു മെമ്പർ ചോദ്യം ചോദിക്കുമ്പോൾ യീൽഡ് ചെയ്യാതിരിക്കുകയും ചെയ്യുന്നതു ന്യായമാണോ?

Mr. Deputy Speaker: It is entirely left to the Hon'ble Minister.

ശ്രീ. സി. കേശവൻ: കുത്തകപ്പാട്ടത്തിനു ഭൂമി സാധുക്കൾക്കു കൊടുത്താൽ അതിൽ കൃഷി ചെയ്യുന്നതിന് ആവശ്യമുള്ള പണം കൂടി കൊടുക്കാത്തപക്ഷം ഏതെങ്കിലും പണക്കാരനെ ആശ്രയിക്കേണ്ടിവരും. പാവങ്ങളുടെ കയ്യിൽ കിട്ടിയിട്ടുള്ള സ്ഥലങ്ങൾ പണക്കാരുടെ സഹായത്തോടുകൂടിയാണു കൃഷി ചെയ്യുന്നതു്. അതിനൊരു നിവാരണമാർഗ്ഗം ഉണ്ടാക്കുന്നതിനു ഇപ്പോൾ വ്യവസ്ഥയില്ല. അതിലേക്ക് പ്രവർത്തനം ഇപ്പോൾ നടത്തുന്നുണ്ട്. അതായതു് കോളനൈസേഷൻ എന്ന നിലയിൽ ഒരു സ്കീമുണ്ടാക്കി കോവാപ്പറേറീവു ബ്ലോക്കുകൾ എന്ന രീതിയിൽ തിരിച്ച് യഥാർത്ഥ പുതുവൽകാരെ ആർഗനൈസ് ചെയ്യാൻ തുടങ്ങുകയാണ്. അങ്ങനെ തുടങ്ങുമ്പോൾ ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുമെന്നു വിശ്വസിക്കുന്നു. ഭൂമി കുത്തകപ്പാട്ടത്തിനുകൊടുക്കുന്നതു് കുത്തകപ്പാട്ട വ്യവസ്ഥയനുസരിച്ചാണ്. ആ വ്യവസ്ഥയനുസരിച്ച് ഭൂമി കൈമാററം ചെയ്യുന്നതിന് അവകാശമില്ല. അവകാശം ഇല്ലാതെ കൈമാററം ചെയ്തു വല്ലവരും കൊണ്ടുപോയി എന്നു പറയുന്നതു് അസാദ്ധ്യമാണ്. അങ്ങനെ ആരെങ്കിലും ഭൂമി കൈമാററം ചെയ്തുവാങ്ങിയിട്ടുണ്ടെങ്കിൽ ഈ കോളനൈസേഷൻ വരുമ്പോൾ ആ രംഗത്തുനിന്നും അവരെ പുറത്താക്കാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: കുത്തകപ്പാട്ട വ്യവസ്ഥയനുസരിച്ച് കൊടുക്കുന്ന വസ്തുക്കൾ അന്യ ആളുകൾക്ക് കൊടുത്തതായി അറിഞ്ഞാൽ ഗവമ്മെൻറ് ഉടനെ തിരിച്ചെടുക്കുകയാണെങ്കിൽ മേലാൽ അങ്ങനെ ആരും ചെയ്യാതിരിക്കുകയില്ലേ?

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമികൾ പിന്നോക്കസമുദായക്കാർ കൈമാററം ചെയ്തിട്ടുണ്ടെന്നു പറയുന്നതു് ഒരാരോപണം ആണെന്നു ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടില്ലേ?

ശ്രീ. സി. കേശവൻ: അതു് ആരോപണമല്ല. ശരിയാണ്.

ശ്രീ. എം. ഐ. പോഠം: കുത്തകപ്പാട്ടത്തിനുകൊടുത്ത സ്ഥലങ്ങളിലെ ൩ ൦ ഇഞ്ചിനു താഴെ വണ്ണമുള്ള തടികൾ വെട്ടിയെടുത്തിട്ടുള്ളതായി ഗവമ്മെൻറിന് അറിയാമോ?

ശ്രീ. സി. കേശവൻ: അതല്ല ഞാൻ സംസാരിച്ച വിഷയം. കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമികളെ കൺസോളിഡേററ ചെയ്യു അവകാശമില്ലാ

[Sri. C. Kesavan]
ത്ത ആളുകളെ അതിൽനിന്നുമിറക്കി ന്യായമായ അവകാശികൾക്കു കൊടുത്ത് കൂടുതൽ ഭൂമികൂടി ഉൾപ്പെടുത്തി നിത്യദാരിദ്ര്യമനുഭവിക്കുന്ന ആളുകളെ കുറച്ചെങ്കിലും മലം പ്രദേശത്തുകൊണ്ടുപോയി താമസിപ്പിക്കുന്നതിന് സാദ്ധ്യമാകുന്നതിനാണു ഗവമ്മെൻറ് ഒരു കാര്യപരിപാടി ഉണ്ടാക്കിയിട്ടുള്ളത്. അതനുസരിച്ചാണു ഇനിമേൽ നടക്കാൻ പോകുന്നതു്. അതുസംബന്ധിച്ച് ഗവമ്മെൻറിൽനിന്നും വ്യവസ്ഥചെയ്യുന്ന ഒരു പ്രസ്നോട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിലേക്കു ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു, ൧൯൪൯ ഡിസംബർ ൧൯-ാം൹-ലാണ് അതു പ്രസിദ്ധം ചെയ്തിട്ടുള്ളതു്. ആ വ്യവസ്ഥകളിന്മേലാണു കുത്തകപ്പാട്ടത്തിനു ഭൂമി കൊടുക്കുന്നതിനു തീർച്ചയാക്കിയിരിക്കുന്നതു്.

ശ്രീ. ടി. വി. ദേവൻ: അങ്ങു പറഞ്ഞപ്രകാരം മാത്രമല്ല. കൈമാററം കൊടുക്കുന്ന പലതും ഒഴിഞ്ഞുകൊടുക്കുന്നില്ല. ആരെയെങ്കിലും പണക്കാരെ സ്വാധീനപ്പെടുത്തി അവർ കൃഷിക്കാരാണെന്നു പറഞ്ഞു കൃഷിചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കേശവൻ: അതുതന്നെയാണു ഞാനും പറഞ്ഞതു്. ആ വിധത്തിലുള്ള അധമന്മാർ അധഃപ്പതിക്കാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: പ്രസ്നോട്ടിലെ വ്യവസ്ഥയനുസരിച്ച മൂന്നുകൊല്ലം കഴിഞ്ഞതിൻെറ ശേഷം ഗവമ്മെൻറിനു യുക്തമെന്നുതോന്നുന്നപക്ഷം നീട്ടിക്കൊടുക്കാമെന്നു വ്യവസ്ഥയുണ്ടല്ലോ?

ശ്രീ. സി. കേശവൻ: അവസാനിപ്പിക്കാമെന്നും വ്യവസ്ഥയുണ്ട്.

ശ്രീ എ. കെ. പാച്ചുപിള്ള: അതുസംബന്ധിച്ച് ഇന്നത്തെ ഗവമ്മെൻറിൻെറ നയമെന്താണ്?

ശ്രീ. സി. കേശവൻ: അത് ഓരോ സ്ഥലത്തിൻെറയും സ്ഥിതിയനുസരിച്ചിരിക്കും. തക്കതായ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു ആ ഉദ്യോഗസ്ഥൻെറ നേതൃത്വത്തിൽ അതു നടത്തണമെന്നാണു വിചാരിക്കുന്നതു്. ഭൂമിവിതരണത്തെ സംബന്ധിച്ചിടത്തോളമുണ്ടായിട്ടുള്ള പരാജയങ്ങൾ കുറെയെങ്കിലും പരിഹരിച്ച് പാവപ്പെട്ട ആളുകൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രവത്തിക്കണമെന്നാണ് വിചാരിക്കുന്നതു്.

ശ്രീ. സി. സി. പ്രസാദ്: പിന്നോക്ക സമുദായക്കാക്കുകൊടുക്കുന്ന ഭൂമി കൈമാററം ചെയ്യാൻ പാടില്ലാത്തരീതിയിൽ കൊടുക്കാൻ പാടില്ലേ?

ശ്രീ. സി. കേശവൻ: കുത്തകപ്പാട്ടത്തിനു വാങ്ങിയിട്ടുള്ള ഭൂമി ആക്കും കൈമാററം ചെയ്യാൻ പാടില്ല. എത്രകൊല്ലത്തേക്കു കിട്ടുന്നോ അതിനുള്ള പണം വാങ്ങിക്കൊണ്ട് ഭൂമി കൊടുക്കുകയാണ് അവർ ചെയ്യുന്നതു്.

ശ്രീ. എം. ഐ. പോൾ: ഒരു ചോദ്യം.

ശ്രീ. സി. കേശവൻ: ഞാൻ യീൽഡ് ചെയ്യുന്നില്ല. ശ്രീ. കണ്ണൻെറയും പ്രസാദിൻേറയും അറിവിലേക്കാണു ഞാൻ അതു പറയുന്നതു്. റാന്നി റിസർവിൽനിന്നും ഒഴിച്ചിട്ടിട്ടുള്ള സ്ഥലം ൧൯ ൦-ൽ ശിഷ്ടം വീട്ടുകാക്കു കൊടുക്കാൻ തീരുമാനിച്ച് ഉത്തരവ് കൊടുത്തിട്ടുണ്ട്; അവിടെ ബാക്കിയുള്ള സ്ഥലം പട്ടാളത്തിൽനിന്നു പിരിച്ചുവിട്ട ജോലിയില്ലാതെ നിൽക്കുന്ന ആളുകൾക്ക് ഇൻഡ്യാഗവമ്മെൻറിൻെറ സഹായത്തോടുകൂടി ഒരു കാളനി ഉണ്ടാക്കുന്നതിനായി

വച്ചിട്ടുണ്ട്. എന്തെങ്കിലും തൊഴിലോ ജോലിയോ ഇല്ലാത്തവർക്ക് ഭൂമി കൊടുക്കുന്നതിന് ഗവൺമെൻറിന് ഉദ്ദേശമുണ്ടെന്നു ഇതിൽനിന്നും തെളിയുന്നുണ്ടല്ലോ.

ശ്രീ. എം. ഐ. പോൾ: മിസ്. അക്കമ്മ ചെറിയാൻ ചില........

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. കെ. കെ. കണ്ണൻ: റാന്നി റിസർവിൽനിന്നും ഇതിനകം എത്രപേർക്കു ഭൂമി കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ആർക്കും കൊടുത്തിട്ടില്ല. അനവധി പേർ കയ്യേറി ഇരിക്കുന്നതായി അറിയാം. അധഃകൃതരായാലും ഉയർന്നജാതിക്കാരായാലും കയ്യേറ്റം ചെയ്തിരിക്കുന്നതിനെ ഒരുപോലെ പരിഗണിക്കാനേ തരമുള്ളു. അനധികൃതമായി പ്രവേശിച്ചിട്ടുള്ള ആളുകളെ ഒഴിപ്പിച്ചു സാധുക്കൾക്ക് വിശേഷിച്ചും അധഃകൃതവർഗക്കാർക്ക് കഴിയുന്നത്ര കൂടുതൽ സ്ഥലം കൊടുക്കുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. കണ്ണൻ: അവിടെ മൂന്നുകൊല്ലമായി കൃഷികൾ ചെയ്തുവരുന്നവരുണ്ട്.

ശ്രീ. സി. കേശവൻ: മൂന്നുകൊല്ലമല്ല എത്രകൊല്ലം കൃഷിചെയ്തുവരായാലും അനധികൃതമായി പ്രവേശിച്ചിട്ടുള്ളവരെ ഇറക്കുന്നതു് ഗവൺമെൻറിൻെറ നയമാണ്.

ശ്രീ. എം. ഐ. പോൾ: അനധികൃതമായി പ്രവേശിച്ചിട്ടുള്ള സാധുക്കളെ—

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: സഭയിലെ സാമാന്യ മര്യാദയനുസരിച്ച് ചോദ്യം ചോദിക്കാനുണ്ടെന്നു ആദ്യമായി പറഞ്ഞതിനുശേഷമേ ചോദ്യം ചോദിക്കാൻ പാടുള്ളു.

ശ്രീ. സി. കേശവൻ: ഈ പുതിയ ലാൻഡ് അസ്സൈൻമെൻറ് റൂളുകൾ പ്രകാരം ൯൫൯൨ ഏക്കർ സ്ഥലം കൊടുത്തിട്ടുണ്ട്. ൩൦൦൦ ഏക്കറോളം സ്ഥലം അതിൽ പിന്നീട് ആദ്യം കൊടുത്തതുകൂടാതെ കൊടുത്തിട്ടുണ്ട്. ഇങ്ങനെ ൧൨൫൯൨ ഏക്കർ സ്ഥലം പിന്നോക്കസമുദായക്കാർക്കും ഷെഡ്യൂൾഡ് കാസ്റ്റിനും വീതിച്ചു കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഭൂമി പതിവുകാര്യത്തിൽ ഗവൺമെൻറ് ഒരു നിശ്ചിത പരിപാടി അനുസരിച്ചാണ് നടത്തുന്നതെന്നും അതു് കഴിയുന്നത്ര പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുകയാണെന്നും ബഹുമാനപ്പെട്ട സഭയെ ഞാൻ അറിയിച്ചുകൊള്ളുന്നു.

Sri. M. I. Paul: As a protest against the partiality shown by the Chief Minister I make a walk out Sir.

(Sri. M. I. Paul walked out of the Hall.)

ശ്രീ. സി. കേശവൻ: ഈ ഫാറസ്റ്റിൻെറ ഭരണപരമായ കാര്യങ്ങളിൽ ഈ ഒരു ഡിപ്പാർട്ടുമെണ്ടിനെ രണ്ടു് ഡിവിഷനുകളാക്കിയിരിക്കുകയാണ്. അതായതു് തിരുവിതാംകൂർ-കൊച്ചിയെ തിരുവനന്തപുരം സെൻറർ ആക്കിക്കൊണ്ടു് ഒരു ഡിവിഷനും വടക്കൻ താലൂക്കുകളിൽ കൊച്ചിൻ ഏരിയായും ഉൾപ്പെടുത്തി ഒരു ഡിവിഷനും ആണ്. ഈ ഡിവിഷനുകൾ രണ്ടു് കൺസർവേറററന്മാരുടെ കീഴിലാക്കി ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിൽ ഒരു പുനരുദ്ധാരണ പരിപാടി അനു

[Sri. C. Kesavan]

സരിച്ച് പ്രവർത്തനം നടത്തുവാൻ വേണ്ട വ്യവസ്ഥകളും ചെയ്തിട്ടുണ്ട്. ഇപ്പോൾ കൊല്ലത്തുള്ള കൺസർവേറ്റർ ഓഫ് ഫാറസ്റ്റിനു വടക്കുള്ള ഭാഗത്തേയ്ക്കും ചീഫ് കൺസർവേറ്റർ മറ്റൊരു ഭാഗത്തേയ്ക്കുമായിട്ടാണ് നിശ്ചയിച്ചിരിക്കുന്നതു്. യഥാകാലം രണ്ടുദ്യോഗസ്ഥന്മാരുടെ കീഴിലും രണ്ടിന്റേയും സൂപ്പർവിഷനു് ഒരു ഭരണമേധാവിയായി ചീഫ് കൺസർവേറ്ററുടെ കീഴിലും ആക്കി ഭരണം നടത്തണമെന്നുമാണ് തീരുമാനിച്ചിരിക്കുന്നതു്.

Sri. K. Velayudhan Nair: You have provided for only one Conservator of Forests. രണ്ടുദ്യോഗസ്ഥന്മാരുണ്ടെന്നു പറഞ്ഞു. എന്നാൽ ബഡ്ജറ്റിൽ ഒരാൾക്കുള്ള തുകയല്ലേ കൊള്ളിച്ചിട്ടുള്ളു.

ശ്രീ. സി. കേശവൻ: രണ്ടുദ്യോഗസ്ഥന്മാരെത്തന്നെ നിയമിക്കുന്നതാണ്. അതിനുള്ള പണം തികയാതെവരുന്ന പക്ഷം അഭ്യർത്ഥനയുമായി ഈ സഭയുടെ മുമ്പിൽ വരികയും ചെയ്യും.

ശ്രീ. എ. താണുപിള്ള: ഒരു കൺസർവേറ്റർക്ക് ഒരു ഡിവിഷന്റെ ചാർജ്ജ് മാത്രമേയുള്ളോ അതോ രണ്ടു ഡിവിഷനുംകൂടി ഒരാഫീസറേ ഉള്ളോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ ഒരു കൺസർവേറ്റർക്ക് ഒരു ഡിവിഷന്റെ ചാർജ്ജ്മാത്രവും ചീഫ് കൺസർവേറ്റർക്ക് മറ്റൊരു ഡിവിഷന്റെ ചാർജ്ജുമാണ് കൊടുത്തിരിക്കുന്നതു് അങ്ങിനെയാണ് ഇപ്പോൾ ബഡ്ജറ്റിൽ പണം കൊള്ളിച്ചിരിക്കുന്നതു്.

ഇനി ഒരു വലിയ പരാതി ഉള്ളതു്—മി. ഈശ്വരമേനോൻ കൂടി—പറഞ്ഞിട്ടുള്ളതു് ഈ വിറകിന്റെ കാര്യത്തിലാണ്. തിരുവിതാംകൂറിലാണെങ്കിൽ ഗവൺമെന്റിന്റെ ചുമതലയിൽ ഒരു സ്പെസിഫൈഡ് നിരക്കിനു് പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും വിറക് വില്ക്കുന്ന പതിവില്ല. ഇവിടെ സ്ഥലങ്ങൾ ക്ലിപ്തായിട്ട് വിറക് വെട്ടിയെടുക്കുന്നതിനുള്ള സ്ഥലങ്ങൾ വീതിച്ചു കൊടുക്കുകയാണ്. അവിടെനിന്നു വെട്ടിയെടുക്കുന്ന വിറക് അവർ മത്സരിച്ചുള്ള വിലയ്ക്കു് വില്പന നടത്തുകയുമാണ്. എന്നാൽ കൊച്ചിയിൽ അങ്ങിനെയല്ലായിരുന്നു. ഈ സംയോജനത്തിനു ശേഷം തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള റൂളുകൾ ഒന്നാക്കിയിട്ട് കൊച്ചിയിലെ പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും വിറക് കൺട്രാക്ട് കൊടുത്തു് വെട്ടിച്ച് കൺട്രാക്ടറന്മാരുടെ ചുമതലയിൽ മത്സരിച്ച് വില്പന നടത്തുന്നതിനുള്ള സൌകര്യമാണ് ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്നതു്. അന്നു് ൨ ൦ രൂപായ്ക്കു് കിട്ടിക്കൊണ്ടിരുന്ന വിറകിനു് ഇന്നു് ൨ ൪ രൂപാ കൊടുക്കേണ്ടിവരുമെന്നു തോന്നുന്നു. എന്നാലും വിറക് കിട്ടാതെ വരുമെന്നു് തോന്നുന്നില്ല.

ചിററൂരിനെ സംബന്ധിച്ചാണെങ്കിൽ ഒരു കാര്യംകൂടി ഞാൻ ഓർമ്മപ്പെടുത്താം. അവിടെ കുട്ടിവനങ്ങളായിരുന്നു ധാരാളമായി ഉണ്ടായിരുന്നതു്. അവയെല്ലാം ധാരാളമായി വെട്ടി നശിപ്പിക്കപ്പെട്ടു. ഒരു ൪ ൦ കൊല്ലത്തിനു മുമ്പ് ആ താലൂക്കിനെ സംബന്ധിച്ചിടത്തോളം വിറകിനുള്ള മരങ്ങൾ ധാരാളം ഉണ്ടായിരുന്നു. എന്നാൽ ഈ ഫാറസ്ററുകൾ ഒരു നീതിയുമില്ലാതെ കണ്ടമാനം വെട്ടി ഒഴിച്ചതിന്റെ ഫലമായി ചിററൂർ താലൂക്കിൽ വിറകിനു് ക്ഷാമം നേരിട്ടു. അതുമാത്രമല്ല വിറകിനുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള സ്ഥലങ്ങളും കുറവായി. വിറകും മററാവശ്യസാധനങ്ങളുടെ കൂട്ടത്തിലൊന്നാണ്. ഇന്നു് അവിടെയുള്ള സ്ഥലങ്ങൾ മിക്കവാറും ആളുകൾ താമസിക്കുന്നതിനും കൃഷിക്കുമായി ഉപയോഗിച്ചുവരുന്നതുകൊണ്ടു് അവിടെ വിറകിനു് ക്ഷാമം നേരിട്ടു. അതിൽനിന്നും നമുക്കൊരു വലിയ പാഠം മനസ്സിലാക്കാവുന്നതാണ്. തൂമ്പും മററും

വിറകിനു് ക്ഷാമമുള്ളതുകൊണ്ടു് ഇപ്പോഴത്തെ വ്യവസ്ഥയിൽ കൺട്രാക്ടു് കൊടുത്തു് വിറകുവെട്ടിച്ചു് അവരുടെ ചുമതലയിൽ മത്സരിച്ചു വില്പന നടത്തുന്ന പക്ഷം ഒരു ലഘുവായ വിലയ്ക്കു് വിറകു് ലഭിക്കുന്നതിനുള്ള സൌകര്യമുണ്ടാകും.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்த அஸெம்பளிக்குள்ளே, கொச்சி–திருவிதாங்கூர் என்ற குழப்பம் நடந்துகொண்டிருக்கிறது. அப்படியிருந்தும் திருவிதாங்கூரிலிருந்து விறகைவெட்டி கொச்சிக்கு கொடுப்பானேன்?

ശ്രീ. സി. കേശവൻ: അതു് കൊച്ചിയിലും കൊണ്ടുപോയി കൊടുക്കാം. അതിനു് വ്യത്യാസമില്ല. കൊച്ചിയിൽ വേറൊരു സിസ്റ്റം നടപ്പിലിരുന്നു. ഇപ്പോൾ രണ്ടിടത്തും ഒരേ സിസ്റ്റം ആക്കിയതുകൊണ്ടാണു് വിറകിനു് ചില വിഷമങ്ങൾ എറണാകുളം, തൃശ്ശൂർ മുതലായ സ്ഥലങ്ങളിൽ ഉണ്ടാകുന്നതു്.

ശ്രീ. എ. കെ. ജോർജ്ജ്: അതെന്താണു് ആ ഏകീകരിച്ച വ്യവസ്ഥകൾ?

ശ്രീ. സി. കേശവൻ: മുമ്പു് സർക്കാരിൽനിന്നും തടികൾ വെട്ടിച്ചു് സർക്കാർ ലോറികളിൽ കയററി അവിടെ നിന്നും സർക്കാരിൻെറ ചുമതലയിൽ എറണാകുളം തൃശ്ശൂർ മുതലായ സ്ഥലങ്ങളിൽ കൊണ്ടുപോയി വിററുവന്നിരുന്നു. ഇതിനെല്ലാം ഗവമ്മെൻറുദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു. ഇതു് കൂടാതെയും വലിയ നഷ്ടങ്ങൾ സഹിച്ചുകൊണ്ടിരുന്നു. ഇപ്പോഴാണെങ്കിൽ കൺട്രാക്ടു് കൊടുത്തു് സ്ഥലത്തുനിന്നും കൺട്രാക്ടറന്മാർ ക്ലിയർ ചെയ്തു് തടി തരം തിരിച്ചു് വിറകിനുള്ള തടികൾ വിറകാക്കി അവരുടെ ചുമതലയിൽ വില്പന നടത്തി വരുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങിനെ ഒന്നോ രണ്ടോ കൺട്രാക്ടറന്മാർ മാത്രമെ കൊടുത്തിട്ടുള്ളു എന്നറിയാമോ?

ശ്രീ. സി. കേശവൻ: കൂടുതൽ കൺട്രാക്ടറന്മാക്കു് കൊടുക്കാം.

ശ്രീ. എ. താണുപിള്ള: ഇതിൽ സൌകര്യമെന്തു് തോന്നുന്നതേതാണു്?

ശ്രീ. സി. കേശവൻ: അതു് ഇപ്പോഴത്തെ സിസ്റ്റം തന്നെയാണു്. കണക്കുകൾകൊണ്ടും അതു് കാണാൻ കഴിയും.

Sri. P. Balakrishnan Tampi: Will you be able to enlighten the House regarding that Chinese tree?

ശ്രീ. സി. കേശവൻ: മി. പി. എസ്സു്. നടരാജപിള്ള ഉന്നയിച്ച ഒരു സംഗതി കൂടി പറയണമെന്നു വിചാരിക്കുന്നു. ഈ സ്ഥലത്തെന്നല്ല ഇന്ത്യ മുഴുവൻ ന്യൂസ് പ്രിൻറിനും മററുതരം കടലാസുകൾക്കും വളരെ വിഷമമായിരിക്കുന്നു. എന്നാൽ ഇവിടെ ന്യൂസ് പ്രിൻറു് ധാരാളമായി ലഭിക്കുന്നതിനു് സൌകര്യമാകത്തക്കവണ്ണം അതിൻെറ പ്രാഥമിക പ്രവത്തനങ്ങൾ കഴിഞ്ഞിരിക്കുന്നു. ഈ കൺസർവേററുടെ പരിശ്രമത്തിൻെറ ഫലമായി 'പേപ്പർമൾബറി' എന്നൊരു ചെടി സമൃദ്ധിയായി ഈ വനങ്ങളിൽ ഉണ്ടാകത്തക്കവണ്ണം പരീക്ഷണങ്ങൾ നടത്തിവരുന്നു. നമ്മുടെ വനങ്ങൾ അതിനു് വളരെ പററിയതാണു്. അതിൻെറ തടി വെട്ടിയെടുത്താൽ പേപ്പർ പൾപ്പുണ്ടാക്കുന്നതിനു് സൌകര്യമുണ്ടു്. അതിൻെറ പൾപ്പു് പരിശോധിച്ചു, തടി പരിശോധിച്ചു, മാത്രമല്ല, ഇവിടത്തെ പേപ്പർ മില്ലു് പരിശോധന നടത്തി, അതിൽനിന്നും ഉണ്ടാക്കിയ കടലാസും ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. അതിനുശേഷം ഡെറാഡൂണിൽ വലിയ എക്സ്പെർട്ടിനെ വച്ചു് പരിശോധന നടത്തിയതിൽ അതു് വളരെ ഫലപ്രദമാണെന്നു് സട്ടിഫൈ ചെയ്തിട്ടും ഉണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതുവരെ എത്ര ഏക്കർ സ്ഥലത്തു ഈ ചെടി നട്ടുവളർത്തിയിട്ടുണ്ടു്?

ശ്രീ. സി. കേശവൻ: മുക്കാൽ ഏക്കർ സ്ഥലത്തു് നട്ടു് പരീക്ഷണം നടത്തുന്നുണ്ടു്. ഇപ്പോൾ ൨൦൦ മരങ്ങൾ ഉണ്ടു്.

Sri. P. S. Nataraja Pillai: May I know whether that pulp is utilisable for rayon?

Sri. C. Kesavan: That is under investigation.

ശ്രീ. സി. കേശവൻ: റയൺസിനും കൊള്ളാമെന്നാണു് പറയുന്നതു്. തീപ്പെട്ടിക്കൊള്ളിക്കും, തീപ്പെട്ടിക്കൂടിനും വളരെ കൊള്ളാം. അവ എന്റെ കൈവശമുണ്ടു. ഏതായാലും ഈ തടി ഇവിടെ ഉപയോഗത്തിനു് കൊള്ളാം.

Sri. P. Balakrishnan Tampi: Is it a native of India?

Sri. C. Kesavan: It has been got down from somewhere else.

ശ്രീ. വേലായുധൻനായർ: ഇപ്പോൾ എവിടെയാണു് ഈ ചെടികൾ കൃഷി ചെയ്തിരിക്കുന്നതു്?

ശ്രീ. സി. കേശവൻ: കോന്നിയിലാണു്.

Sri. A. K. Patchu Pillai: How much time is required to attain maturity?

ശ്രീ. സി. കേശവൻ: മൂന്നു കൊല്ലം കഴിഞ്ഞാൽ തടിക്കു് ഒൻപതോ പത്തോ ഇഞ്ചു് ഗർത്തുവരും. ഇതിന്റെ വേരും തടിയും ധാരാളമായി വളർന്നുകൊണ്ടിരിക്കും. എളുപ്പത്തിൽ ഒരു തിക്കു് ഫാറസ്റ്റായിത്തീരുകയും ചെയ്യും. അതിലേക്കു് സൌകര്യമായ സ്ഥലത്തു് പൾപ്പു് എടുക്കുന്നതിലേയ്ക്കു് ഒരു സ്ഥാപനം ഉണ്ടാക്കാനും കഴിയും. അതിന്റെ പൾപ്പുകൊണ്ടു് പേപ്പർ ഉണ്ടാക്കി നോക്കി.

ശ്രീ. ഏ. താണുപിള്ള: അതു് എവിടെനിന്നു കൊണ്ടുവന്നിട്ടുള്ള ചെടിയാണു്?

ശ്രീ. സി. കേശവൻ: അതു് ചൈനയിൽ നിന്നും വന്നിട്ടുള്ളതാണു്. അതിന്റെ ജന്മദേശം ചൈനയാണു്. ഇതു് ഡെറാഡൂണിൽ പരിശോധിച്ചു നോക്കിയിട്ടുള്ള ചെടിയാണു്.

ശ്രീ. എം. ഐ. പോൾ: സർ, ഒരു ചോദ്യം—

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്ററുടെ നയത്തിൽ പ്രതിഷേധിച്ചു് പുറത്തിറങ്ങിപ്പോയിരിക്കുന്ന സമിതിക്കു് മെമ്പറെ ഇന്നു ചോദ്യം ചോദിക്കാൻ അനുവദിക്കുന്നതല്ല.

The cut motions moved by Sri. P. K. Krishnan Sastri, Sri. P. S. Nataraja Pillai and Sri. Kannara Gopala Panicker were put and lost.

The question that Government be granted a sum of Rs. 68,09,700 under Demand No. V—Forests was put and carried.

The grant was made.

The House adjourned at 5 p. m. to meet again at 11 a. m. on Friday, the 30th March 1951.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly